Reg. No. C. 101, M: 2293

ഒററപ്രതിക്കു രണ്ടണ

# സത്യദീപം

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല"

| പുസ്തകം 23 | ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു് — എറണാകുളം 1125 ചിങ്ങം 15 | ലക്കം 3 |
|---|---|---|

# വിഗ്രഹാരാധനയോ?

## "സത്യപ്രകാശിനി" കർത്താവിന്റെ വിതണ്ഡാവാദങ്ങൾക്കു മറുപടി

(എ. കെ. മാത്തുണ്ണി, ചെങ്ങന്നൂർ)


ഏതുകാരണത്താൽ മാലാഖമാർ സ്വർഗ്ഗത്തിൽനിന്നും നിഷ്കാസിതരായോ അതേകാരണത്താൽതന്നെ കത്തോലിക്കാസഭയിൽനിന്നും ബഹിഷ്കൃതനായി നവീകരണസമുദായത്തിൽ അംഗത്വം സ്വീകരിച്ചിരിക്കുന്ന കളപ്പുരമ്പിൽ മിസ്റ്റർ കുഞ്ചെറിയ കൈനകരിയിലെ ഒരു ധനവാനായിരുന്നു. ഇദ്ദേഹം കത്തോലിക്കാസഭയിൽനിന്നും യാത്ര പറഞ്ഞിട്ടു ഏകദേശം പതിനഞ്ചുവർഷത്തിൽ കുറവായിരിക്കയില്ല. ഇപ്പോൾ തന്റെ അന്ത്യകാലപ്രബന്ധങ്ങളായി കത്തോലിക്കാസഭയുടെ "അന്ധവിശ്വാസങ്ങളെ" സംബന്ധിച്ചും മററും "സത്യപ്രകാശിനി" എന്നപേരിൽ "വിഗ്രഹാരാധന" എന്ന ഒന്നാം ലഘുപുസ്തകം പ്രകാശിപ്പിച്ചിരിക്കുന്നു. അതിന്റെ മുഖവുരയിൽ "സമുദായം മാറുമ്പോൾ ഓരോരുത്തരെ സംബന്ധിച്ചും ഓരോ അപവാദങ്ങൾ പറകപതിവുണ്ടെങ്കിലും തന്നെ സംബന്ധിച്ചിടത്തോളം അപ്രകാരം കേട്ടിട്ടില്ല" എന്നു പുകഴ്ചയായി പ്രസ്താവിച്ചുകാണുന്നു. മി. കുഞ്ചെറിയ കൈനകരിപള്ളിയിലെ "ബിഷപ്പ്" ആകാൻ ശ്രമിച്ചതിൽ സാധിക്കാതെ അവിടെനിന്നും പിരിഞ്ഞുപോകാൻ നിർബന്ധിക്കപ്പെട്ടതാണെന്നുള്ള പരമാർത്ഥം ആർക്കാണു് അറിഞ്ഞുകൂടാത്തതു്? "സത്യപ്രകാശിനി"യിൽ ആ സത്യം കൂടി പ്രകാശിപ്പിക്കേണ്ടതായിരുന്നു.

കത്തോലിക്കാപള്ളികളെല്ലാം വിഗ്രഹങ്ങളാൽ നിറയപ്പെട്ടിരിക്കുന്നു എന്നും കത്തോലിക്കർ ബിംബങ്ങളെ ആരാധിക്കയും മററും ചെയ്യുന്നു എന്നും, ഇപ്രകാരം ചെയ്യുന്നതിലേക്കായി വേദപുസ്തകത്തിൽനിന്നും 2-ാമത്തെ കല്പന കത്തോലിക്കർ മാററി 10-ാമത്തെ കല്പന വിഭജിച്ചു് കല്പനകളുടെ എണ്ണം പൂർത്തിയാക്കിയിരിക്കയാണെന്നും മററുമാണു് ലഘുപുസ്തകത്തിലെ ഉള്ളടക്കം. ഇതെല്ലാം അഞ്ഞൂറുകൊല്ലത്തെ പഴക്കമുള്ള പഴഞ്ചരക്കുകളാണെന്നു് അറിഞ്ഞുകൂടാത്തവർ ഇരുപതാംനൂററാണ്ടിൽ ചുരുക്കമായിരിക്കും. 16-ാം നൂററാണ്ടിൽ പാശ്ചാത്യവിദ്വാന്മാരായ ലൂഥർപ്രഭൃതികൾ പാടി തോററു തൊപ്പിയിട്ട ഈ പഴഞ്ചരക്കു് ഈ കാലത്തെ അഭ്യസ്തവിദ്യരുടെ ഇടയിൽ വ്യാപാരം ചെയ്തു ലാഭം എടുക്കാമെന്നു് വ്യാമോഹിക്കുന്നതു് അസ്ഥാനത്താണു്. കത്തോലിക്കാ മാതാപിതാക്കന്മാരിൽനിന്നും ഉത്ഭവിച്ചു എങ്കിലും മതോപദേശം സിദ്ധിക്കുന്നതിനായി ബാല്യത്തിൽ വേണ്ടതുപോലെ ചെയ്യാതെ പറമ്പിൽ കളിച്ചുനടന്നതിന്റെ ഫലമാണു് ഈ അബദ്ധപ്രസ്താവനകൾക്കു് കാരണമായതെന്നു് ഗ്രന്ഥകർത്താവിനെ പരിചയമുള്ളവർ പറയുന്നതു് പക്ഷെ ശരിയായിരിക്കാം. ഈ പഴഞ്ചൻവാദങ്ങൾ ഒരു മറുപടി അർഹിക്കുന്നില്ലെങ്കിലും നവീകരണക്കാർ ഇതു വായിച്ചു പരിഭ്രമിക്കാതിരിക്കാനും സത്യാന്വേഷികളുടെ ഉപകാരത്തിനായും ഒരു മറുപടി എഴുതാൻ നിർബന്ധിതനായിത്തീർന്നിട്ടുള്ളതാണു്.

കത്തോലിക്കാപള്ളികളിൽ പ്രതിമകൾ ധാരാളമായി കാണാമെന്നുള്ളതു് വാസ്തവംതന്നെ. പക്ഷെ അകത്തോലിക്കാപള്ളികളിലും പ്രതിമകൾ ചുരുക്കമായിട്ടുണ്ടെന്നുള്ളതു് സത്യവും ആകുന്നു. കുസ്തന്തീനോസിലെ ഐസോറിയാക്കാരനായ ലിയോ രാജാവു് 8-ാം ശതാബ്ദത്തിൽ പ്രതിമകൾ നശിപ്പിച്ചതായി ചരിത്രത്തിൽ കാണുന്നതിനാൽ 8-ാം ശതാബ്ദംവരെ ക്രിസ്ത്യാനികൾ പ്രതിമകൾ ഉണ്ടാക്കി വണങ്ങിയിരുന്നു എന്നു് ന്യായം വിശ്വസിക്കാം. മൂന്നാം ശതാബ്ദംവരെയുള്ള മതപീഡനകാലങ്ങളിൽ ക്രിസ്ത്യാനികൾ ഭൂമിക്കടിയിൽ താമസിച്ചിരുന്നപ്പോൾ അവർ ആരാധനസ്ഥാനമായി ഉപയോഗപ്പെടുത്തിയിരുന്ന സ്ഥലങ്ങളുടെ ചുവരുകളും മററും ചിത്രങ്ങൾ വരച്ചു അലങ്കരിച്ചിരുന്നതായും ചരിത്രം സാക്ഷിക്കുന്നു. ആദ്യശതകങ്ങളിലെ ക്രിസ്ത്യാനികൾ പ്രതിമകളും ചിത്രങ്ങളും ഉപയോഗിച്ചിരുന്നു എന്നാണു് ഇതിൽനിന്നും നമുക്കു മനസ്സിലാക്കാവുന്നതു്. നവീകരണം മലങ്കരയിൽ പ്രബലപ്പെടുന്നതുവരെ, ധനസ്ഥിതിയുണ്ടായിരുന്ന യാക്കോബായപള്ളികളിൽ പ്രതിമകളും രൂപങ്ങളും ഉണ്ടാക്കി ഉപയോഗിച്ചിരുന്നു. കുഞ്ചെറിയച്ചന്റെ ഇപ്പോഴത്തെ സമുദായത്തിലുള്ള പള്ളികളിലും സി. എം. എസ്. കാരുടെ പള്ളികളിലും പ്രതിമകളും രൂപങ്ങളും ഉണ്ടാക്കി ഉപയോഗിക്കുന്നതു കുഞ്ചെറിയച്ചൻ കാണാതിരിക്കയില്ലെന്നാണു ലേഖകന്റെ വിശ്വാസം. ഉദാഹരണമായി, നിരണം, പുത്തൻകാവു്, ഈ സ്ഥലങ്ങളിലെ യാക്കോബായ പള്ളികളിൽ പരിശുദ്ധമാതാവിന്റെയും ഉണ്ണിമിശിഹായുടെയും രൂപങ്ങൾ സ്വർണ്ണത്തിൽ ഉണ്ടാക്കി ഭണ്ഡാരത്തിൽ സൂക്ഷിച്ചിട്ടുണ്ടു്. ഏകദേശം ഇരുപതു വർഷങ്ങൾ മുമ്പുവരെ പതിനഞ്ചുനോമ്പു് അവസാനിക്കുന്ന ദിവസം പ്രസ്തുതരൂപം എടുത്തു പ്രദക്ഷിണത്തിൽ ഉപയോഗിക്ക പതിവായിരുന്നു. കൂടാതെ പുത്തൻകാവുപള്ളി പണിയിപ്പിച്ച ആറാം മാർത്തോമ്മായുടെ ഒരു പ്രതിമ തടികൊണ്ടു കൊത്തിയിട്ടുള്ളതും പലകയിൽ ചായത്താൽ വരച്ചിട്ടുള്ളതും എണ്ണച്ചായത്തിൽ എഴുതിയിട്ടുള്ളതും പുത്തൻകാവുപള്ളിയുടെ ജംഗമസ്വത്തുക്കളായിട്ടുണ്ടു്. കൂടാതെ പുത്തൻകാവു, കോതമംഗലം മുതലായപള്ളികളുടെ മദ്ബഹായിൽ അകത്തെ ഭിത്തിയിൽ പുതിയ നിയമത്തിലെ കഥകളെ അനുസരിച്ചു് ഓരോ ചിത്രങ്ങൾ ചിത്രീകരിച്ചിട്ടുണ്ടു്. പുറംഭിത്തികളിൽ മനുഷ്യർ, മാലാഖമാർ, കടുവാ, സിംഹം മുതലായി അനേകം പ്രതിമകൾ യാക്കോബായ പള്ളികളിൽ കാണ്മാൻ കഴിയും. തിരുവനന്തപുരം സി. എം. എസ്. പള്ളിയിൽ ഒരു കഴുകന്റെ പ്രതിമ തടികൊണ്ടു കൊത്തി വേദപുസ്തകപീഠത്തിന്മേൽ സ്ഥാപിച്ചിട്ടുണ്ടു്. കൂടാതെ അതിന്റെ കിഴക്കുഭിത്തിയിലുള്ള കണ്ണാടിജനലിൽ വി. പത്രോസിന്റെയും പൗലോസിന്റെയും രൂപങ്ങൾ ചിത്രിച്ചിട്ടുണ്ടു്. ഇനിയും കുഞ്ചെറിയച്ചന്റെ സമുദായത്തിൽപെട്ട, കോട്ടയം, എം. ടി. സെമ്മിനാരിയിലുള്ള പള്ളിയുടെ മുകളിൽ രണ്ടു മാലാഖമാരുടെ രൂപം ഉണ്ടാക്കിവച്ചിരിക്കുന്നതു വഴിയാത്രക്കാർക്കു നല്ലപോലെ കാണാവുന്ന വിധത്തിലാണു്.

അതിനുംപുറമെ കുഞ്ചെറിയച്ചനെ സ്വസമുദായത്തിലേക്കു സ്വീകരിച്ചു മെത്രാന്മാർ സർപ്പത്തിന്റെ തലയോടുകൂടിയ ലോഹവടിയും സ്വർണ്ണംകൊണ്ടുള്ള കുരിശും ഉപയോഗിക്കുന്നതു് പ്രതിമകൾ അല്ലെന്നു് കുഞ്ചെറിയച്ചൻ പറയുമോ എന്തോ? കുഞ്ചെറിയച്ചന്റെ സമുദായത്തിൽപെട്ട കശീശന്മാർ കുർബാന ചൊല്ലുമ്പോൾ ധരിക്കുന്ന കാപ്പയുടെ പുറത്തു് തയിച്ചുപിടിപ്പിച്ചിരിക്കുന്ന കുരിശു് ഒരു പ്രതിമതന്നെയല്ലേ? പള്ളികളിലെല്ലാം പ്രധാനസ്ഥാനത്തു വച്ചിരിക്കുന്ന കുരിശു് നമ്മുടെ കർത്താവു കഷ്ടപ്പെട്ടുമരിച്ച കുരിശിന്റെ പ്രതിമതന്നെയാണല്ലോ. ഈ സ്ഥിതിക്കു് കത്തോലിക്കർ മാത്രമല്ല, ക്രിസ്ത്യാനികൾ എല്ലാം രണ്ടാമത്തെ കല്പന ലംഘിക്കുന്നവരാണെന്നു സമ്മതിക്കേണ്ടിവരുന്നു. മേൽ

(ശേഷം 12-ാം പേജിൽ)



ലണ്ടനിലെ ചരിത്രപ്രസിദ്ധമായ സെൻറ് പോൾസ് കത്തീഡ്റൽ. ഇതു 13-ാം നൂററാണ്ടിൽ കത്തോലിക്കരാൽ പണി ചെയ്യപ്പെട്ടതാണു്. പക്ഷെ പൂർവ്വദേവാലയം 1666-ൽ അഗ്നിബാധയ്ക്കിരയായി. 1675-ൽ അതു സമുദ്ധരിക്കപ്പെട്ടു. ഇപ്പോളിതു പ്രോട്ടസ്റ്റൻറുകാരുടെ കൈവശമാണു്.

വിമർശനവീഥി

# ഹാൽഡെയിൻ്റെ മതം

ഈ തലക്കെട്ടിൽ നിരീശ്വരപ്രസിദ്ധീകരണമായ "യുക്തിവാദി" ഒരു കുറിപ്പെഴുതിയിട്ടുണ്ട്. അതു തുടങ്ങുന്നതിങ്ങനെയാണ്:— "ഹാൽഡെയിൻ (Prof. J. B. S. Haldane F. R. S.) എന്ന ബ്രിട്ടീഷ് ശാസ്ത്രജ്ഞൻ ഇന്നു ലോകത്തിലുള്ള അഗ്രഗണ്യശാസ്ത്രകാരന്മാരിൽ ഒരാളാണ്. അദ്ദേഹം തൻ്റെ മതവിശ്വാസമെന്തെന്നു വിവരിച്ച പ്രാധാന്യമേറിയ ഒരു ലേഖനം ഇപ്പോൾ ഒരു ബ്രിട്ടീഷ് പത്രഗ്രന്ഥത്തിൽ (D. & G. N.) എഴുതിയിരിക്കുന്നു. ആ ലേഖനം "ഹിന്ദു" ദിനപ്പത്രത്തിൻ്റെ 1949 ജാനുവരി 10-ാംനു- ലക്കത്തിൽ ഉണ്ട്. പ്രസ്തുതലേഖനത്തിലെ ഏതാനും ഭാഗങ്ങളാണ് താഴെ ഉദ്ധരിക്കുന്നതു്:" യുക്തിവാദി ഉദ്ധരിക്കുന്ന പ്രൊഫസർ ഹാൽഡെയിൻ്റെ പ്രസ്താവങ്ങളിൽ ചിലതു നമുക്കു പരിശോധിക്കാം.

"സകല സംഭവങ്ങൾക്കും കാര്യകാരണബന്ധമുണ്ടെന്നു ഞാൻ വിശ്വസിക്കുന്നു.........വളരെ വളരെ പുരാതനസംഭവങ്ങളെപ്പററി സാമാന്യബുദ്ധിയുടെ മേല്പറഞ്ഞ യുക്തിവാദം പലരും പ്രയോഗിക്കുന്നേയില്ല. പ്രപഞ്ചം ഒരു ആദികാരണദൈവത്തിൻ്റെ സൃഷ്ടിയാണെന്നും, ആ ദൈവം മററു യാതൊരുകാരണവും കൂടാതെ ഉണ്ടായ സ്വയംഭൂവാണെന്നും അവർ കണ്ണടച്ചു വിശ്വസിച്ചുകളയുന്നു. കാര്യകാരണബന്ധമില്ലാതെയും കാര്യകാരണച്ചങ്ങലയെ ഭേദിച്ചും ആദികാരണം ഇന്നും ചിലപ്പോൾ പ്രവർത്തിക്കുന്നുണ്ടെന്നാണ് ആ കൂട്ടർ വിശ്വസിക്കുന്നതു്. സ്വയംഭൂവായ ആദികാരണമുണ്ടെന്നും ആ ആദികാരണം കാര്യകാരണബന്ധമില്ലാത്ത പ്രവൃത്തികൾ നടത്തുമെന്നും ഉള്ള വിശ്വാസങ്ങൾ എനിക്കില്ല. നാം വസിക്കുന്ന ഭൂമിയുൾപ്പെടെ പ്രപഞ്ചത്തിനുള്ളിലുള്ള സകലതിനും ഒരാരംഭമുണ്ടായിരുന്നു എന്നെനിക്കറിയാം. എന്നാൽ എല്ലാം ഉൾക്കൊണ്ട പ്രപഞ്ചം അനാദിയാണെന്നല്ലാതെ അതിനൊരാരംഭം ഉണ്ടായിരുന്നുവെന്നനുമാനിക്കാൻ യാതൊരു ന്യായവും ആരും ഇതേവരെ കണ്ടുപിടിച്ചിട്ടുമില്ല."

### പ്രപഞ്ചവും ആദികാരണവും

പ്രപഞ്ചത്തിനുള്ളിലുള്ള സകലതിനും ആരംഭമുണ്ടായിരുന്നുവെന്നു സമ്മതിക്കുകയും, അതേസമയംതന്നെ എല്ലാം ഉൾക്കൊണ്ട പ്രപഞ്ചത്തിനു് ആരംഭമുണ്ടായിരുന്നില്ലെന്നു വാദിക്കുകയും ചെയ്യുന്നതു് പൂർവ്വാപരവിരുദ്ധമല്ലയോ? പ്രപഞ്ചം എന്നാലെന്താണ്? പ്രാപഞ്ചികങ്ങളായ സകല വസ്തുക്കളുടേയും സഞ്ചയമല്ലയോ പ്രപഞ്ചം? ആ സഞ്ചയത്തേയും പ്രപഞ്ചത്തേയും, ഒരു പെട്ടിയിൽ ഉൾക്കൊണ്ടിരിക്കുന്ന സാധനങ്ങളേയും അവയെ ഉൾക്കൊള്ളുന്ന പെട്ടിയേയും തമ്മിൽ വേർതിരിക്കുന്നതുപോലെ, ഹാൽഡെയിൻ വേർതിരിക്കുന്നതു് യുക്തിഹീനമാണെന്നു പറയാതെ നിവൃത്തിയില്ല. ആകയാൽ പ്രപഞ്ചത്തിനുള്ളിലുള്ള സകലതിനും ആരംഭമുണ്ടായിരുന്നെന്നു സമ്മതിക്കുന്ന ആൾ, പ്രപഞ്ചത്തിനും ആരംഭമുണ്ടായിരുന്നെന്നു യുക്തിപൂർവ്വം സമ്മതിച്ചേ മതിയാവൂ.

പ്രപഞ്ചം ഒരു ആദികാരണദൈവത്തിൻ്റെ സൃഷ്ടിയാണെന്നും, ആ ദൈവം മററു യാതൊരു കാരണവും കൂടാതെ എന്നും ഉള്ള സ്വയംഭൂവാണെന്നും കത്തോലിക്കർ "കണ്ണടച്ചു വിശ്വസിക്കുക"യല്ല, പ്രത്യുത അനിഷേധ്യങ്ങളായ ന്യായങ്ങളാൽ യുക്തിപൂർവ്വം തെളിയിക്കുകയാണു ചെയ്യുന്നതു്. ഒരു പരിണാമവാദിയായ ഹാൽഡെയിൻ സമ്മതിക്കണം, ഇന്നു കാണുന്ന പ്രപഞ്ചവസ്തുക്കളെല്ലാം ഇതിനുമുൻപുണ്ടായിരുന്ന വസ്തുക്കളിൽനിന്നു പരിണമിച്ചുണ്ടായതാണെന്നു്. അതായതു് ഇന്നുള്ള സകല വസ്തുക്കളും കാര്യം (Effect) ആണെന്നും, അതിനു മുൻപുള്ള വസ്തുക്കൾ അവയുടെ കാരണം (Cause) ആണെന്നും അദ്ദേഹം സമ്മതിക്കണം. ഇന്നുള്ള കാര്യത്തിനു മുമ്പുള്ള ആ കാരണം കാര്യം ആണോ അല്ലയോ എന്ന ചോദ്യം യുക്തിപൂർവ്വകമാണല്ലോ. ഇതിനു യുക്തിപൂർവ്വകമായ എന്തു മറുപടിയായിരിക്കും അദ്ദേഹം നല്കുക? ആ കാരണം കാര്യം അല്ലെന്നാണു മറുപടിയെങ്കിൽ, അതിൻ്റെ അസ്തിത്വത്തിനു വേറൊരു കാരണം ഇല്ലെന്നാണു് മറുപടിയെങ്കിൽ, ആ കാരണം "ആദികാരണം" ആയിരിക്കും; "മററു യാതൊരു കാരണവും കൂടാതെയുള്ള സ്വയംഭൂ" ആയിരിക്കും. നേരെമറിച്ചു് അദ്ദേഹത്തിൻ്റെ മറുപടി, ആ കാരണം കാര്യം ആണെന്നാണെങ്കിൽ, അതു് ആദികാരണമായിരിക്കയില്ല; മററു യാതൊരു കാരണവും കൂടാതെയുള്ള സ്വയംഭൂ ആയിരിക്കുകയില്ല. അങ്ങനെയെങ്കിൽ അതിനു് അസ്തിത്വം നല്കിയ കാരണം കാര്യം ആണോ അല്ലയോ എന്നു രണ്ടാമതൊരു ചോദ്യം ഉത്ഭവിക്കുന്നു. ആ കാരണം കാര്യം അല്ലെന്നാണു് മറുപടിയെങ്കിൽ, അതു് ആദികാരണമായിരിക്കും; മററു യാതൊരു കാരണവും കൂടാതെയുള്ള സ്വയംഭൂവായിരിക്കും. നേരെമറിച്ചു് ആ കാരണം കാര്യം ആണെന്നാണു് മറുപടിയെങ്കിൽ, അതിനു് അസ്തിത്വം നല്കിയ കാരണമേതാണെന്നു വീണ്ടും ചോദ്യമുത്ഭവിക്കുന്നു. ഇങ്ങനെ കാര്യം എന്നു്, പരിണാമവാദിയായ അദ്ദേഹം സമ്മതിക്കുന്നതും സമ്മതിക്കേണ്ടതുമായ ഇന്നുള്ള പ്രപഞ്ചവസ്തുക്കളുടെ കാരണമേതാണെന്നുള്ള ചോദ്യത്തിലേക്കു നാം കടക്കുമ്പോൾ അതിനു യുക്തിപൂർവകമായ മറുപടി ലഭിക്കണമെങ്കിൽ ഒരു ആദികാരണത്തിൽ, അതായതു് മററുയാതൊരു കാരണവും കൂടാതെയുള്ള സ്വയംഭൂവിൽ, നമ്മുടെ അന്വേഷണം ചെന്നെത്തിയേ മതിയാവൂ. ചെന്നെത്താത്തപക്ഷം ഇന്നുള്ള കാര്യത്തിനു കാരണം കണ്ടുപിടിക്കുവാൻ സാധിക്കുന്നതല്ല. സാധിക്കുന്നില്ലെങ്കിൽ സകല സംഭവങ്ങൾക്കും "കാര്യകാരണബന്ധമുണ്ടെന്നു വിശ്വസിക്കുന്ന," ഒരു കാര്യമുണ്ടായാൽ അതിനു തക്ക കാരണവും ഉണ്ടായിരിക്കണമെന്നു വിശ്വസിക്കുന്ന, ഏതു മനുഷ്യൻ്റേയും അന്വേഷണബുദ്ധി പരിപൂർണ്ണമായും തൃപ്തിയടയുകയില്ല.

ഈ ന്യായങ്ങളാലാണു് കത്തോലിക്കർ ആദികാരണമായ ദൈവത്തിൽ, മററു യാതൊരു കാരണവും കൂടാതെയുള്ള സ്വയംഭൂവായ ദൈവത്തിൽ, വിശ്വസിക്കുന്നതു്. തന്മൂലം പ്രസ്തുതവിശ്വാസം "കണ്ണടച്ചുള്ള" വിശ്വാസമല്ല, പ്രത്യുത കണ്ണു തുറന്നുള്ള വിശ്വാസമാണു്. പ്രൊഫസർ ഹാൽഡെയിനും അർണോൾഡ് ലണ്ണും തമ്മിൽ നടന്ന ലേഖനംവഴിയായുള്ള വാദപ്രതിവാദത്തിൽ ലൺ സെൻറു് തോമസു് അക്വിനാസു് നല്കിയിട്ടുള്ള പ്രസ്തുതന്യായങ്ങളെ ചൂണ്ടിക്കാണിക്കുകയുണ്ടായി എന്നാൽ ഹാൽഡെയിൻ അവയെ യുക്തിപൂർവം വിമർശിച്ചു ഖണ്ഡിക്കുവാൻ കഴിയാഞ്ഞതിനാൽ അവയെ തെററിദ്ധരിക്കുകയും, സെൻറു് തോമസു് ഉന്നയിക്കാത്തവാദം ഉന്നയിക്കുന്നുണ്ടെന്നു പറയുകയും, അങ്ങനെ ഒഴിഞ്ഞുമാറുകയുമാണു് ചെയ്തതു്. ഇതിനെപ്പററി കഴിഞ്ഞ ലക്കത്തിൽ ഞങ്ങൾ പ്രസ്താവിച്ചിരുന്നല്ലോ.

### അത്ഭുതങ്ങൾ

"ദിവ്യാത്ഭുതങ്ങളെ ഞാൻ തീരെ അവിശ്വസിക്കുന്നു. ദിവ്യാത്ഭുതമൊന്നും ഉണ്ടാകാൻ തരമില്ല നമുക്കു കാരണം കണ്ടെത്തുവാൻ കഴിയാത്ത അനേകസംഗതികൾ സംഭവിച്ചിരിക്കുന്നുണ്ട്. ഒരു സംഭവത്തിൻ്റെ പ്രകൃതിപരമായ (Natural) കാരണം നമുക്കു കണ്ടുപിടിക്കുവാൻ ഇപ്പോൾ സാധിച്ചില്ലെന്നുവച്ചു് അതിൻ്റെ കാരണം പ്രകൃത്യതീതമാണെന്നു് (Supernatura ) വിശ്വസിക്കാൻ യാതൊരു ന്യായവും ഇല്ലെന്നു ഞാൻ വിശ്വസിക്കുന്നു. അതുകൊണ്ടു് ഞാനൊരു നാസ്തിക (Atheist) നാണെന്നാണു വരുന്നതു്"

അത്ഭുതങ്ങളിൽ വിശ്വസിക്കാത്തതുകൊണ്ടല്ല ഹാൽഡെയിൻ നാസ്തികനായിരിക്കുന്നതു്. പ്രത്യുത നാസ്തികനായിരിക്കുന്നതുകൊണ്ടാണു് അദ്ദേഹം അത്ഭുതങ്ങളിൽ വിശ്വസിക്കാത്തതു്. അത്ഭുതത്തിനു കത്തോലിക്കർ നല്കുന്ന നിർവചനത്തിൽനിന്നു് ഇതു സ്പഷ്ടമാകുന്നുണ്ടു്. പ്രകൃതിശക്തികൾക്കു് അതീതമായി പ്രകൃതിയിൽ നടക്കുന്ന സംഭവങ്ങളെയാണു് കത്തോലിക്കർ അത്ഭുതങ്ങളെന്നു വിളിക്കുന്നതു്. അങ്ങനെയുള്ള സംഭവങ്ങൾ നടക്കുവാൻ കാരണം പ്രകൃതിയിൽ ദൈവം നേരിട്ടു ചെലുത്തുന്ന ശക്തിപ്രയോഗമാണു്. തന്മൂലം പ്രകൃതിയുടെ നാഥനായി ദൈവം എന്നൊരാൾ ഇല്ലെന്നു വിശ്വസിക്കുന്ന ഹാൽഡെയിൻ അത്ഭുതങ്ങൾ ഉണ്ടാകാൻ തരമില്ലെന്നും വിശ്വസിച്ചേ മതിയാവൂ. എന്നാൽ ദൈവം ഇല്ലെന്നുള്ള അദ്ദേഹത്തിൻ്റെ വിശ്വാസം അന്ധവിശ്വാസമാകയാൽ, അത്ഭുതം ഉണ്ടാകാൻ തരമില്ലെന്നുള്ള അദ്ദേഹത്തിൻ്റെ വിശ്വാസവും അന്ധവിശ്വാസം തന്നെയാകുന്നു.

അത്ഭുതം ഉണ്ടാകാൻ തരമില്ലെന്നുള്ള ഹാൽഡെയിൻ്റെ വിശ്വാസം മറെറാരു ന്യായത്താലും അന്ധവിശ്വാസമാണെന്നു കാണാൻ കഴിയും. വസ്തുതക്കെതിരായ വിശ്വാസം അന്ധവിശ്വാസമാണല്ലോ. അത്ഭുതങ്ങൾ ഉണ്ടാകുന്നുണ്ടെന്നുള്ളതു് അനിഷേധ്യമായ ഒരു വസ്തുതയാണു്. തന്മൂലം അത്ഭുതങ്ങൾ ഉണ്ടാകുന്നില്ലെന്നുള്ള വിശ്വാസം അന്ധവിശ്വാസമാകുന്നു. യാതൊന്നു യഥാർത്ഥത്തിൽ ഉണ്ടാകുന്നുണ്ടെങ്കിൽ, അതു് ഉണ്ടാകാൻ തരമില്ല എന്നു വിശ്വസിക്കുന്നതു് തർക്കശാസ്ത്രദൃഷ്ടിയിൽത്തന്നെ യുക്തിഭ്രംശമാണു്. ആകയാൽ അത്ഭുതങ്ങൾ ഉണ്ടാകാൻ തരമില്ലെന്നുള്ള ഹാൽഡെയിൻ്റെ വിശ്വാസം ഈ ന്യായത്താലും അന്ധവിശ്വാസമാകുന്നു.

### അത്ഭുതങ്ങൾ നടക്കുന്നുണ്ടു്

ലൂർദ്ദിൽ അത്ഭുതകരങ്ങളായ രോഗശമനങ്ങൾ നടക്കുന്നുണ്ടെന്നുള്ളതു് അനിഷേധ്യമായ ഒരു വസ്തുതയാണു്. അത്ഭുതകരങ്ങളെന്നു പ്രഥമദൃഷ്ടിയിൽ കാണപ്പെടുന്ന രോഗശമനങ്ങൾ വിദഗ്ദ്ധമായ വൈദ്യശാസ്ത്രപരിശോധനകൾക്കു് അവിടെ വിധേയമാക്കപ്പെടുന്നു. പരിശോധനകൾക്കായി ഒരു വൈദ്യശാസ്ത്രസമിതിതന്നെ അവിടെ സ്ഥാപിച്ചിട്ടുണ്ടു്. 50 കൊല്ലത്തിലധികം കാലമായി സ്ഥിതിചെയ്തുവരുന്ന പ്രസ്തുതസമിതി അനേകശതം രോഗശമനങ്ങൾ പരിശോധിച്ചിട്ടുണ്ടു്. അവയുടെ സകല റിക്കാർട്ടുകളും ഏതു വൈദ്യവിദഗ്ദ്ധനും ഇഷ്ടാനുസാരം പരിശോധിക്കുവാൻ സകല സ്വാതന്ത്ര്യവും സൗകര്യവും ആ സമിതി നല്കുന്നുമുണ്ടു്. അമേരിക്കയിൽ റോക്കു്ഫെല്ലറിൻ്റെ നാമത്തിൽ ഏർപ്പെടുത്തിയിട്ടുള്ള മെഡിക്കൽ റിസർച്ച് എന്ന സ്ഥാപനത്തിലെ പ്രവർത്തകന്മാരിൽ ഒരാളും ഒരു നല്ല ശാസ്ത്രജ്ഞനുമായ മിസ്റ്റർ അലെക്സിസ് കാറെൽ ഈ റിക്കാർട്ടുകൾ പരിശോധിച്ചശേഷം പ്രസ്താവിച്ചിട്ടുള്ളതിങ്ങനെയാണു്: "ലൂർദ്ദിൽ നടന്നിട്ടുള്ള ചില രോഗശമനങ്ങൾ മുറിവുകൾ സുഖപ്പെടുന്നതും ശരീരാംശങ്ങൾ പുനരുദ്ധരിക്കപ്പെടുന്നതും സംബന്ധിച്ചു് അറിയപ്പെട്ടിട്ടുള്ള സകല പ്രകൃതിനിയമങ്ങൾക്കും അതീതങ്ങളാകുന്നു."

ഇപ്രകാരം അത്ഭുതകരമെന്നു വിധി പ്രസ്താവിക്കപ്പെട്ട രോഗശമനം ലഭിക്കുവാൻ ഭാഗ്യമുണ്ടായ ഒരു രോഗിയെ സോള (Zola) എന്ന ഒരു അവിശ്വാസിക്കു ലൂർദ്ദിൽവച്ചു ഡോക്ടർമാർ കാണിച്ചുകൊടുത്തു. ആ കേസു് പരിശോധിക്കുവാൻ അദ്ദേഹത്തോടു് അവർ ആവശ്യപ്പെടുകയും ചെയ്തു എന്നാൽ പ്രസ്തുതവൈദ്യശാസ്ത്രസമിതിയുടെ പ്രസിഡൻറിനോടു് സോളാ പറഞ്ഞ മറുപടി അവിശ്വസിക്കുന്നതായിരുന്നു. "ലൂർദ്ദിൽ വരുന്ന സകല രോഗികളും സുഖം പ്രാപിക്കുന്നതു ഞാൻ കണ്ടാലും, അത്ഭുതത്തിൽ ഞാൻ വിശ്വസിക്കുകയില്ല." ഭാവിയിൽ അറിയപ്പെടുവാനിരിക്കുന്ന വല്ല പ്രകൃതിശക്തിയുടേയും പ്രവർത്തനത്താലായിരിക്കാം അത്ഭുതകരങ്ങളെന്നു ഗണിക്കപ്പെടുന്ന പ്രസ്തുത രോഗശമനങ്ങൾ നടക്കുന്നതെന്നുള്ള ചിലരുടെ കുയുക്തിക്കു് മിസ്റ്റർ മാല്ക്കോം ഗ്രാൻറു് എന്ന പണ്ഡിതൻ മറുപടി പറഞ്ഞിട്ടുണ്ടു്. അദ്ദേഹം ഒരു ക്രിസ്ത്യാനിയല്ല. എങ്കിലും ഒരു ദൈവവിശ്വാസിയാണു്. "ലൂർദ്ദിൽ നടക്കുന്നതും ശരിയായ രേഖകളാൽ തെളിയിക്കപ്പെട്ടിട്ടുള്ളതുമായ രോഗശമനങ്ങളുടെ യാഥാർത്ഥ്യം അജ്ഞാതങ്ങളായ പ്രകൃതിനിയമങ്ങളുടേയോ അജ്ഞാതങ്ങളായ പ്രകൃതിശക്തികളുടേയോ നാമത്തിൽ നിഷേധിക്കുന്ന അവിശ്വാസി ഒരു മൂഢനാകുന്നു." ഇന്ന പ്രകൃതിശക്തി ഇന്ന സാഹചര്യങ്ങളിൽ ഇന്നവിധം പ്രവർത്തിക്കുമെന്നുള്ള ശാസ്ത്രത്തിൻ്റെ സുനിശ്ചിതമായ പ്രസ്താവത്തെയാണു് പ്രകൃതിനിയമമെന്നു ശാസ്ത്രജ്ഞന്മാർ വിളിക്കുന്നതു്. ആ നിയമത്തെ ഭാവിയിൽ അറിയപ്പെടാവുന്ന പുതിയ പ്രകൃതിനിയമമോ പുതിയ പ്രകൃതിശക്തിയോ ബാധിക്കുകയില്ല. ബാധിക്കുന്നപക്ഷം ശാസ്ത്രം മുഴുവനും അനിശ്ചിതവും ഐകരൂപ്യമില്ലാത്തതുമാണെന്നുള്ള ശാസ്ത്രവിരുദ്ധമായ നിഗമനത്തിൽ ചെന്നെത്തേണ്ടിവരും. ടിൻറൽ എന്ന മഹാശാസ്ത്രജ്ഞൻ പറഞ്ഞിട്ടുള്ളതു് "ശാസ്ത്രജ്ഞന്മാർക്കുള്ള ഏകമാർഗ്ഗദർശി നിരീക്ഷണപരീക്ഷണങ്ങളാൽ അറിയപ്പെട്ടിട്ടുള്ള പ്രകൃതിയുടെ ഐകരൂപ്യം" ആണെന്നാണു്. ആകയാൽ അത്ഭുതങ്ങളിൽ ഹാൽഡെയിൻ വിശ്വസിക്കുന്നില്ലെങ്കിൽ അതിനു കാരണം യുക്തിപൂർവ്വകമായ ന്യായങ്ങളല്ല, പ്രത്യുത യുക്തിശൂന്യമായ അന്ധതയാണു്.

# സമാധാനദൗത്യചലച്ചിത്രം

## ക്രിസ്തുചരിതം അഥവാ "ഡിവൈൻ ട്രാജഡി"

യുദ്ധഭീതിയിലും അസ്വസ്ഥതയിലും ആണ്ടു ആശങ്കകളോടെ ദിനരാത്രങ്ങൾ തള്ളിനീക്കുന്ന ഇന്നത്തെ ലോകത്തെ ക്രിസ്തുവിൻ്റെ സമാധാനസന്ദേശം അനുസ്മരിപ്പിക്കുന്നതിനായി "ഡിവൈൻട്രാജഡി" എന്ന ഒരു ചലച്ചിത്രം നിർമ്മിക്കുവാൻ ഫ്രാൻസിൽ സകല സജ്ജീകരണങ്ങളും പൂർത്തിയാക്കിയിരിക്കുന്നതായി ലണ്ടൻ ഡെയിലി ഹെറാൾഡിൽ അതിൻ്റെ പാരിസ് ലേഖകൻ റിപ്പോർട്ടു ചെയ്തിരിക്കുന്നു. ഫ്രഞ്ചു റിവേരാ എന്ന സ്ഥലത്തു ഉടൻതന്നെ ഇതിൻ്റെ നിർമ്മാണം ആരംഭിക്കുന്നതാണത്രെ.

ഇതിലെ സംഭാഷണങ്ങളും ഇതിവൃത്തവും വിദഗ്ദ്ധന്മാരായ വേദശാസ്ത്രജ്ഞന്മാരെക്കൊണ്ടു പരിശോധിപ്പിച്ചിട്ടുള്ളതും, വത്തിക്കാൻ സിനിമാബ്യൂറോ, ഫ്രഞ്ചു് പ്രൊട്ടസ്റ്റൻറ് കേന്ദ്രസഭ, യു. എൻ. ഓ. ഫിലിംബോർഡു എന്നിവരുടെ അംഗീകാരം ലഭിച്ചിട്ടുള്ളതുമാണെന്നു റൊനാൾഡു മാത്യൂസ് തൻ്റെ റിപ്പോർട്ടിൽ പറയുന്നു.

നടന്മാരുടേയും ഡയറക്ടർമാരുടേയും പേരുകൾ പരസ്യമാക്കുന്നതല്ല. ഒരു വിദഗ്ദ്ധബോർഡാണു നടന്മാരെ തിരഞ്ഞെടുക്കുന്നതു്. മൂന്നു വൈദികരുൾപ്പെടെ പന്ത്രണ്ടുപേരെ പരിക്ഷിച്ചതിൽ ഒരാളെയാണത്രെ ക്രിസ്തുവിൻ്റെ ഭാഗം അഭിനയിക്കുവാൻ തിരഞ്ഞെടുത്തിട്ടുള്ളതു്. അതിവസുമുഖനും പ്രഗത്ഭനുമായ ഇദ്ദേഹത്തിനു് ഇംഗ്ലീഷ്, ഫ്രഞ്ചു, സ്പാനിഷ് ഈ മൂന്നുഭാഷകളിലും സാമാന്യം വൈദഗ്ദ്ധ്യമുണ്ടത്രെ. ഇതിലെ പ്രധാന നടന്മാരാരും മുമ്പു സിനിമാലോകത്തിൽ പ്രത്യക്ഷപ്പെട്ടിട്ടുള്ളവരല്ല.

ഇൻറർനാഷണൽ ഫിലിംകമ്മിററി പ്രസിഡൻറു മോൺ എം. ജോർജ്ജസ് ഡി ഫ്രാൻസിയർ ആണു് ഇതിൻ്റെ പ്രധാന ചുമതലക്കാരനായി നേതൃത്വം വഹിക്കുന്നതു്. വിൻസെൻറു ഡി പോൾ പുണ്യവാൻ്റെ ജീവചരിത്രപരമായ "മെസ്സിയേർ വിൻസെൻറു" എന്ന വിശ്വവിഖ്യാതമായ ചിത്രത്തിൻ്റെ

കുർബാനക്കുപ്പായം, കാപ്പ മുതലായ
വൈദിക വസ്ത്രങ്ങൾ
സൂർപ്ലീസ്, ആൽബാലേസുകൾ
എല്ലാനിറത്തിലും മുത്തുക്കുടകൾ
കൊളംബോ സാരിവക്സ്, ബ്രോഡ്വെ- എറണാകുളം

## "റോമൻ കത്തോലിക് കൗശലപദ്ധതി"


അഥവാ

# മി. ഡാനിയേലിൻെറ പഴങ്കഥകൾ

(ഫാദർ തോമസ്സ് ഇഞ്ചയ്ക്കലോടി)

II

മുപ്പതു ഖണ്ഡങ്ങളടങ്ങിയ തൻെറ പുതിയ പുസ്തകത്തിൽ ഒരൊററ ഖണ്ഡം ഒഴിച്ചുള്ളവയെല്ലാം വെറും പഴങ്കഥകൾകൊണ്ടുമാത്രമാണ് മി: ഡാനിയേൽ നിറച്ചിരിക്കുന്നതു്. "പാപ്പായുടെ ആധിപത്യം" എന്ന തൻെറ പുസ്തകത്തെപ്പററിയുണ്ടായ വാദപ്രതിവാദങ്ങളിൽ പങ്കെടുത്ത സകല റോമൻകത്തോലിക്കാ പണ്ഡിതന്മാരേയും താൻ നിഷ്പ്രയാസം പരാജയപ്പെടുത്തിയെന്നും,



അവരെല്ലാം എന്നന്നേക്കുമായി വിവാദരംഗത്തിൽനിന്നും തിരോധാനംചെയ്തുകഴിഞ്ഞുവെന്നും, വിജയശ്രീലാളിതനായി താൻമാത്രം ഇപ്പോൾ അവശേഷിച്ചിരിക്കുന്നുവെന്നും മററുമുള്ള വിജയാട്ടഹാസമാണ് പ്രസ്തുത ഗ്രന്ഥത്തിൽ ആദ്യന്തം മുഴക്കിയിരിക്കുന്നതു്. പതിനഞ്ചു വർഷങ്ങൾക്കുമുമ്പ് മി: ഡാനിയേൽ എഴുതിയിരുന്നതു് ഇപ്രകാരമായിരുന്നു:—

"ഫാദർ മണ്ണഞ്ചേരി, ഫാ. മേനാച്ചേരി ബി. എ., ഫാദർ അലക്സാണ്ടർ, മെസ്സേഴ്സ് ഐ. സി. ചാക്കോ ബി. എ. ബി. എസ്സ് സി., എൻ. വി. ജോസഫ് ബി. എ. ബി. എൽ. എന്നിവരാണ് എൻെറ പുസ്തകത്തിലെ ചില സംഗതികളെപ്പററി നിരൂപണങ്ങൾ എഴുതുകയും മറുപടി വാങ്ങിച്ചുകൊണ്ടു് അപ്രത്യക്ഷമാകുകയും ചെയ്തു. ഫാദർ പ്ലാസിഡ് പി എച്ച്. ഡി., ഡി. ഡി., ഡി. സി. എൽ. ഫാദർ റൊമെയോസിൻെറ ഒരു വാദവും, ഫാദർ പീററർ വടക്കേരി, ഫാദർ നടുവത്തുശ്ശേരിയുടെ ഒരു വാദവും ചർവ്വിതചർവ്വണംചെയ്തു ലേഖനങ്ങൾ എഴുതുകയുണ്ടായി. ഈ ചർവ്വിതചർവ്വണങ്ങളിൽ അതല്ലാതെ വിശേഷവിധിയായി ഒന്നുമില്ലാത്തതുകൊണ്ടു് ഫാദർ റൊമെയോസിനും ഫാദർ നടുവത്തുശ്ശേരിക്കും കൊടുത്ത മറുപടികൾ അവക്കും മറുപടികളാണെന്നു് ഞാൻ അവരെ ഗ്രഹിപ്പിച്ചു. ഫാദർ നടുവത്തുശ്ശേരിയുടെ സ്വന്ത ആളായ മി: കെ. പി. ഇട്ടിയേരാ ബി. എ. ബി. എൽ. ഫാദർ നടുവത്തുശ്ശേരിയെ താങ്ങി എഴുതിയ ലേഖനത്തിൻെറ സ്വഭാവം ഞാൻ വിശദീകരിച്ചു. ഇങ്ങനെ ഏഴു വൈദികന്മാരും അഞ്ചു അത്മായക്കാരും വാദരംഗത്തിൽ പ്രത്യക്ഷപ്പെടുകയും എൻെറ മറുപടി വാങ്ങിച്ചുകൊണ്ടു് അപ്രത്യക്ഷരാകയും ചെയ്തിരിക്കുന്നു. റോമാസഭയിലെ പന്ത്രണ്ടു മഹാവീരന്മാർ വിചാരിച്ചാറെ എൻെറ പുസ്തകത്തിലെ ഒരു പേജിൻെറങ്കിലും ഖണ്ഡിക്കുവാൻ കഴിയാതെ അവരെല്ലാം അപ്രത്യക്ഷരായിരിക്കുന്നു. വിദ്വാന്മാരും സമർത്ഥന്മാരുമായ ഇവർ പിടിച്ചിരിക്കുന്ന ഭാഗത്തിൻെറ ബലഹീനതയെ ഇതു് അത്യുച്ചത്തിൽ വിളിച്ചറിയിക്കുന്നു" (പാപ്പായുടെ ആധിപത്യം, മൂന്നാം പതിപ്പ്, പുറം 32)

പതിനഞ്ചു വർഷങ്ങൾക്കുശേഷം ഇപ്പോൾ പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന "കൗശലപദ്ധതി"യിലും മുമ്പു പാടിയ അതേപല്ലവിതന്നെ പാടിക്കൊണ്ടു് മി: ഡാനിയേൽ എഴുതിയിരിക്കുന്നതു കേട്ടാലും:— "പ്രസ്തുതഗ്രന്ഥത്തെ ഖണ്ഡിക്കുവാൻ പുറപ്പെട്ടതു നടുവത്തുശ്ശേരിയച്ചൻ മാത്രമല്ല. ഒരു സൈന്യമാണ്. ഒരു പുസ്തകത്തെ ഖണ്ഡിക്കാൻ ഇങ്ങനെ ഒരു സൈന്യം പുറപ്പെട്ടതു കേരളചരിത്രത്തിൽ ആദ്യത്തെ സംഭവം തന്നെ." തനിക്കു് എതിരായി പുറപ്പെട്ട ആ സൈന്യവ്യൂഹത്തിലെ യോദ്ധാക്കളുടെ പേരുകൾ എല്ലാം ഉദ്ധരിച്ചശേഷം മി: ഡാനിയേൽ തുടരുന്നു:— "ഇങ്ങനെ പണ്ഡിതനായ ഒരു യൂറോപ്യൻ പാദ്രി ഉൾപ്പെടെ ഏഴു വൈദികന്മാരും അഞ്ചു അത്മായക്കാരും വാദരംഗത്തിൽ പ്രവേശിക്കുകയും മറുപടി പറവാൻ നിവൃത്തിയില്ലെന്നു കണ്ടു് അണിമുറിയാതെ പിന്മാറുകയും ഒരാൾ തെററു സമ്മതിക്കുകയും ചെയ്തിട്ടുണ്ടു്. ഒരു ഒററ സംഗതിയിലെങ്കിലും അവർ പറഞ്ഞതു ശരിയാണെന്നു് വാദിച്ചു നില്ക്കാൻ അവരിൽ ഒരുവനുപോലും കഴിഞ്ഞില്ലെങ്കിലും ഡാനിയേലിനെ തകർത്തു പൊടിച്ചുകളഞ്ഞു എന്നു പറഞ്ഞുകൊണ്ടു "കത്തോലിക്കാ പ്രേഷിതസംഘ"ത്തിൻെറ നായകനായ ഫാ: തോമസ്സ വടക്കേരിക്കു യാതൊരു സങ്കോചവുമില്ല ഈ അച്ചനാണ് എന്നോടു എതിർക്കാൻവന്ന പതിന്നാലാമൻ. ഈ പതിന്നാലു പേരുടെ അനുഭവം ഓർക്കാതെ ഒരു പതിനഞ്ചാമൻ ഇനിയും അല്പകാലശേഷം വരും, ഊമർ കളിക്കും." (കൗശലപദ്ധതി പുറം. 134.)

"പാപ്പായുടെ ആധിപത്യ"ത്തെപ്പററി അന്നു നടന്ന വാദപ്രതിവാദങ്ങളെ ശ്രദ്ധാപൂർവ്വം അനുധാവനംചെയ്തുകൊണ്ടിരുന്ന നിഷ്പക്ഷവാദികൾ, മി: ഡാനിയേലിൻെറ ഈ ദുരഭിമാനവാദത്തിനു പരിഹാസദ്യോതകമായ ഒരു പുഞ്ചിരിമാത്രമേ മറുപടിയായി നൽകുവാൻ സന്നദ്ധരാകയുള്ളു. കാരണം, മതപരമായ ഒരു വാദപ്രതിവാദം മി: ഡാനിയേലുമായി നടത്തി വിജയഭേരി മുഴക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയായിരുന്നില്ല മോൺ. നടുവത്തുശ്ശേരി ആദിയായ വൈദികപ്രമുഖരും, ശ്രീമാൻ ഐ. സി. ചാക്കോ ആദിയായ അത്മായപണ്ഡിതന്മാരും മറുപടി പറയുവാൻ ഉദ്യുക്തരായതെന്നുള്ളതത്രെ. അന്നത്തെ സാഹചര്യങ്ങൾ നിശ്ചയമുള്ള ഏവരും ഇതിൻെറ പാരമാർത്ഥ്യം സമ്മതിക്കുകതന്നെ ചെയ്യുമെന്നാണ് എൻെറ ദൃഢമായ വിശ്വാസം.

കേരളത്തിൽ പ്രത്യേകിച്ചു മദ്ധ്യതിരുവിതാംകൂറിൽ നിവസിക്കുന്ന അകത്തോലിക്കാസഹോദരങ്ങളുടെ ഇടയിൽ കത്തോലിക്കാ മിഷനറിമാർ ശക്തിമത്തായ വേദപ്രചരണം നടത്തിക്കൊണ്ടിരുന്ന സന്ദർഭമായിരുന്നു അതു്. എറണാകുളം, ചങ്ങനാശേരി, കോട്ടയം, കൊല്ലം എന്നീ രൂപതാതിരൂപതകളിലെ അഭിവന്ദ്യ തിരുമേനിമാരുടെ നിർദ്ദേശാനുസാരം അകത്തോലിക്കരുടെ പല കേന്ദ്രങ്ങളിലും കത്തോലിക്കാ ദൈവാലയങ്ങൾ, വിദ്യാലയങ്ങൾ, ഗ്രന്ഥശാലകൾ എന്നിവ സ്ഥാപിക്കുകയും, കത്തോലിക്കാമിഷനറിമാർ പ്രസംഗങ്ങൾ വഴിയായും പ്രസിദ്ധീകരണങ്ങൾ മുഖവും അകത്തോലിക്കാസഭകളുടെ യഥാർത്ഥനിലയും, കത്തോലിക്കാസഭയുടെ വിശ്വാസസത്യങ്ങളും സത്യാന്വേഷികളെ ബോദ്ധ്യപ്പെടുത്തുകയും ചെയ്തുകൊണ്ടിരുന്നു. തൽഫലമായി വൈദികരും അത്മായരുമായ ഒട്ടസംഖ്യം അകത്തോലിക്കാ സഹോദരങ്ങൾ സത്യംഗ്രഹിച്ചു്, മനസ്സാക്ഷിയുടെ പ്രേരണയ്ക്കു വശംവദരായി, പ്രതികൂലസാഹചര്യങ്ങളെ അവഗണിച്ചു് കത്തോലിക്കാസഭയെ ആശ്ലേഷിച്ചുതുടങ്ങി. സത്യാന്വേഷണത്തിൽ ഉത്സുകരായിരുന്ന അനേകായിരം അകത്തോലിക്കർ കത്തോലിക്കാസഭയെയും അതിൻെറ വിശ്വാസവിഷയങ്ങളേയും കുറിച്ചു പഠിക്കുന്നതിനു് സന്നദ്ധരായിത്തീർന്നു. കത്തോലിക്കാസഭയാണ് സത്യക്രിസ്തുസഭയെന്നുള്ള പാരമാർത്ഥ്യം ബോധ്യപ്പെട്ട ഒട്ടനേകർ സത്യസഭാശ്ലേഷത്തിനുള്ള അവസരത്തെ പ്രതീക്ഷിച്ചു കാത്തുകൊണ്ടുമിരുന്നു. ഇങ്ങനെ മദ്ധ്യതിരുവിതാംകൂറിലുള്ള അകത്തോലിക്കരുടെ പല കേന്ദ്രങ്ങളിലും കത്തോലിക്കാസഭയ്ക്കു പ്രചുരപ്രചാരം ലഭിക്കുവാൻ തുടങ്ങി. ഏവംവിധമുള്ള സ്ഥിതിഗതികൾ കണ്ടു് ഭയവിഹ്വലരായിത്തീർന്ന അകത്തോലിക്കാ സഭാനേതാക്കന്മാർ കത്തോലിക്കാ മതപ്രചരണത്തെ തടയുന്നതിനായി പരസ്യമായി രംഗത്തെത്തുകയും വിവിധമാർഗ്ഗങ്ങൾ അതിലേക്കു പ്രയോഗിച്ചുതുടങ്ങുകയും ചെയ്തു. ഇക്കൂട്ടത്തിലുള്ള ഒരു "മടമ്പടക്കെണി"ക്കുവേണ്ടിയായിരുന്നു "പാപ്പായുടെ ആധിപത്യ"മെന്ന ഒരു പുസ്തകവുംകൊണ്ടു് മാർത്തോമ്മാസഭാംഗമായ മി: കെ. എൻ. ഡാനിയേൽ അന്നു രംഗപ്രവേശംചെയ്തതു്.

സഭാസ്ഥാപകനായ ദിവ്യരക്ഷകൻ ഇതരശ്ലീഹന്മാരെ അപേക്ഷിച്ചു് വി. പത്രോസിനു് യാതൊരു വിശേഷാധികാരവും നല്കിയിട്ടില്ലെന്നും, പത്രോസു റോമായിൽ പോകുകയോ അവിടെ വെച്ചു് രക്തസാക്ഷിമരണം പ്രാപിക്കുകയോ ചെയ്തിട്ടില്ലെന്നും, മാർപ്പാപ്പാമാർ വി. പത്രോസിൻെറ യഥാർത്ഥ പിൻഗാമികളല്ലെന്നും, ആദിമസഭയിൽ മാർപ്പാപ്പാമാർക്കു് പരമാധികാരം ഇല്ലായിരുന്നുവെന്നും, പാപ്പാധിപത്യസ്ഥാപനാർത്ഥം നിരവധി കള്ളരേഖകൾ റോമൻകത്തോലിക്കർ നിർമ്മിച്ചിട്ടുണ്ടെന്നും മററുമായിരുന്നു മി: ഡാനിയേലിൻെറ പുസ്തകത്തിലെ ഉള്ളടക്കം. ഇപ്പുസ്തകം, കത്തോലിക്കാസഭയെ ആശ്ലേഷിച്ചുവരുടേയും, ആശ്ലേഷിക്കുവാൻ സന്നദ്ധരായിരുന്നവരുടേയും ഇടയിൽ തിരുസഭയേയും, പാപ്പാധിപത്യത്തേയും പററി ചില തെററിദ്ധാരണകൾ ഉളവാക്കുന്നതിനു് ഇടയാക്കിത്തീർത്തു. തന്നെയുമല്ല, "പാപ്പാധിപത്യ"ത്തെ ഒരു പുസ്തകംമൂലം മി: ഡാനിയേൽ തകർത്തുകളഞ്ഞുവെന്നു് ചില അകത്തോലിക്കാ സഭാനേതാക്കന്മാർ പലസ്ഥലങ്ങളിലും കൊട്ടിഘോഷിക്കുവാനും തുടങ്ങി. ഇത്തരുണത്തിൽ സത്യാന്വേഷികളായ അനേകരിൽ ഉളവായ തെററിദ്ധാരണകളെ നീക്കേണ്ടതും, മാർപ്പാപ്പായുടെ ആധിപത്യം ദൈവസ്ഥാപിതമാണെന്നുള്ള യഥാർത്ഥസത്യം അവരെ ഗ്രഹിപ്പിക്കേണ്ടതും, മി: ഡാനിയേൽ തൻെറ കൃതിയിൽ ചെയ്തിരിക്കുന്ന നിരവധി കൃത്രിമങ്ങളെ ബഹുജനസമക്ഷം പ്രത്യക്ഷമാക്കേണ്ടതും തങ്ങളുടെ കടമയാണെന്നുള്ള ബോദ്ധ്യംനിമിത്തമാണ് മോൺ. നടുവത്തുശ്ശേരി ആദിയായ വൈദികപ്രമുഖന്മാരും മി: ഐ. സി. ചാക്കോ ആദിയായ അത്മായപണ്ഡിതന്മാരും "സത്യദീപം", "നസ്രാണിദീപിക", "സത്യനാദം" എന്നീ പത്രങ്ങൾ മുഖേനയും ചില ലഘുലേഖകൾ വഴിയായും മി: ഡാനിയേലിൻെറ പുസ്തകത്തിലെ നിരവധി പ്രമാദങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ടു് മറുപടി എഴുതിയതു്. അല്ലാതെ കത്തോലിക്കാസഭയെയോ, പാപ്പാധിപത്യത്തെയോ പററി മി: ഡാനിയേലുമായി വാദപ്രതിവാദം നടത്തി വിജയഭേരി മുഴക്കണമെന്നുള്ള വിചാരം അവരിലാരിലും നിഴലിച്ചിട്ടുപോലുമില്ലായിരുന്നു.

തെളിവുസഹിതമുള്ള അവരുടെ മറുപടി, തെററിദ്ധരിക്കപ്പെട്ടിരുന്ന സത്യാന്വേഷികളെ യഥാർത്ഥസത്യം ഗ്രഹിപ്പിക്കുന്നതിനും, "പാപ്പാധിപത്യ" പുസ്തകത്തിൽ ചെയ്തിരിക്കുന്ന നിരവധി കൃത്രിമങ്ങൾ പൊതുജനസമക്ഷം പ്രകാശിപ്പിക്കുന്നതിനും പര്യാപ്തമായിത്തീർന്നു. തൻെറ കൃത്രിമങ്ങൾ പരസ്യമായിത്തീർന്നതിൽ ലജ്ജിതനായ മി. ഡാനിയേൽ അവയെ മറയ്ക്കുന്നതിനുവേണ്ടി, അന്നു് തിരുവല്ലായിൽനിന്നും മാർത്തോമ്മാക്കാരുടെ വകയായി പുറപ്പെട്ടുകൊണ്ടിരുന്നതും, അധികകാലതാമസമെന്യേ അന്തരിച്ചുപോയതുമായ "നവഭാരതി" പത്രത്തിൽ ദീർഘമായ മറുപടികൾ എഴുതിത്തുടങ്ങി. അവ വായിച്ചതിൻെറ ഫലമായി വീണ്ടും തെററിദ്ധരിക്കപ്പെട്ടവരുണ്ടെങ്കിൽ അവരുടെ തെററിദ്ധാരണകൾ നീക്കുന്നതിനായി മി. ഡാനിയേലിൻെറ വിതണ്ഡാവാദങ്ങൾക്കു് പ്രസ്പഷ്ടമായ മറുപടി കത്തോലിക്കാ പണ്ഡിതന്മാർ എഴുതുകയുണ്ടായി. എന്നാൽ അവസാനം എഴുതിനിർത്തുന്നവനാണ് വിജയം എന്നുള്ള മിഥ്യാബോധത്താലോ അഥവാ ഇതരജോലികളൊന്നുംതന്നെ ഇല്ലാത്തതിനാലോ "ഉടനടൻ" ഉള്ള മറുപടികൾക്കു് മി: ഡാനിയേൽ സന്നദ്ധനായി. പക്ഷേ, ഒടുവിൽ ഒരു മാനനഷ്ടക്കേസ്സിൽ സ്വയം ചെന്നു ചാടുന്നതിനും, തൽഫലമായി കത്തോലിക്കരുടേയും അകത്തോലിക്കരുടേയും ഇടയിലെന്നു മാത്രമല്ല, അക്രൈസ്തവരുടെ ഇടയിൽക്കൂടെയും തൻെറ നിരർത്ഥകവാദങ്ങളും, ഭയങ്കര കൃത്രിമങ്ങളും പരസ്യമാക്കുന്നതിനും, അങ്ങനെ "സ്വയംകൃതാനർത്ഥ"ത്തിൻെറ ഫലം അനുഭവിക്കുന്നതിനും ആ "പാപ്പാധിപത്യ" ഗ്രന്ഥകാരനു് അവസാനം ഇടയായിത്തീരുകയും ചെയ്തു.

അതിൽപ്പിന്നെ പതിനെട്ടുവർഷങ്ങൾക്കുശേഷമാണ് കഴിഞ്ഞവയെല്ലാം ചർവ്വിതചർവ്വണംചെയ്തുകൊണ്ടും, തൻെറ ഗ്രന്ഥത്തിനും വാദങ്ങൾക്കും മറുപടി പറയുവാൻ നിവൃത്തിയില്ലാതെ റോമൻകത്തോലിക്കരെല്ലാം അപ്രത്യക്ഷരായി എന്നുള്ള ജയഭേരി മുഴക്കിക്കൊണ്ടും ഒരു "കൗശലപദ്ധതി"യുമായി ഇപ്പോൾ മി. ഡാനിയേൽ പ്രത്യക്ഷപ്പെട്ടിരിക്കുന്നതു്. സത്യാന്വേഷികളെ സത്യം ഗ്രഹിപ്പിക്കണമെന്നുള്ള തങ്ങളുടെ ഉദ്ദേശം സാധിക്കുകയും, അതിൻെറ ഫലം പ്രകടമായിത്തന്നെ കാണുകയും ചെയ്തയാലാണ് മോൺ. നടുവത്തുശ്ശേരി, ശ്രീമാൻ

---

നിർമ്മാണചുമതലവഹിച്ചിരുന്നതു ഇദ്ദേഹമാണ്.

ഭയങ്കരമായ ഒരു യുദ്ധത്തിൽ ആററംബോമ്പു നിപതിച്ചു ഒരു വിസ്തൃത ഭൂവിഭാഗം നശിപ്പിക്കപ്പെടുന്ന ഭയാനകമായ കാഴ്ചയോടെയാണ ചിത്രം ആരംഭിക്കുന്നതു്. യുദ്ധത്തിൽ നശിപ്പിക്കപ്പെടുന്ന ഒരു പട്ടണത്തിൽ ശേഷിച്ചിട്ടുള്ള ഏക കെട്ടിടമായ ദേവാലയത്തിൽ ഭയവിഹ്വലരായ ജനങ്ങൾ അഭയം പ്രാപിച്ചു പ്രാർത്ഥിക്കുന്നതും, അകലെ ഒരു മലമുകളിൽനിന്നു തേജപാവൃതനായ വി. പൗലോസു ഇറങ്ങിവന്നു കുരിശിൽ ഒരു കൊടിയും വഹിച്ചു ജനങ്ങളെ ക്രിസ്തുവിൻെറ മാർഗ്ഗങ്ങളിലേക്കു നയിക്കുന്നതുമാണ് അടുത്തരംഗം. കൊടിക്കായി ഉപയോഗപ്പെടുത്തുന്നതു് മുറിവുകളുള്ള ശരീരത്തിൻെറയും മുഖത്തിൻെറയും അടയാളമുള്ളതും ക്രിസ്തുവിൻെറ തിരുശരീരം പൊതിഞ്ഞിരുന്നതെന്നു വിശ്വസിക്കപ്പെടുന്നതും ട്യൂറിനിലെ അതിമെത്രാസന ദേവാലയത്തിൽ സൂക്ഷിച്ചുവച്ചിരുന്നതുമായ വസ്ത്രമാണെന്നു പറയപ്പെടുന്നു.

പ്രസ്തുതരംഗംമുതൽ രണ്ടുതരം ചിത്രങ്ങൾ സ്ക്രീനിൽ ഒരേസമയം പ്രദർശിപ്പിക്കപ്പെടും. മുൻസ്ക്രീനിൽ ഇന്നത്തെ യുദ്ധത്തിൻെറ ഭയങ്കരതകളും, ജീവിതരംഗങ്ങളും, തെരുവുകളിലെ മത്സരങ്ങളും മററും പ്രദർശിപ്പിക്കപ്പെടുമ്പോൾ പിൻസ്ക്രീനിൽ ക്രിസ്തുവിൻെറ യഥാർത്ഥജീവിതത്തിലെ വിവിധഘട്ടങ്ങളും വിശദമായി കാണിക്കപ്പെടും.

ഈ ചിത്രം മൂന്നുമണിക്കൂർ നേരത്തേക്കു നീണ്ടുനില്ക്കും. രണ്ടുലക്ഷം പവൻ ഇതിനു ചിലവുവരുമെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു.

(ഡി. എം.)




## Bosco Children's Club (ബി. സി. സി.)

# അസ്തമനകിരണങ്ങൾ

“കാരുണ്യാത്മാവായിട്ടും ദേവദേവൻ
ചാരുശ്രീമാൻ മോശയോടോതിപിന്നെ;
പോരും യത്നം, ഭക്തനാം നീ പരത്തിൽ
ചേരുന്നോരാ വാസരം വന്നടുത്തു”

പ്രിയ കുഞ്ഞുങ്ങളേ,

തിരുഹൃദയദേവാലയത്തിന്റെ പ്രതിഷ്ഠാകർമ്മം നടന്നതിന്റെ രണ്ടാം ദിവസം ആ ദേവാലയത്തിലെ “ക്രിസ്ത്യാനികളുടെ സഹായമാതാ”വിന്റെ പീഠത്തിൽ ബോസ്കോ അച്ചൻ ദിവ്യബലി അർപ്പിക്കുകയായിരുന്നു. പതുപതിനഞ്ചു പ്രാവശ്യം കുർബാന ഇടയ്ക്കു നിറുത്തേണ്ടതായിവന്നു. അദ്ദേഹം അത്യധികം വികാരഭരിതനും ക്ഷീണഗാത്രനുമായി കാണപ്പെട്ടു. തന്റെ ജോലികൾ അവസാനിപ്പിച്ചു നിത്യസമ്മാനത്തിനു പുറപ്പെടാനുള്ള കാലം അടുത്തിരിക്കുന്നുവെന്നു ഒരു ദർശനത്താൽ അദ്ദേഹം മനസ്സിലാക്കി ദിവ്യപൂജയുടെ ആദ്യന്തം ആ പുണ്യശ്ലോകൻ കൃതജ്ഞതാശ്രുക്കൾ പൊഴിച്ചുകൊണ്ടിരുന്നു. തിരുഹൃദയപ്പള്ളി പണിതീർക്കുന്നതിനുള്ള അന്തിമപരിശ്രമങ്ങളാൽ അദ്ദേഹം അവശനായിത്തീരുന്നതു അത്യൽക്കണ്ഠയോടെയാണ് എല്ലാവരും വീക്ഷിച്ചുവന്നതു്. സലേഷ്യൻ സഭാഭരണഭാരം അദ്ദേഹത്തിന്റെ പേർക്കു വഹിക്കുന്നതിലേക്കു പതിമൂന്നാം ലെയോൻ മാർപ്പാപ്പാ തിരുമനസ്സിലെ പ്രത്യേകനിർദ്ദേശാനുസരണം വേറൊരാളെ നിയമിക്കപോലുമുണ്ടായി. എങ്കിലും അതുകൊണ്ടൊന്നും അദ്ദേഹത്തിന്റെ ക്ലേശത്തിനു വലിയ പരിഹാരമുണ്ടായില്ല. അസ്തമനകാലം സമാഗതമാവുകതന്നെ ചെയ്തു. ഫാദർ ബോസ്കോ അവശനായിത്തീർന്നു

പുണ്യവാന്മാർ പീഡാനുഭവങ്ങളുടെ മൂശയിലാണല്ലോ വാർത്തെടുക്കപ്പെടുന്നതു്. ബോസ്കോഅച്ചനു തന്റെ ജീവിതകാലം മുഴുവൻ ഈ കാസാ ധാരാളമായി ലഭിച്ചിരുന്നു. വാതരോഗം നിമിത്തമുള്ള കഠോരവേദനകൾ അദ്ദേഹം നിരന്തരമെന്നോണം അനുഭവിച്ചുവന്നു. അസഹനീയമായ പല്ലുവേദനയും തലവേദനയും അദ്ദേഹത്തെ കൂടെക്കൂടെ അലട്ടിക്കൊണ്ടിരുന്നു. നാല്പതു വയസ്സിനു മുമ്പുതന്നെ അദ്ദേഹത്തിന്റെ കാഴ്ച മങ്ങിത്തുടങ്ങി. മരണത്തിനു എട്ടുപത്തു കൊല്ലം മുമ്പേ ഒരു കണ്ണിന്റെ കാഴ്ച മുഴുവൻ നഷ്ടിഭവിച്ചു. കായക്ലേശങ്ങൾ നിമിത്തം അദ്ദേഹത്തിന്റെ ശ്വാസകോശങ്ങൾക്കു സാരമായ ശക്തിക്ഷയം നേരിട്ടിരുന്നു. കൂടുതലായി അദ്ധ്വാനിക്കുമ്പോൾ രക്തം ഛർദ്ദിക്കുക പതിവായിത്തീർന്നു. ഈദൃശസഹചാരികളോടു കൂടിയാണ് ഇതേവരെ നാം ദർശിച്ച ധീരകൃത്യങ്ങളെല്ലാം അദ്ദേഹം നിർവ്വഹിച്ചതു്. എന്നാൽ ഇപ്പോൾ തീർത്തും അവശനായി ഭവിച്ചിരിക്കുന്നു പരസഹായം കൂടാതെ നടപ്പാൻപോലും അശക്തനായിത്തീർന്നിരിക്കുന്നു. 1887 ഡിസംബർവരെ വളരെ ക്ലേശിച്ചെങ്കിലും ദിവ്യബലി അർപ്പിച്ചുവന്നു. തദനന്തരം അതിനും പ്രാപ്തിയില്ലാതായി. തന്റെ മുറിയോടു അടുത്തുള്ള കപ്പേളയിൽ അദ്ദേഹത്തിന്റെ സെക്രട്ടറി കുർബാന ചൊല്ലുകയും, അദ്ദേഹം അതിൽ സംബന്ധിച്ചു ദിവ്യകാരുണ്യം സ്വീകരിക്കയും മാത്രം ചെയ്തുവന്നു.

പൂർണ്ണവിശ്രമം എടുക്കുന്നതിനു എല്ലാവരും അദ്ദേഹത്തോടഭ്യർത്ഥിച്ചു. “ജീവന്റെ ഒരു കണിക എന്നിൽ ശേഷിക്കുന്നുവെങ്കിൽ, എന്റെ സന്താനങ്ങളുടെ ആദ്ധ്യാത്മികവും ശാരീരികവുമായ നന്മയ്ക്കുവേണ്ടി എന്തെങ്കിലും പ്രവർത്തിച്ചുകൊണ്ടല്ലാതെ ഇരിപ്പാൻ എനിക്കു നിവൃത്തിയില്ല” എന്നത്രെ അദ്ദേഹം സമാധാനം പറഞ്ഞതു്. അതുപോലെ പ്രവർത്തിക്കയും ചെയ്തു. ഡിസംബർ 6-ാംനു- ഒരുസംഘം സലേഷ്യൻ മിഷനറിമാർ തെക്കേ അമേരിക്കയിലെ എക്വഡോറിലേക്കു യാത്ര പുറപ്പെടുന്നുണ്ടായിരുന്നു. അതു 12-ാമത്തേ സലേഷ്യൻ മിഷനറി സംഘമായിരുന്നു എന്നും പറയേണ്ടതുണ്ടു്. ശയ്യാവലംബിയായിരുന്ന അവരുടെ വന്ദ്യപിതാവു ക്രിസ്ത്യാനികളുടെ സഹായമാതാവിന്റെ പള്ളിയിലേക്കു ആവഹിക്കപ്പെട്ടു. പരിശുദ്ധ കുർബാനയുടെ ആശീർവ്വാദം കഴിഞ്ഞു ട്യൂറിനിലെ സഹമെത്രാൻ ആ യുവപ്രേഷിതരോടു ഒരു പ്രസംഗം പറഞ്ഞു അനന്തരം യാത്രപുറപ്പെടേണ്ട മിഷനറിമാർ ഓരോരുത്തരായി തങ്ങളുടെ പിതാവിന്റെ സന്നിധിയിലേക്കടുത്തു കൈമുത്തി ആശീർവ്വാദം വാങ്ങിയ രംഗം കാണികളെ പുളകംകൊള്ളിച്ചു

മിഷൻപ്രവർത്തനങ്ങൾ ഫലപ്രദമായി നടത്തിക്കൊണ്ടുപോകുന്ന കാര്യങ്ങളെപ്പററിത്തന്നെയായിരുന്നു അദ്ദേഹത്തിന്റെ അന്തിമസംഭാഷണങ്ങളെല്ലാം. “മിഷൻ രംഗങ്ങളെ സഹായിക്കുന്നതിനു എല്ലാവരോടും ഉപദേശിക്കുക. ക്രിസ്ത്യാനികളുടെ സഹായമായ മാതാവിൽനിന്നു മനോഗുണങ്ങൾ ലഭിക്കുന്നതിനു മിഷൻജോലിക്കാരെ സഹായിക്കുന്നതുപോലെ ഫലപ്രദമായ മാർഗ്ഗമില്ലെന്നു എല്ലായിടത്തും പ്രസംഗിക്കുവിൻ.” ഇതായിരുന്നു തന്റെ ശിഷ്യരോടുള്ള പ്രധാന പ്രബോധനം.

ഓററട്ടറി ബാലന്മാരിൽനിന്നുള്ള ഒന്നാമത്തെ മിഷനറിമെത്രാനായ മോൺസിഞ്ഞോർ കലിയേരോ തെക്കേ അമേരിക്കയിലെ പാററഗോണിയായിൽനിന്നു തങ്ങളുടെ പൂജ്യതാതനോടു അന്ത്യയാത്ര പറയുന്നതിനായി ദീർഘയാത്രകഴിച്ചു് അതിനിടയിൽ വന്നെത്തി. മിഷൻ പ്രവർത്തനത്തിന്റെ ഫലം പിതൃപാദങ്ങളിൽ സമർപ്പിക്കുന്നതിന്നെന്നോണം അവിടത്തെ ആദിമനിവാസികളിൽനിന്നു തങ്ങൾ ജ്ഞാനസ്നാനപ്പെടുത്തിയ ഒരു ചെറുബാലികയെ അദ്ദേഹം കൂടെ കൊണ്ടുവന്നിരുന്നു. “പിതാവേ! ലോകത്തിന്റെ അതിർത്തികളിൽനിന്നു അങ്ങേക്കായി ഞങ്ങൾ കൊണ്ടുവന്നിരിക്കുന്ന ആദ്യഫലം ഇതാ” എന്നു മെത്രാൻ പറകയിൽ ആ ബാലിക രോഗശയ്യയിൻ പക്കൽ ഭക്ത്യാദരപുരസ്സരം മുട്ടുകുത്തിക്കൊണ്ടു “പിതാവേ! എന്നെയും എന്റെ സഹോദരങ്ങളെയും രക്ഷിക്കുന്നതിനുവേണ്ടി മിഷനറിമാരെ അയച്ചുതന്നതിനു അങ്ങേക്കു ഞാൻ നന്ദിപറയുന്നു” എന്നു പ്രാകൃതഭാഷയിൽ ഉദീരണം ചെയ്തു. പിതാവും പുത്രനും കാണികളും ആനന്ദാതിരേകത്താൽ പൊട്ടിക്കരഞ്ഞുപോയി.

ഡിസംബർ 17-ാംനു- പത്തു മുപ്പതു യുവാക്കന്മാർ അദ്ദേഹത്തോടു അവസാനമായി ഒന്നു കുമ്പസാരിക്കുന്നതിനും, ആത്മകാര്യങ്ങൾ സംബന്ധിച്ചു സംസാരിക്കുന്നതിനുമായി വന്നിരിക്കുന്നു. അദ്ദേഹം ശയ്യാവലംബിയാണ്. എല്ലാവരും വിരോധിച്ചു ഈ സാഹസത്തിനു ഒരുമ്പെടരുതെന്നു്. “ഇതു അവസാനത്തേതാണ്. അവർ അകത്തേക്കു വരുവാൻ നിങ്ങൾ അനുവദിപ്പിൻ” എന്നു അദ്ദേഹം അഭ്യർത്ഥിച്ചു. അവരുടെ ആഗ്രഹവും നിവർത്തിച്ചുകൊടുത്തു. തീവ്രവേദനകൾക്കിടയിൽ ഈവിധ സമാശ്വാസങ്ങളാൽ അനുഗൃഹീതനായി തന്റെ അന്ത്യവിനാഴിക പ്രതീക്ഷിച്ചുകൊണ്ടു ബോസ്കോ അച്ചൻ ഇതാ അസ്തമനകിരണങ്ങൾ ചിന്തിക്കൊണ്ടു കിടക്കുന്നു.

പ്രിയ കുഞ്ഞുങ്ങളേ, സുഖമുള്ളകാലത്തു തങ്ങളുടെ ആത്മാവിനുവേണ്ടിഒന്നും പ്രവർത്തിക്കാതെ പിന്നെ പിന്നെ എന്നുവച്ചു കഴിയുന്ന ചില ബുദ്ധിഹീനന്മാരുണ്ടു്. ഒന്നിനും പ്രാപ്തിയില്ലാതെവരുന്ന ആ അവസാനകാലത്തു എന്തു ചെയ്വാൻ അവർക്കു കഴിയും? മിക്കവാറും നിരാശയിലേ അവർ കലാശിക്കയുള്ളു. എത്ര പ്രസരിപ്പോടുകൂടെ കഴിഞ്ഞിരുന്ന ബോസ്കോ അച്ചന്റെ ഇപ്പോഴത്തെ നില നോക്കുക. പരസഹായം കൂടാതെ എഴുന്നേററിരിപ്പാൻപോലും അദ്ദേഹത്തിനു സാദ്ധ്യമല്ല. ഇപ്പോൾ ഓടിനടക്കുന്ന കാലത്തു ഈ അന്ത്യരംഗങ്ങളെ നിങ്ങൾ ഇടയ്ക്കൊന്നു സ്മരിക്കണം. സമ്പാദ്യത്തിനുള്ളകാലം ഇപ്പോൾ മാത്രമാണെന്നു ഓർത്തുകൊള്ളണം.

### കൃതജ്ഞതാപ്രകാശനം

സത്യദീപം ഒരു പുതിയ വയസ്സിലേക്കു പ്രവേശിച്ചിരിക്കുന്ന ഈ അവസരത്തിൽ ബാലരംഗത്തിനും ചില കൃതജ്ഞതകൾ പ്രകാശിപ്പിക്കാനുണ്ടു്. ഒന്നാമതു ബാലരംഗകാര്യത്തിൽ കുട്ടികൾ പ്രദർശിപ്പിക്കുന്ന പ്രബുദ്ധതയെപ്പററി എന്തുമാത്രം നന്ദിപറഞ്ഞാലും മതിയാകുന്നതല്ല. നിങ്ങളുടെ ഓരോ കത്തിലും അതു പ്രതിബിംബിച്ചുകാണുന്നതിൽ ഞാൻ അത്യന്തം കൃതജ്ഞനായിരിക്കുന്നു. രണ്ടാമതു നിങ്ങളുടെ നിർമ്മല പ്രാർത്ഥനകൾക്കും ഞാൻ അനല്പമായി കടപ്പെട്ടിട്ടുണ്ടു്. ഹെർണിയാ മൂർത്തിച്ചു്, ഈ ആണ്ടുവട്ടത്തിനകത്തു അഞ്ചെട്ടുതവണ മരണാപകടത്തിലെത്തിയതാണ്. വയസ്സും ക്ഷീണവും അധികമായിരിക്കുന്നതിനാൽ ഓപ്പറേഷൻ പാടില്ലെന്നു ഡോക്ടറന്മാർ വിധിച്ചിരിക്കുന്നു. എന്റെ കുഞ്ഞുങ്ങളുടെ പ്രാർത്ഥന ഒന്നുകൊണ്ടാണ് ഈ അപകടസന്ധികൾ തരണംചെയ്തു് ഇവിടംവരെ എത്തിയതെന്നു ഞാൻപൂർണ്ണമായി വിശ്വസിക്കുന്നു. ഇതിനിടയിലും നമ്മുടെ ബാലരംഗം ഒരു തവണപോലും മുടക്കാനിടവന്നിട്ടില്ലെന്നുള്ളതും നിങ്ങളുടെ സഹായം കൊണ്ടുതന്നെ. ഓററട്ടറി കുട്ടികളുടെ വിദ്യകൾ എന്റെ കുഞ്ഞുങ്ങളും കരസ്ഥമാക്കിക്കഴിഞ്ഞെന്നു തോന്നുന്നു. ദൈവം അനുഗ്രഹിക്കട്ടെ. ദൈവചിത്തം നിറവേറുവാൻ മാത്രം വല്യച്ചനുവേണ്ടി തുടർന്നപേക്ഷിച്ചുകൊണ്ടാൽമതി. ഇത്ര ക്ലേശിച്ചു വല്യച്ചൻ നടത്തുന്ന ബാലരംഗം ഫലപ്രദമാക്കാൻ എല്ലാവരും ഉററുശ്രമിക്കയും വേണം.

### പദ്യരചനക്ലാസ്സ്

ഒരു പദ്യത്തിൽ ഇത്രയക്ഷരം ഉണ്ടായിരിക്കണമെന്നുള്ള നിബന്ധനയെപ്പററിയാണല്ലോ കഴിഞ്ഞതവണ പ്രസ്താവിച്ചതു്. എന്നാൽ അതുകൊണ്ടുമായില്ല. ആ അക്ഷരങ്ങളിൽ ഇന്നതു ദീർഘമായിരിക്കണം, ഇന്നതു ഹ്രസ്വമായിരിക്കണം എന്നും പ്രമാണമുണ്ടു്. ഇതെല്ലാം നിർണ്ണയിക്കുന്ന ശാസ്ത്രത്തിനാണ് വൃത്തശാസ്ത്രമെന്നു പേരുപറയുന്നതു്.

വൃത്തശാസ്ത്രത്തിൽ ദീർഘാക്ഷരത്തിനു “ഗുരു” എന്നും ഹ്രസ്വാക്ഷരത്തിനു “ലഘു” എന്നും പേരുകൾ നൽകപ്പെട്ടിരിക്കുന്നു, അക്ഷരമെന്നു ഇവിടെ പറയുമ്പോൾ സ്വരങ്ങളെന്നുമാത്രം മനസ്സിലാക്കേണ്ടതാണ്. സ്വരബന്ധം കൂടാതെ തനിച്ചുനില്ക്കാൻ കഴിയുന്ന ചില വ്യഞ്ജനങ്ങളുണ്ടെന്നു നിങ്ങൾ വ്യാകരണത്തിൽ പഠിച്ചിട്ടില്ലേ? അതായതു്, ർ, ൽ, ൾ, ൺ, ൻ എന്ന ചില്ലുകൾ. ഇവയ്ക്കു അക്ഷരത്തിന്റെ സ്ഥാനമില്ല. അടുത്തു നില്ക്കുന്ന അക്ഷരത്തിന്റെ അകമ്പടിക്കാരനായിട്ടേ കണക്കാക്കുന്നുള്ളു. ജോൺ ബോസ്കോ എന്നു എഴുതുമ്പോൾ, വള്ളിയും പുള്ളിയും കുറേ അധികമൊക്കെ കാണാനുണ്ടെങ്കിലും, ആകെ മൂന്നക്ഷരം മാത്രമേ ആ വാക്കിലുള്ളു. ജ് എന്ന വ്യഞ്ജനത്തോടു, ഓ എന്ന സ്വരം ചേരുമ്പോൾ, ജോ എന്നൊരക്ഷരം. ൺ ചില്ലാകയാൽ അക്ഷരമല്ല. അതിനു മുമ്പു നില്ക്കുന്ന “ജോ” യോടുചേർന്നു ഒന്നായിത്തീരുന്നു. “ബോ” അതുപോലെ ഒരക്ഷരം മാത്രം. “സ്കോ” യും നല്ല വണ്ണമുള്ള ഒരു കൂട്ടക്ഷരമാണെങ്കിലും, ഒററ വോട്ടുമാത്രം—ഏക അക്ഷരം. ഇങ്ങനെ ആകെ മൂന്നക്ഷരമേയുള്ളു.

ഇനി ഗുരുവും ലഘുവും തരംതിരിക്കുന്നതിലും അല്പമൊന്നു മനസ്സിലാക്കാനുണ്ടു്. ദീർഘമായിട്ടുള്ളതു് എപ്പോഴും ഗുരുതന്നെ. ജോൺ ബോസ്കോയിലെ മൂന്നക്ഷരങ്ങളും ദീർഘമാകയാൽ ഗുരുവാണെന്നു സ്പഷ്ടം. എന്നാൽ അതിനുംപുറമേ ലഘുവായിട്ടുള്ളതും ചിലപ്പോൾ ഗുരുവായിത്തീരും. (ഏഴാംക്ലാസ്സു ജയിക്കുന്ന കൊച്ചുപിള്ളേരു ഗുരുക്കന്മാരായിത്തീരുന്നതുപോലെ!) അതിനും പ്രമാണമുണ്ടു്. ഹ്രസ്വത്തിന്റെ പിമ്പിൽ അനുസ്വാരമോ, വിസർഗ്ഗമോ, ബലവിച്ചു ശബ്ദിക്കുന്ന ചില്ലോ, കൂട്ടക്ഷരമോ വന്നാൽ ആ ഹ്രസ്വവും ഗുരുവായിരിക്കും. ഉദാഹരണം പറയാം. പീഠിക ഒന്നാം പദ്യം നോക്കുക. ഒന്നാം പാദം ഒടുവിലത്തെ അക്ഷരം “ഞ്ചെ” ഹ്രസ്വമാണെങ്കിലും ഗുരുവാണ്. എന്തുകൊണ്ടു്? “ം” എന്ന അനുസ്വാരം അതിന്റെ പിമ്പേയുള്ളതിനാൽ. “ഞ്ചെം” എന്നതിനപ്പുറം നില്ക്കുന്ന “പ” ഹ്രസ്വമാണെന്നു തോന്നും. എന്നാൽ ഞ്ചെ എന്ന കൂട്ടക്ഷരത്തിനു മുൻ നില്ക്കുന്നതിനാൽ അതും ഗുരുവായിട്ടു കണക്കാക്കണം—“ദുഃഖം നിമിത്തം” എന്നതിലെ “ദു” വിസർഗ്ഗം വന്നതിനാൽ ഗുരുവായിത്തീരുന്നു.

കൂട്ടക്ഷരവും ചില്ലും വരുമ്പോൾ ബലവിച്ചു ഉച്ചരിക്കുന്നതായാൽമാത്രമേ അതിനുമുമ്പുള്ള ഹ്രസ്വം ഗുരുവാകയുള്ളു എന്നു പ്രമാണത്തിൽ പറഞ്ഞതു ഒന്നു

---

ഐ. സി. ചാക്കോ ആദിയായ പണ്ഡിതന്മാർ ഡാനിയേലിന്റെ വൃഥാവാദങ്ങൾക്കു് വീണ്ടും മറുപടി എഴുതാതെ മൗനം അവലംബിച്ചു്. ഇപ്രകാരമുള്ള മൗനം തന്റെ ഭാഗത്തേക്കു് ഒരു വലിയ വിജയമായി കൊട്ടിഘോഷിക്കുന്നതിനെ വിലവയ്ക്കുവാൻ വിവരമുള്ളവരിൽ ഒരുവൻപോലും സന്നദ്ധത പ്രദർശിപ്പിക്കുന്നതല്ല.

“പാപ്പാധിപത്യ”മാകുന്ന പാറമേൽ തലതല്ലുവാൻ തുടങ്ങിയതിനുമുമ്പ് മി. ഡാനിയേൽ പലരുമായി നടത്തിയിട്ടുള്ള വാദപ്രതിവാദങ്ങളുടെ അന്ത്യം അറിയാവുന്നവരിലാരുംതന്നെ ഈദൃശവിജയഭേരി കേട്ടു പരിഭ്രമിക്കുന്നതല്ല. മാർത്തോമ്മാസഭയിലേ കൈവെപ്പിനെപ്പററി യാക്കോബ്യരുമായും, ശിശുസ്നാനത്തെക്കുറിച്ചു് ബ്രദറൺകാരുമായും, തക്സാപരിഷ്കരണത്തെപ്പററി മാർത്തോമ്മാക്കാരുമായും, മൂറോനഭിഷേകത്തെക്കുറിച്ചു് ഓർത്തഡോക്സുകാരുമായും ദീർഘനാൾ തീവ്രമായ വാദപ്രതിവാദം മി. ഡാനിയേൽ നടത്തിയിട്ടുണ്ടു്. അവയിലെല്ലാം പരാജയം കൈവരിച്ചതു് മി. ഡാനിയേൽ തന്നെയാണെങ്കിലും അവസാനം എഴുതിനിറുത്തി എന്നുള്ള ഏകകാരണം ഉന്നയിച്ചുകൊണ്ടു് താനാണു ജയിച്ചതെന്നു് അന്നെല്ലാം മി. ഡാനിയേൽ കൊട്ടിഘോഷിച്ചിട്ടുമുണ്ടു്. എങ്കിലും “പാപ്പായുടെ ആധിപത്യ”ത്തോടു എതിരിട്ടതുനിമിത്തം പററിയ ഭയങ്കരപരാജയംപോലെ മററു യാതൊരു വാദപ്രതിവാദത്തിലും സംഭവിച്ചിട്ടില്ലെന്നുള്ളതു് ഇന്നാട്ടിലുള്ള സകലർക്കും അറിയാവുന്ന പരമാർത്ഥമാണു്.

ഏതായാലും “ഉർവ്വശീശാപം ഉപകാരം” എന്നവിധം കത്തോലിക്കാസഭയെപ്പററി അന്വേഷിക്കുന്നതിനും, പഠിക്കുന്നതിനും, തൽഫലമായി സത്യം ഗ്രഹിക്കുന്നതിനും, അവസാനം സത്യസഭയെ ആശ്ലേഷിക്കുന്നതിനും മി. ഡാനിയേലിന്റെ പുസ്തകവും തുടർന്നുണ്ടായ വാദപ്രതിവാദങ്ങളും ഇക്കേരളത്തിലുള്ള അനേകർക്കും ഇടയാക്കിത്തീർത്തിട്ടുണ്ടെന്നുള്ളതു തിന്മയിൽനിന്നും നന്മയെ ഉളവാക്കുന്നതിനുള്ള ദൈവത്തിന്റെ അനന്തശക്തിയെ തെളിയിക്കതന്നെ ചെയ്യുന്നു. ഇനിയും ഒരു വാദപ്രതിവാദത്തിനുകൂടെ ഈ “കൌശലപദ്ധതി” മൂലം കത്തോലിക്കരെയെല്ലാം മി. ഡാനിയേൽ വെല്ലുവിളിക്കുന്നുണ്ടെങ്കിലും, “നിങ്ങൾക്കു യേശുക്രിസ്തുവിൽ വിശ്വാസമില്ലെന്നു കാണുന്നതിനാൽ ക്രൈസ്തവസിദ്ധാന്തങ്ങളെപ്പററി നിങ്ങളോടു വാദിക്കുവാൻ ഞാൻ തയ്യാറില്ല” എന്നു ശ്രീമാൻ ഐ. സി. ചാക്കോ അവർകൾ ഈയിടെ മി. ഡാനിയേലിനു് അയച്ച കത്തിലെ അതേ വാചകം തന്നെയായിരിക്കും മററുള്ള സകല കത്തോലിക്കരും മറുപടിയായി നല്കുന്നതെന്നു് മി. ഡാനിയേൽ ഇനിയുമെങ്കിലും മനസ്സിലാക്കിയാൽ കൊള്ളാം.

ചെറുകഥ

# പറുദീസാ

(ജി. സി ടിലാർ)

1917 ഫെബ്രുവരി 21-ാംനു ആയിരുന്നു ബോൾഷെവിക് വിപ്ലവം. മുളു എടുക്കുവാൻപോകുന്ന പറുദീസായെപ്പററി പുരോഗമനസാഹിത്യകാരന്മാർ വളരെ ഒച്ചപ്പാടുണ്ടാക്കികൊണ്ടിരിക്കയായിരുന്നു. വായിച്ചു ലഹരിപിടിച്ചിരുന്നവർക്കും ഒരു തിടുക്കമുണ്ടായി അതൊന്നു കാണുവാൻ. അവരുടെ തലമുറയിൽത്തന്നെ അതു വന്നു. വൃദ്ധനായ ശിമയോനെപ്പോലെ അവർ ഭാഗ്യവാന്മാരായിത്തീർന്നുവോ?

"കുഞ്ഞേ, നീ എന്തെടുക്കയാണു്?"—ചോദിച്ചു അമ്മ തന്റെ കൊച്ചുമകളോടു്. ആ ചോദ്യത്തിൽ മകൾക്കു് ഈർഷ്യം തോന്നി. അമ്മ എന്നും മകൾ എന്നും ഉള്ള വാക്കുകൾക്കു യാതൊരർത്ഥവുമില്ലെന്നാണു അവൾ സ്കൂളിൽവച്ചു പഠിച്ചിട്ടുള്ളതു്. അവൾ പ്രതിവചിച്ചു സഗൗരവം: "നിങ്ങൾ ആരാണു് എന്നോടിങ്ങനെ ചോദിക്കാൻ!" ജേക്കോബാത്തിന്റെ കണ്ണുകളിൽനിന്നും കണ്ണുനീർ ധാരധാരയായി ഒഴുകി. മകൾക്കുവേണ്ടി ആ സ്ത്രീ കഷ്ടപ്പെട്ടിട്ടുള്ളതു കുറച്ചൊന്നുമല്ല. സാർ ചക്രവത്തിയുടെ കാലത്തു അവർ ദരിദ്രയായിട്ടാണു ജീവിച്ചിരുന്നതു്. എങ്കിലും സ്വന്തം വയറിനെ പറഞ്ഞുനിറുത്തി അവർ തൃപ്തിയാംവണ്ണം ആഹാരം കൊടുക്കുമായിരുന്നു മകൾക്കു്. അവൾക്കു സുഖക്കേടുവന്നപ്പോൾ അനേകം രാത്രികളിൽ ഉറക്കമിളച്ചിരുന്നു് അവർ പരിചരിച്ചിട്ടുണ്ടു് അവളെ. അന്നൊക്കെ അമ്മയും മകളുമായി അവരിരുവരും കഴിഞ്ഞുകൂടി. ഒരു പുനർവിവാഹത്തിനുപോലും സമ്മതിച്ചില്ല ജേക്കോബാത്തു് മകളെ ഓർത്തു്.

പറുദീസായിൽ കാലുകുത്തിക്കഴിഞ്ഞപ്പോൾ അവർ ഞെട്ടിപ്പോയി. സ്ത്രീക്കും പുരുഷനും പരിപൂർണ്ണസമത്വം പ്രഖ്യാപിക്കപ്പെട്ടു. ജേക്കോബാത്തു് മററു പുരുഷന്മാരോടൊപ്പം ഇരുമ്പുപണി, കല്ലുവെട്ടു്, മരംകയററം മുതലായ ജോലികളെല്ലാം ചെയ്യണമെന്നായി. ഗവമ്മെൻറിന്റെ ആരോഗ്യവകുപ്പിൽനിന്നും പുറപ്പെട്ട ഒരു നിർദ്ദേശം. "സ്ത്രീസഹജമായ അവശതകൾ നിമിത്തം ജോലിയിൽനിന്നും ഒഴിവെടുക്കുവാൻ സ്ത്രീകളെ ആരെയും അനുവദിച്ചുകൂടാ കരുതു്." ജേക്കോബാത്തു് പണ്ടേതന്നെ ഒരു പട്ടിണിക്കോലമായിരുന്നു. പക്ഷേ അന്നെങ്ങും വയ്യാത്ത ജോലി ആരും അവരെക്കൊണ്ടു ചെയ്യിച്ചിരുന്നില്ല. വേല ഇല്ലെങ്കിൽ കൂലിയുമില്ല എന്നതുമാത്രമേ അവർക്കറിയാമായിരുന്നുള്ളു. പറുദീസായിൽ ആ സ്ഥിതി ഭേദപ്പെട്ടു. ആരുടെയും ഇഷ്ടാനിഷ്ടങ്ങൾ അനുസരിച്ചല്ല ജോലിചെയ്യേണ്ടതു്.

ലെനിനുവേണ്ടി ഒരു വേനൽക്കാലവസതി പണുതുവയ്ക്കുവാൻ ഉദ്യോഗസ്ഥന്മാർ ബദ്ധപ്പെടുകയായിരുന്നു. ജേക്കോബാത്തിനു കരിങ്കല്ലു കീറുവാനുള്ള ജോലിയാണു കിട്ടിയതു്. ജീവനെ ഭയന്നു് ആ ജോലി അവർ വിശ്രമംകൂടാതെ ചെയ്തുകൊണ്ടിരുന്നു. എങ്കിലും ക്ലേശിച്ചുവശായ ശരീരം മനസ്സിന്റെ ഭയത്തിനു തങ്ങിനിന്നില്ല. അതു തളർന്നു നിലംപതിക്കതന്നെ ചെയ്തു. അനുകമ്പാകുലരായ ചിലർ അവരെ താങ്ങിയെടുക്കുവാൻ അടുത്തു ചെല്ലുകയുണ്ടായി. തൊഴിൽ മാനേജർക്കു് അതിഷ്ടപ്പെട്ടില്ല. അനുകമ്പകൊണ്ടു ജോലി മിനക്കെടുത്തിയ ഓരോരുത്തർക്കും അയാൾ പത്തു റൂബിൾസ് വീതം പിഴയിട്ടു. ഒരു ചാട്ടകൊണ്ടു് ജേക്കോബാത്തിനെ അടിയും തുടങ്ങി. അവർ ബോധരഹിതയായിത്തീർന്നു വൈകുന്നേരം ആറുമണിയായിട്ടും എഴുന്നേററില്ല. മണി അടിച്ചപ്പോൾ ജോലിസ്ഥലത്തുനിന്നും എല്ലാവരും പിരിഞ്ഞു. തളർന്ന ഒരു ശരീരം കീറത്തുണിയിൽ പൊതിഞ്ഞു് ആ പാറക്കെട്ടിലും. ചിലപ്പോൾ അതിൽനിന്നും ശ്വാസം തള്ളുന്നുണ്ടു്.

വളരെ വൈമനസ്യത്തോടെയാണു മരിയ അന്നു സ്ഥലം വിട്ടതു്. മാനേജരുടെ കണ്ണുമാച്ചു് പലപ്പോഴും അവൾ പുറകോട്ടുനോക്കി. "സോവ്യററ് സ്ത്രീകൾ നിരുപയോഗമായ വീട്ടുവേലയിൽനിന്നും വിമോചിക്കപ്പെട്ടിരിക്കുന്നു" എന്നെഴുതിയിട്ടുള്ള ഷബുറോവിന്റെ ഗ്രന്ഥമാണു് അവൾ സ്കൂളിൽവച്ചു പഠിച്ചതു. ഷബുറോവിനെപ്പോലെ സ്ത്രീസ്വാതന്ത്ര്യത്തിനുവേണ്ടി വാദിച്ചിട്ടുള്ള നേതാക്കന്മാർ ചുരുങ്ങും. അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങൾ വീണ്ടും വീണ്ടും വായിച്ചു് അവൾ അഭിമാനംകൊണ്ടിരുന്നു അന്നു്. പക്ഷേ പരുപരുത്ത യാഥാർത്ഥ്യങ്ങളുമായി ഇട്ടാണു മല്ലിടുന്നതു് ഇന്നവൾ. അവൾക്കു് അമ്മയോടു സ്നേഹമുണ്ടായിത്തുടങ്ങി; "ഇന്നു ഞാൻ നാളെ നീ" എന്നു് എഴുതപ്പെട്ടിരിക്കുന്നതായി കണ്ടു ജേക്കോബാത്തു് ഇളകിയിട്ട കരിങ്കൽക്കഷണങ്ങളിൽ. തന്നെപ്പററി അല്പമെങ്കിലും വിചാരമുണ്ടായിരുന്നതു് അമ്മയുമാത്രമാണെന്നു് അവൾക്കു ബോധ്യംവന്നു. മറ്റുള്ളവരെല്ലാം മരണത്തെയും തൃണവൽഗണിക്കുവാൻ അവൾക്കൊരു പ്രചോദനമുണ്ടായി.

അന്നു രാത്രി ഊട്ടുശാലയിൽ മരിയ അത്താഴത്തിനു വന്നില്ല. സുന്ദരിയായ അവളോടു് മാനേജർക്കു് അല്പം വാത്സല്യമുണ്ടായിരുന്നു. ഡിററിനോവ് അവളെപ്പററി അന്വേഷണം നടത്തി. മരിയ കരഞ്ഞുകൊണ്ടിരിക്കുന്നു എന്നൊരാൾ അറിവുകൊടുത്തു. അയാൾ ഉടൻ മരിയയുടെ അടുത്തെത്തി.

"മരിയാ, ഓമനേ, നീ എന്താണിങ്ങനെ കരഞ്ഞുകൊണ്ടിരിക്കുന്നതു്?"

"എനിക്കിനി ഈ കാട്ടുമൃഗങ്ങളുടെ ഇടയിൽ പൊറുക്കാൻ കഴിയുല."

"നീ എന്താണിങ്ങനെ പറയുന്നതു്? നമ്മുടെ ലെനിനും മററു നേതാക്കന്മാരും എന്തു ബുദ്ധിമുട്ടിയാണു് നമ്മെ ഈ വിധത്തിൽ ഉയർത്തിക്കൊണ്ടുവന്നതു്?"

"എങ്ങനെ ഉയർത്തി എന്നാണങ്ങു പറയുന്നതു്?"

"കൊള്ളാം, കൊള്ളാം. നിക്കോളാസ് രണ്ടാമനും അലക്സാന്ദ്ര ചക്രവത്തിനിയുംകൂടി രാജ്യം ഭരിച്ചുകൊണ്ടിരുന്നപ്പോൾ നിനക്കു നല്ല ഓർമ്മ ഇല്ലായിരുന്നിരിക്കണം. സാർ ചക്രവത്തിയുടെകാലത്തു നമുക്കു് ഒരുനേരത്തെ ആഹാരത്തിനുപോലും വക കിട്ടുമായിരുന്നില്ല. എന്നാൽ ഇന്നു നമ്മൾ സുഖിക്കയല്ലേ? ആലോചിച്ചുനോക്കു."

"ആരു സുഖിക്കുന്നു? എങ്ങനെ സുഖിക്കുന്നു? നിത്യം തൊഴിൽചെയ്യുന്ന ഞങ്ങൾക്കെന്താണു സുഖം? മാനേജരന്മാരായ നിങ്ങൾക്കു സുഖമായിരിക്കും."

"എന്നാലും സാർ ചക്രവത്തിയുടെയും റാസ്പുട്ടിന്റെയും കാലത്തെക്കാൾ സുഖമാണെല്ലാവർക്കും."

"അതെ, അതെ, അമ്മ പറഞ്ഞിട്ടുള്ളതു ഞാനോർക്കുന്നു. സാർചക്രവത്തിയുടെ കാലത്തു ഞങ്ങൾക്കു വീട്ടിലുണ്ടെങ്കിൽ കഴിക്കാമായിരുന്നു. ഇല്ലെങ്കിൽ മററാരുടെയും ഉപദ്രവം കൂടാതെ കിടന്നുറങ്ങാമായിരുന്നു."

"ഇപ്പോൾ ആരാണു നിങ്ങളെ കിടത്തിയുറക്കയില്ലാത്തതു്?"

"ആരാണെന്നറിയണമോ? അവശതകൊണ്ടു വീണുപോയ എന്റെ അമ്മയെ അങ്ങല്ലേ ചാട്ടകൊണ്ടടിച്ചു കൊന്നിട്ടുകളഞ്ഞതു്?"

"അയ്യോ, അതു നിന്റെ അമ്മയായിരുന്നോ? ഞാനറിഞ്ഞില്ല."

"അറിഞ്ഞാലെന്തു്, അറിഞ്ഞില്ലേലെന്തു്? ഒരു സാധുസ്ത്രീയോടു ചെയ്യുന്നതെങ്ങനെ എന്നെനിക്കു മനസ്സിലായി. നാളെ എന്നോടും ഇങ്ങനെ."

"ക്ഷമിക്കണം, ക്ഷമിക്കണം. അമ്മയുടെ പേരെന്തു!"

"ജേക്കോബാത്തു്."

ജേക്കോബാത്തു്! അയാൾ ആ പേരെടുത്തുച്ചരിച്ചു. അയാളുടെ ഹൃദയത്തിൽ ക്രൂരി ഒരിടിമിന്നൽ. സംഭ്രമത്തിന്റെ ഓളങ്ങൾ വദനത്തിലേക്കു് ഇരച്ചുകയറി; കണ്ണുകൾ നിറഞ്ഞു ശരീരം ആസകലം വിറയ്ക്കുവാൻ തുടങ്ങി. മാനേജരുടെ ഭാവഭേദം കണ്ടു് മരിയ അത്ഭുതപ്പെടുകയായിരുന്നു. "ആ പേരു കേട്ടപ്പോൾ എന്തുകൊണ്ടാണു് അങ്ങിത്ര വികാരഭരിതനായതു്? വല്ലിടത്തും വച്ചു പരിചയമുണ്ടോ?" ചോദിച്ചു മരിയ. അതിനുത്തരമൊന്നുമുണ്ടായില്ല ഡിററിനോവ് മരിയയെ കെട്ടിപ്പിടിച്ചു നിലവിളിച്ചുകൊണ്ടു പറഞ്ഞു: "ഞാനാണു നിന്റെ സഹോദരൻ ഡിററിനോവ്." അത്ഭുതങ്ങളെല്ലാംകൂടി ഒരു കെട്ടായി തലയിൽവന്നു പതിച്ചതുപോലെ തോന്നി മരിയക്കു്.

അവൾ സഹോദരനെ കണ്ടിട്ടുണ്ടായിരുന്നില്ല. ചെറുപ്പത്തിലേ അയാൾ വീടുവിട്ടിറങ്ങി കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ ചേർന്നതാണു്. അമ്മയിൽനിന്നും അവൾ സഹോദരനെപ്പററി കേട്ടിട്ടുണ്ടു്. ദീർഘകാലം ഡിററിനോവ് കമ്മ്യൂണിസ്റ്റ് പാർട്ടിയെ വിശ്വസ്തതയോടുകൂടി സേവിച്ചു വിപ്ലവം ജയിച്ചപ്പോൾ അതിനൊരു സമ്മാനം കിട്ടി തൊഴിൽമാനേജരുദ്യോഗം. അതാണു് അയാൾ ഇപ്പോൾ നിർവ്വഹിച്ചുകൊണ്ടിരിക്കുന്നതു്. കമ്മ്യൂണിസ്റ്റ് ഉദ്യോഗസ്ഥന്മാർ അതികർശന്മാരായിരിക്കണമെന്നാണു നിർബന്ധനിയമം. ജോലി ചെയ്യുവാൻ കെല്പില്ലാത്തവരെ കൊന്നുകളയുവാനും അലസന്മാരെ അടിച്ചു പണി എടുപ്പിക്കുവാനും അവർക്കധികാരമുണ്ടു്. ദാക്ഷിണ്യം കാണിക്കുന്നവർ ചിലപ്പോൾ ലോകത്തുനിന്നു് അപ്രത്യക്ഷരായെന്നുംവരും.

അവർ ഇരുവരുംകൂടി ഒരു ടോർച്ചുമായി ആ പാറക്കെട്ടിലേക്കു് ഓടി. ജേക്കോബാത്തു് അപ്പോഴും ശ്വാസോച്ഛ്വാസം ചെയ്യുന്നുണ്ടായിരുന്നു. അയാൾ അവരെ താങ്ങി എഴുന്നേല്പിച്ചിരുത്തി. അല്പം നല്ലവെള്ളം മുഖത്തു തളിച്ചു അവർക്കു ബോധമുണ്ടായി. കുടിക്കാൻ ഒരു പാനീയം കൊടുത്തു. അവർ അതു കുടിച്ചിറക്കി. അയാൾ അമ്മേ എന്നു വിളിച്ചു് കവിളിൽ ഒരു ചുംബനം. ജേക്കോബാത്തിന്റെ കണ്ണുകൾ നിറഞ്ഞു ഒന്നും മിണ്ടുവാൻ കഴിഞ്ഞില്ല. ഡിററിനോവ് മുട്ടുകുത്തിമാപ്പിരന്നു. അവർക്കൊന്നും മനസ്സിലായില്ല. മകനാണു തന്നെ ചാട്ടകൊണ്ടടിച്ചതെന്നു് അവർ എങ്ങനെ വിശ്വസിക്കും?

"നീ ഇപ്പോൾ ഇവിടെ എങ്ങനെവന്നു മകനേ" എന്നവർ ചോദിച്ചു. ഡിററിനോവ് കണ്ണുനീർ തുടച്ചുകൊണ്ടു പറഞ്ഞു തുടങ്ങി. "ഞാൻ വീടുവിട്ടിറങ്ങിയ ദിവസം അമ്മ, ഓർക്കുന്നുണ്ടായിരിക്കുമല്ലോ. കമ്മ്യൂണിസ്റ്റ് പാർട്ടിക്കുവേണ്ടി ജോലി ചെയ്യുവാനാണു് ഞാൻ നിയുക്തനായതു്. എട്ടുവർഷം ഞാൻ അവരെ സേവിച്ചു. എനിക്കു തടിച്ച ശമ്പളവും അവർ തന്നുകൊണ്ടിരുന്നു. അമ്മയെയും മരിയയേയും കാണണമെന്നുള്ള ആഗ്രഹം പ്രകടിപ്പിച്ചപ്പോൾ അവർ അതിനെ തടയുകയാണു ചെയ്തതു്. കുടുംബബന്ധങ്ങളെല്ലാം തട്ടിത്തകർക്കണമെന്നാണു് അവരുടെ അഭിപ്രായം. അവരുടെ ശമ്പളക്കാരനായതുകൊണ്ടു് ആ അഭിപ്രായം ഞാനും ഏററുപാടി. മൃഗീയമായ ആനന്ദങ്ങളിലേക്കു ഞാൻ ഒഴുകിവീണു. കുടുംബത്തിന്റെ കാര്യമേ ഞാൻ മറന്നു. വിപ്ലവം ജയിച്ചപ്പോൾ എനിക്കു കിട്ടിയ ഉദ്യോഗമാണു് തൊഴിൽ മാനേജർ സ്ഥാനം."

"മാനേജരുദ്യോഗത്തിലിരിക്കുന്ന

(ശേഷം 8-ാം പേജിൽ)

---

നോട്ടംചെയ്തുകൊള്ളണം. ബലമായിട്ടും, മയമായിട്ടും അവ ശബ്ദിക്കുന്ന സ്ഥലങ്ങളുണ്ടു്. ബലമായിട്ടു ഉച്ചരിക്കുമ്പോൾ മാത്രമാണു് അതിനപ്പുറത്തുള്ള ഹ്രസ്വം ഗുരുവാകുന്നതു്. ഉദാഹരണത്തിനു ഒന്നാംവരിയിലെ "നിഖിലപ്രപഞ്ചം"തന്നെ എടുക്കുക. "പ്ര" ബലമായിട്ടുച്ചരിക്കുന്നു. അതിനാൽ "ല" ഗുരു. സകലപ്രപഞ്ചവും എന്നു മയത്തിൽ ശബ്ദിക്കുന്നിടത്താണെങ്കിൽ "ല" ലഘുതന്നെ. മലർപ്പൊടി, മലർമാല. ഇവിടെ ആദ്യത്തെ "ർ" ബലമായിട്ടും രണ്ടാമത്തേതു മയമായിട്ടും ആണെന്നു കാണാമല്ലോ. പഴയപാഠങ്ങൾ ഒന്നെടുത്തു നോക്കണം. ശേഷം പിന്നാലെ.

എന്നു സ്വന്തം വല്യച്ചൻ

## നിങ്ങൾക്കറിയാമോ?

അമലോത്ഭവമാതാവിന്റെ ഒപ്പീസിലുള്ള താഴെ പറയുന്ന അഭിവാദ്യങ്ങളുടെ സാരം വിശദമാക്കുക.

1 പ്രഭാതതാരം 2 ദൈവത്തിനു പ്രതിഷ്ഠിതവും സപ്തസ്തംഭത്താലും പീഠത്താലും അലംകൃതവുമായ ഭവനം. 3 വിശുദ്ധാത്മാക്കളുടെ വാതിൽ.

(ഉത്തരങ്ങൾ 9-ാം പേജിൽ)

---

## ജൂബിലിമഹാമഹം

കാഞ്ഞിരപ്പള്ളിയിലെ ചരിത്രപ്രസിദ്ധമായ പഴയപള്ളി സ്ഥാപിച്ചു് ദിവ്യബലി അർപ്പിച്ചിട്ടു് അഞ്ഞൂറുവത്സരം പൂർത്തിയാകുന്നതു് അടുത്ത സെപ്ററംബർ 8-ാംനു-യാകുന്നു. പ്രസ്തുത സംഭവം അതർഹിക്കുന്ന ആഘോഷപരിപാടികളോടുകൂടി കൊണ്ടാടുന്നതിനു് ഇടവകജനങ്ങൾ ഒന്നുചേർന്നു നിശ്ചയിക്കുകയും നടപടികൾ ആരംഭിക്കുകയും ചെയ്തിരിക്കുന്നു.

### പ്രോഗ്രാം

1949 സെപ്ററംബർ 1-മുതൽ 7 വരെ തീയതികളിൽ ടി പഴയപള്ളിയിൽ കാലത്തു 7-30 നു് സുപസ്സുകർബാന. ഉച്ചകഴിഞ്ഞു് 5-30 നു് ലദീഞ്ഞു്.

7-ാംനു ബുധനാഴ്ച ഉച്ചകഴിഞ്ഞു് 3-30 നു് തിരുവല്ലാ രൂപതയുടെ അഡ്: അപ്പ: **മാർ സെവേറിയോസ് തിരുമനസ്സിലെ** അദ്ധ്യക്ഷതയിൽ പബ്ളിക്കു മീററിംഗ്.

5-30 നു് ലദീഞ്ഞു്. 6 നു് പ്രദക്ഷിണം, ദീപക്കാഴ്ച.

7-30 നു് കരിമരുന്നുപ്രയോഗം.

8-ാംനു വ്യാഴാഴ്ച 7-15 ന ചങ്ങനാശേരി രൂപതയുടെ മെത്രാൻ

**നി. വ. ദി. ശ്രീ. മാർ ജയിംസ് കാളാശേരി തിരുമനസ്സിലെ സ്വീകരണം**

7-30 നു് മെത്രാനച്ചൻ തിരുമനസ്സിലെ കുർബാന.

8-നു പള്ളിയുടെ കുരിശടിവരെ ദിവ്യകാരുണ്യപ്രദക്ഷിണം

10-30 നു് തിരുനാൾ സുപസ്സുകർബാന. 11-30 നു് പ്രസംഗം

12 നു് പ്രദക്ഷിണം.

N. B. ജൂബിലിസ്മാരകങ്ങളായി (1) പഴയപള്ളിയുടെ പരിസരങ്ങളിൽ ലൂർദ്ദുനാഥയുടെ ഒരു ഗ്രോട്ടോ ഇടവകജനങ്ങളുടെ ചിലവിൽ പണിയിക്കുന്നതിനും (2) സ്ഥിരമായി ആണ്ടുതോറും ഓരോ പ്രേഷിതവൈദികൻ ഉണ്ടാകത്തക്കവിധം മിഷ്യനറി വൈദികവിദ്യാർത്ഥികളുടെ പഠനം വകയ്ക്കു് മൂലധനമായി പതിനായിരം രൂപാവിതമുള്ള ഏഴു വിദ്യാർത്ഥിവേതനങ്ങൾ (Burse) ജനങ്ങളിൽനിന്നു പണംപിരിച്ചു് പള്ളിയിൽ ഏല്പിക്കുന്നതിനും അവയുടെ പലിശകൊണ്ടു് ടി പഠനച്ചിലവു നിർവഹിക്കുന്നതിനും നിശ്ചയിച്ചിരിക്കുന്നു.

ഗ്രോട്ടോയുടെ ശിലാസ്ഥാപനകർമ്മവും വിദ്യാർത്ഥിവേതനത്തിന്റെ ഉൽഘാടനവും ദിവ്യകാരുണ്യപ്രദക്ഷിണത്തിനുശേഷം വന്ദ്യ മെത്രാനച്ചൻ തിരുമനസ്സുകൊണ്ടു നിർവഹിക്കുന്നതാണു്.

കാഞ്ഞിരപ്പള്ളി ഫൊ. പള്ളി
26—8—1949

വികാരി
കളംകത്തിയിൽ ഫ്രാ. ക.

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺ. ജേക്കബ് നടുവത്തുശേരി

വെരി റവ. മോൺ. ജെ. സി. പഞ്ഞിക്കാരൻ എം. എ., പി എച്ച്. ഡി., ഡി. ഡി., ഡി. സി. എൽ

റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ ബി. എ., ഡി. ഡി.

Vol. 23 ‖ ERNAKULAM, AUGUST 31, 1949 ‖ No 3


# പുതിയ ഡിക്രിയുടെ പ്രതികൂല പ്രത്യാഘാതങ്ങൾ

കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ അംഗങ്ങളായിരിക്കുന്നവരോ കമ്മ്യൂണിസത്തോട് ഏതെങ്കിലുംവിധത്തിൽ അനുഭാവം പ്രദർശിപ്പിക്കുന്നവരോ ആയ കത്തോലിക്കർ അതിനാൽത്തന്നെ മഹറോനിൽ ഉൾപ്പെടുമെന്നുള്ള ഹോളി ഓഫീസ് തിരുസ്സംഘത്തിന്റെ ഡിക്രിയിൽ, വിവരമുള്ള യാതൊരു കത്തോലിക്കനും ആശ്ചര്യമുണ്ടാകുവാൻ വഴിയില്ലെന്നു കഴിഞ്ഞ ലക്കത്തിൽ ഞങ്ങൾ ചൂണ്ടിക്കാണിച്ചുവല്ലോ. എന്നാൽ വിവരമില്ലാത്ത കത്തോലിക്കരുടേയും, കത്തോലിക്കാസഭയെ ശരിയായി മനസ്സിലാക്കിയിട്ടില്ലാത്ത അകത്തോലിക്കരുടേയും സ്ഥിതി അതല്ല. അവരിലുണ്ടാകുന്ന പ്രത്യാഘാതങ്ങൾ ഏററവും പ്രതികൂലമായിരിക്കും. ഡിക്രി പുറത്തായതിനെപ്പററി റിപ്പോർട്ടുചെയ്ത റോയിട്ടരുടെ കമ്പിവാർത്തകളിൽ പ്രതികൂലങ്ങളായ പ്രത്യാഘാതങ്ങളെപ്പററിയും പ്രസ്താവിച്ചിരുന്നു. കമ്മ്യൂണിസത്തിന്റെ പിടിയിൽ അമർന്നിട്ടുള്ളതും കമ്മ്യൂണിസ്റ്റ് ഗവമ്മെൻറുകൾ ഭരണം നടത്തുന്നതുമായ തെക്കുകിഴക്കൻ യൂറോപ്യൻ രാജ്യങ്ങളിൽ, ചെക്കോസ്ലോവാക്യായിൽ പ്രത്യേകിച്ചും, പ്രസ്തുതഡിക്രിയെ "വത്തിക്കാന്റെ നിരങ്കുശമായ യുദ്ധപ്രഖ്യാപനം" എന്നാണ് സംബോധനചെയ്തതു്. ഇററലിയിലും ഫ്രാൻസിലും അധികാരം കരസ്ഥമാക്കുവാൻ കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ശ്രമിച്ചുവരും, പരാജിതരായെങ്കിലും പ്രതിപക്ഷസ്ഥാനത്തു നില്ക്കുന്നവരുമായ കമ്മ്യൂണിസ്റ്റ്കാരുടെയിടയിൽ ഉണ്ടായ പ്രത്യാഘാതം "വൈദികവിദ്വേഷത്തിന്റെ പുതിയ തിരതല്ലൽ" ആണെന്നും അതിൽ പ്രസ്താവിച്ചിരുന്നു. കത്തോലിക്കരുടെ രാഷ്ട്രീയാവകാശങ്ങളിൽ പ്രസ്തുത ഡിക്രിമുഖേന തിരുസ്സഭ കൈകടത്തുകയാണെന്നാണ് ആക്ഷേപിക്കപ്പെടുന്നതു്. ഈ പ്രത്യാഘാതങ്ങളും ആക്ഷേപങ്ങളും അശേഷം അടിസ്ഥാനരഹിതങ്ങളാണെന്നു് കത്തോലിക്കാസഭയുടെ തത്വോപദേശങ്ങളേയും ഭരണക്രമത്തേയും ശരിയായി ഗ്രഹിച്ചിട്ടുള്ള ഏതൊരു അകത്തോലിക്കനും, ഏതൊരു കമ്മ്യൂണിസ്റ്റ്കാരൻതന്നെയും സമ്മതിച്ചേ മതിയാവൂ.

## പ്രതിരോധംമാത്രം

ദൈവവെളിപാടിലെ പ്രകൃത്യനുസൃതങ്ങളും പ്രകൃത്യതീതങ്ങളുമായ വിശ്വാസതത്വങ്ങളെ അബദ്ധങ്ങളുടെ ആക്രമണങ്ങളിൽനിന്നു സംരക്ഷിക്കുവാനും, അവയെ അബദ്ധലേശം കൂടാതെ മനുഷ്യരെ പഠിപ്പിക്കുവാനും ദൈവമായ ക്രിസ്തു തങ്ങളെ അധികാരപ്പെടുത്തുകയും ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ടെന്നാണ് കത്തോലിക്കാസഭ സകാരണം വിശ്വസിക്കുന്നതു്. തന്റെ ആട്ടുകളായ വിശ്വാസികളെ "മേയ്ക്കുവാനും," അവരേയും അവരെ ഭരിക്കുന്ന വൈദികാദ്ധ്യക്ഷന്മാരേയും "വിശ്വാസത്തിൽ സ്ഥിരപ്പെടുത്താനും" ഉള്ള അധികാരവും ചുമതലയും വിശുദ്ധ പത്രോസിനും അനന്തരഗാമികളായ മാർപ്പാപ്പാമാർക്കും ക്രിസ്തു നല്കിയിട്ടുണ്ട്. ഈ അധികാരത്തിന്റെയും ചുമതലയുടേയും ഏററവും സ്വാഭാവികമായ പ്രയോഗം മാത്രമാണ് പുതിയ ഡിക്രി. വിശ്വാസവും സന്മാർഗ്ഗവും സംബന്ധിച്ച് കത്തോലിക്കർ സ്വീകരിക്കേണ്ടതെന്തു്, പരിത്യജിക്കേണ്ടതെന്തു്, എന്നു കമ്മ്യൂണിസത്തിന്റെ കാര്യത്തിൽ ഔദ്യോഗികമായും അധികൃതമായും ചൂണ്ടിക്കാണിക്കുകയാണ് ഈ ഡിക്രിവഴിയായി മാർപ്പാപ്പായുടെ ആജ്ഞയിൻകീഴിലുള്ള തിരുസ്സംഘം ചെയ്തിരിക്കുന്നതു്. തെക്കുകിഴക്കെ യൂറോപ്യൻ രാജ്യങ്ങളിൽ, ചെക്കോസ്ലോവാക്യായിൽ പ്രത്യേകിച്ചും, അവിർഭവിച്ചിരിക്കുന്ന പുതിയ സാഹചര്യങ്ങളിൽ, വൈദികരേയും അൽമേനികളേയും ഭീഷണികളാലും വശീകരണങ്ങളാലും വഞ്ചനകളാലും കമ്മ്യൂണിസ്റ്റ് പാർട്ടി അംഗങ്ങളോ, കമ്മ്യൂണിസ്റ്റ് അനുഭാവികളോ ആക്കിത്തീർക്കുവാൻ സകലവിധശ്രമങ്ങളും അവിടെ നടന്നുകൊണ്ടിരിക്കുന്ന പുതിയ പരിതസ്ഥിതികളിൽ, ഇങ്ങനെയൊരു ഡിക്രി കത്തോലിക്കരുടെ രക്ഷയ്ക്കു് അവശ്യാവശ്യകമായ പ്രതിരോധനംമാത്രമാണ്. അതു പുറപ്പെടുവിക്കുവാൻ മടിക്കുന്നതു് ഭയത്താലോ സമാധാനകാംക്ഷയാൽ തന്നെയോ വൈമനസ്യം ഉണ്ടായിരിക്കുക തിരുസ്സഭയുടെ ഭാഗത്തു് ഏററവും വലിയ കൃത്യവിലോപമായിരിക്കും.

## നാസിസവും ഫാസിസവും

ഹിററ്ലരുടെ കീഴിൽ ജർമ്മൻ നാസികൾ ജർമ്മനിയിലെ കത്തോലിക്കർക്കു മതപരമായ ജീവിതം ദുഷ്കരമാക്കിത്തീർത്തപ്പോൾ, ക്രിസ്തുമതവിരുദ്ധങ്ങളായ സിദ്ധാന്തങ്ങൾ റോസൽബർഗ്ഗിന്റെ നേതൃത്വത്തിൽ നാസിപാർട്ടി ജർമ്മനിയിൽ പ്രചരിപ്പിച്ചപ്പോൾ, 11-ാം പീയൂസ് മാർപ്പാപ്പാ പ്രസ്തുത സിദ്ധാന്തങ്ങളെ സവിസ്തരം ഖണ്ഡിച്ചുകൊണ്ടും അവയുടെ വലയിൽ അകപ്പെടരുതെന്നു് ജർമ്മൻ കത്തോലിക്കരെ ശക്തിയുക്തം ഉദ്ബോധിപ്പിച്ചുകൊണ്ടും ജർമ്മൻ ഭാഷയിൽത്തന്നെ ഏററവും പ്രൗഢമായ ഒരു വിശ്വലേഖനമെഴുതി ജർമ്മനിയിൽ പ്രസിദ്ധപ്പെടുത്തി. ഇററലിയിൽ മുസോലിനിയുടെ കീഴിൽ ഫാസിസ്റ്റ് പാർട്ടി കത്തോലിക്കാപ്രവർത്തനസംഘങ്ങളെ പിടിച്ചടക്കുവാനും അവയെ പാർട്ടിയുടെ ഉപകരണങ്ങളാക്കുവാനും ശ്രമം ചെയ്തപ്പോൾ, ആപൽക്കരങ്ങളും അനധികൃതങ്ങളുമായ അവരുടെ നടപടികളെ സുധീരം പ്രതിഷേധിച്ചും അവയ്ക്കു വഴിപ്പെടരുതെന്നു കത്തോലിക്കരെ ഉപദേശിച്ചും തിരുമനസ്സുകൊണ്ടു് ഇററാലിയൻ ഭാഷയിൽ ഒരു വിശ്വലേഖനമെഴുതി ആ രാജ്യത്തു പ്രചരിപ്പിച്ചു. നാസിസം ജർമ്മനിയിലെയും, ഫാസിസം ഇററലിയിലെയും മാത്രം പ്രശ്നങ്ങളായിരുന്നു. കമ്മ്യൂണിസമാകട്ടെ സർവരാജ്യപരമായ പ്രശ്നമാണല്ലോ. ആകയാൽ കമ്മ്യൂണിസത്തെ പ്രതിഷേധിച്ചും, ഭൗതികപരവും ക്രിസ്തുമതവിരുദ്ധവും മററുമായ അതിന്റെ സിദ്ധാന്തങ്ങളെ ചൂണ്ടിക്കാണിച്ചും, അതിൽനിന്നു ഒഴിഞ്ഞുനില്ക്കുവാനുള്ള കത്തോലിക്കരുടെ കർത്തവ്യത്തെ അനുസ്മരിപ്പിച്ചും, അതിനെ തടയുവാനുള്ള പ്രായോഗികമാർഗ്ഗങ്ങൾ നിർദ്ദേശിച്ചും തിരുസ്സഭയുടെ സർവ്വരാജ്യഭാഷയായ ലത്തീനിൽ തിരുമനസ്സുകൊണ്ടുതന്നെ ഒരു വിശ്വലേഖനമെഴുതി ലോകമാസകലം പ്രസിദ്ധപ്പെടുത്തി. ഹിററ്ലരുടെ കീഴിൽ നാസിപാർട്ടിയും, മുസോലിനിയുടെ കീഴിൽ ഫാസിസ്റ്റ് പാർട്ടിയും തിരുസ്സഭാധികാരികളുടെ നേരെ കയ്യേററങ്ങൾ ചെയ്യുന്നതോ, തിരുസ്സഭാഭരണം അസാദ്ധ്യമാക്കിത്തീർക്കുന്നതോ, തിരുസ്സഭാംഗങ്ങളെ വഞ്ചനകളാൽ വഴിപിഴപ്പിക്കുന്നതോ ആയ നടപടികൾ സ്വീകരിക്കുവാൻ മാത്രം അധഃപതിച്ചിരുന്നില്ലെന്നുള്ളതു പ്രത്യേകം പ്രസ്താവ്യമാണ്. തെക്കുകിഴക്കൻ യൂറോപ്യൻ രാജ്യങ്ങളിലെ കമ്മ്യൂണിസ്റ്റ് പാർട്ടികളാകട്ടെ പൈശാചികങ്ങളായ ഇത്തരം നടപടികൾ ഒരു പൊതുനയമായിത്തന്നെ സ്വീകരിച്ചുകൊണ്ടിരിക്കുന്നു. തന്മൂലം നാസിസത്തേയും ഫാസിസത്തേയും അപേക്ഷിച്ചു കമ്മ്യൂണിസത്തിനെതിരായി തന്റെ സ്വാധീനത്തിലുള്ള സ്വയരക്ഷാപരമായ അങ്ങേ അററത്തെ പ്രതിരോധന നടപടികൾ സ്വീകരിക്കുവാൻ തിരുസ്സഭ നിർബന്ധിക്കപ്പെട്ടുവെന്നുമാത്രം.

## രാഷ്ട്രീയത്തിൽ കൈകടത്തുകയല്ല

കത്തോലിക്കരുടെ രാഷ്ട്രീയമായ അവകാശങ്ങളിൽ തിരുസ്സഭ ഈ ഡിക്രിമൂലം കൈകടത്തുകയാണെന്നുള്ള ആക്ഷേപത്തിലും യാതൊരു യാഥാർത്ഥ്യവുമില്ലെന്നു് ആ വിഷയത്തിൽ കത്തോലിക്കർ സാമാന്യമായി ലോകമാസകലം അനുഭവിച്ചുപോരുന്ന സ്വാതന്ത്ര്യത്തിന്റെ സ്വഭാവത്തിൽനിന്നും സ്പഷ്ടമാകുന്നുണ്ട്. കത്തോലിക്കർ അവശ്യം സ്വീകരിക്കേണ്ട വിശ്വാസസത്യങ്ങൾക്കും സന്മാർഗ്ഗതത്വങ്ങൾക്കും വിപരീതമല്ലാത്ത ആദർശങ്ങളോടും കൂടിയ ഏതു രാഷ്ട്രീയപാർട്ടിയിലും ചേരുവാനുള്ള സ്വാതന്ത്ര്യം തിരുസ്സഭ ലോകത്തിലെവിടെയും അവർക്കു വിട്ടുകൊടുത്തിരിക്കുകയാണ്. അതിനുദാഹരണം ഇന്നു പല രാജ്യങ്ങളിലും നിലവിലുള്ള തൊഴിലാളിപാർട്ടികൾ തന്നെ. ഇംഗ്ലണ്ടിലും ആസ്ത്രേലിയായിലും ന്യൂസിലൻറിലും ഇന്നു ഭരണം നടത്തുന്നതു് തൊഴിലാളിപാർട്ടികളാണല്ലോ. ആ പാർട്ടികളിൽ യഥേഷ്ടം ചേരുവാൻ ഏതു കത്തോലിക്കനും സ്വാതന്ത്ര്യമുണ്ട്. ആസ്ത്രേലിയായിലെ ഇപ്പോഴത്തെ പ്രധാനമന്ത്രി മിസ്റ്റർ ചിഫ്ലി തന്നെയും ഒരുത്തമകത്തോലിക്കനാണ്. തന്മൂലം തൊഴിലാളികൾക്കോ അവരുടെ ക്ഷേമത്തിനായി നിലകൊള്ളുന്ന പാർട്ടിക്കോ എതിരായ ഏതെങ്കിലും രാഷ്ട്രീയനില കത്തോലിക്കാസഭ സ്വീകരിച്ചിരിക്കുകയാണെന്നുള്ളതിന്റെ ലക്ഷ്യമായി പ്രസ്തുത ഡിക്രിയെ വ്യാഖ്യാനിക്കുന്നതിലും യാതൊരർത്ഥവുമില്ല. തൊഴിലാളികളുടെ കാര്യത്തിൽ കത്തോലിക്കാ വൈദികരും അൽമേനികളും അവരാൽ കഴിയുന്ന സകലവിധ താല്പര്യവും പ്രദർശിപ്പിക്കണമെന്നു് 11-ാം പീയൂസ് തിരുമനസ്സുകൊണ്ടു് കമ്മ്യൂണിസത്തിനെതിരായി പ്രസിദ്ധീകരിച്ച പ്രസ്തുത വിശ്വലേഖനത്തിൽത്തന്നെ ശക്തിയുക്തം ഉദ്ബോധിപ്പിച്ചിട്ടുണ്ട്. കമ്മ്യൂണിസത്തിനെതിരായി പ്രസ്തുത ഡിക്രി നിലവിലിരിക്കുന്ന ക്യാപ്പിററലിസത്തിന്റെ ദൂഷ്യവശങ്ങൾക്കുപോലും കൂട്ടുനില്ക്കുകയാണെന്നുള്ള വ്യാഖ്യാനവും അർത്ഥശൂന്യമത്രെ. കാരണം, 13-ാം ലെയോ, 11-ാം പീയൂസ് എന്നി തിരുമേനിമാരും ഇപ്പോഴത്തെ മാർപ്പാപ്പായും അവരുടെ വിശ്വലേഖനങ്ങളിൽ നിലവിലിരിക്കുന്ന ക്യാപ്പിററലിസത്തിന്റെ ദൂഷ്യവശങ്ങളെ അപലപിച്ചിട്ടുള്ളിടത്തോളം ശക്തിയായ ഭാഷ കാൾമാർക്സുപോലും ഉപയോഗിച്ചിട്ടുണ്ടോയെന്നു സംശയമാണ്.

## മഹറോൻ

ചെക്കോസ്ലോവാക്യായിലെ നീതിന്യായവകുപ്പുമന്ത്രിയായ കമ്മ്യൂണിസ്റ്റ് നേതാവു് തെററിദ്ധരിച്ചിരിക്കുന്നതുപോലെ, മഹറോൻശിക്ഷ "കമ്മ്യൂണിസ്റ്റ് കത്തോലിക്ക"ർക്കെതിരായി വിളംബരം ചെയ്യണമെന്നു ഡിക്രി ആവശ്യപ്പെടുന്നില്ല; പ്രത്യുത അവർ തങ്ങളുടെ പ്രവൃത്തിയാൽത്തന്നെ മഹറോൻശിക്ഷയിൽ സ്വയം ചെന്നുപതിക്കുന്നുണ്ടെന്നു ഡിക്രി ചൂണ്ടിക്കാണിക്കുകയാണു ചെയ്യുന്നതു്. അഥവാ മഹറോൻശിക്ഷ അതർഹിക്കുന്നവർക്കെതിരായി വിളംബരം ചെയ്യണമെന്നു ഡിക്രിയിൽ ആവശ്യപ്പെട്ടിരുന്നാൽത്തന്നെയും, തിരുസ്സഭയുടെ ഭാഗത്തു അതു് അനധികൃതമായിരിക്കുകയില്ല. കത്തോലിക്കാ തിരുസ്സഭ കത്തോലിക്കാ വിശ്വാസവും സന്മാർഗ്ഗവും സ്വമനസ്സാ സ്വീകരിക്കുന്നവരുടെ ഒരു സമൂഹമാണല്ലോ. അവ സ്വീകരിക്കാത്തവർക്കോ സ്വീകരിച്ചശേഷം അവയെ പരിത്യജിക്കുന്നവർക്കോ ആ സമൂഹത്തിൽ സ്ഥാനമുണ്ടാകുവാൻ ന്യായവുമില്ലല്ലോ. തന്മൂലം അവയെ പരിത്യജിക്കുന്നവരായ അംഗങ്ങളോട് ആ സമൂഹത്തിൽനിന്നു പുറത്തുപോകണമെന്നു് ആവശ്യപ്പെടുവാൻ അതിന്റെ പരമാധിപത്യം വഹിക്കുന്ന മാർപ്പാപ്പായ്ക്കു അധികാരവും അവകാശവുമുണ്ടെന്നുള്ളതു പ്രാഥമികമായ ന്യായംമാത്രമാകുന്നു. രാഷ്ട്രീയവും സാമുദായികവും മററുമായ ഇതരസമൂഹങ്ങൾക്കും സംഘടനകൾക്കും അവയിലെ അംഗങ്ങളെ സംബന്ധിച്ച് ഈ അവകാശം ഉണ്ടെങ്കിൽ, കത്തോലിക്കാസഭയ്ക്കു് അതില്ലെന്നു പറയുവാൻ ന്യായമെന്തു്? ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിന്റെ ആദർശങ്ങൾക്കും പരിപാടികൾക്കും വിരുദ്ധമായി പ്രവർത്തിച്ചെന്ന കാരണത്താൽ കമ്മ്യൂണിസ്റ്റ് പാർട്ടിയിൽപ്പെട്ട അംഗങ്ങളെ കോൺഗ്രസ്സിൽനിന്നു മുറപ്രകാരം ഹൈകമാൻറു് ബഹിഷ്കരിച്ചില്ലേ? ബ്രിട്ടനിലെ ലേബർ പാർട്ടിയിൽപ്പെട്ട പല അംഗങ്ങളെയും ആ പാർട്ടിയുടെ ആദർശങ്ങൾക്കും പരിപാടികൾക്കും വിരുദ്ധമായി പ്രവർത്തിച്ചുവെന്ന ന്യായത്താൽ ഒന്നിനു പിന്നാലെ ഒന്നായി അതിന്റെ ഹൈകമാൻറു പാർട്ടിയിൽനിന്നും ബഹിഷ്കരിച്ചില്ലേ? ഏതു രാഷ്ട്രീയപാർട്ടിയും ഈ ബഹിഷ്കരണനടപടി എവിടെയും സ്വീകരിച്ചുകൊണ്ടിരിക്കുന്നില്ലേ? എന്തിനു്! കമ്മ്യൂണിസ്റ്റ് പാർട്ടിതന്നെയല്ലയോ മററെല്ലാ പാർട്ടികളേയുംകാൾ ഏററവും സ്വേച്ഛാപരവും ക്രൂരവുമായ രീതിയിൽ ഈ ബഹിഷ്കരണനടപടി സ്വീകരിച്ചുകൊണ്ടിരിക്കുന്നതു്? ഇക്കഴിഞ്ഞ ആഗസ്റ്റ് 16-ാംനു ഹൈദ്രബാദിലെ മിലിററിഗവണ്ണരായ മേജർ ജനറൽ ചൗദ്രി ഒരു പ്രസ്സ് കോൺഫറൻസിൽ പ്രസ്താവിച്ചു, ഹൈദ്രബാദിലെ ചില കമ്മ്യൂണിസ്റ്റുകാരിൽ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടി വളരെയധികം അതൃപ്തരായിരിക്കുകയാണെന്നും തന്മൂലം ഹൈദ്രബാദിലെ പല കമ്മ്യൂണിസ്റ്റ് പാർട്ടി അംഗങ്ങളെ പാർട്ടിയിൽനിന്നു ബഹിഷ്കരിച്ചെന്നും. സ്റ്റാലിന്റെ നേതൃത്വത്തിൽ റഷ്യയിൽ നടന്നിട്ടുള്ളതും സകല ലോകരുടേയും ഹൃദയവികാരങ്ങളെ വ്രണപ്പെടുത്തിയിട്ടുള്ളതും അവരിൽനിന്നു പ്രതിഷേധസ്വരം പൊന്തിച്ചിട്ടുള്ളതുമായ "ശുചീകരണപ്രസ്ഥാനം" (Purge) ഇത്തരം ബഹിഷ്കരണത്തിനു് ഏററവും മൃഗീയമായ ദൃഷ്ടാന്തമല്ലയോ? ആകയാൽ തിരുസ്സംഘത്തിന്റെ ഡിക്രിക്കെതിരായുള്ള പ്രത്യാഘാതങ്ങളെല്ലാം അജ്ഞതയുടേയും തെററിദ്ധാരണയുടേയും യുക്തിഹീനതയുടേയും പ്രത്യക്ഷഫലങ്ങളല്ലാതെ മററൊന്നുമല്ല.

## അടുത്തആഴ്ചയിൽ

സെപ്റ്റംബർ
4 ഞാ: പന്തക്കുസ്താ 13-ാം ഞായർ
5 തി: ലൗറന്തിയോസ്
6 ചൊ: എലുത്തേരിയൂസ്
7 ബു: ദൊനാത്തോസ്
8 വ്യാ: ക. മറിയത്തിന്റെ പിറവി
9 വെ: ഗൊർഗോനിയോസ്
10 ശ: നിക്കോവോസ്


സത്യദീപം

**വരിസംഖ്യ**

| | |
|---|---|
| പ്രതിവർഷം അഞ്ചൽ | 6—0—0 |
| പ്രതിവർഷം തപാൽ | 6—8—0 |
| ഒററപ്രതി | 0—2—0 |


## മാർപ്പാപ്പായുടെ പ്രതിനിധി

അടുത്ത ജനുവരിമാസത്തിൽ ബാംഗ്ളൂർവച്ചു് ഇൻഡ്യയിലെ മെത്രാന്മാരുടെ ഒരു സൂനഹദോസു നടത്തപ്പെടുന്നതാണ്. അതിലേക്കു മാർപ്പാപ്പായുടെ പ്രതിനിധിയായി, ആസ്ത്രേലിയായിൽ സിഡ്നിയിലെ മെത്രാപ്പോലീത്തായായ കാർഡിനൽ ഗിൽറോയി നിയമിതനായിരിക്കുന്നു. ഈയിടെ വി. ശവരിയാരുടെ ബഹുമാനാർത്ഥം ജപ്പാനിൽ നടത്തപ്പെട്ട ശതവർഷാഘോഷങ്ങളിൽ മാർപ്പാപ്പയുടെ പ്രതിനിധിയെന്ന നിലയിൽ പങ്കെടുത്തതും ഇദ്ദേഹംതന്നെയാണ്.

# മെത്രാപ്പോലീത്താ തിരുമനസ്സിലെ തിരുനാളാഘോഷം

എറണാകുളം മെത്രാപ്പോലീത്താ തിരുമനസ്സിലെ നാമകാരണനായ വി. ആഗുസ്തീനോസിന്റെ തിരുനാൾ ആഗസ്റ്റ് 28-ാംനു ഞായറാഴ്ച കൊണ്ടാടിയിരിക്കുന്നു. തലേ ദിവസം വികാരി ജനറാൾ റൈററ് റവ. മോൺസിഞ്ഞോർ മാത്യു പോത്തനാമുഴി അവർകളുടെ പ്രധാനകാർമ്മികത്വത്തിൽ ലദീഞ്ഞു മുതലായവ നടത്തപ്പെട്ടു. പിറേറ ദിവസം വന്ദ്യതിരുമേനി അരമനക്കപ്പേളയിൽ ആഘോഷമായ ദിവ്യപൂജ അർപ്പിച്ചു. തുടന്നു വെരി റവ. ഫാദർ ജോർജ്ജ് മണ്ണാറ അവർകളുടെ പ്രധാന കാർമ്മികത്വത്തിൽ സുപസ്സു കർബാനയും റൈററ് റവ. മോൺ. ജോർജ് വലിയപറമ്പത്തു അവർകളുടെ പ്രധാന കാർമ്മികത്വത്തിൽ വാഴ്‌വു്, ലാക് ആലാഹ മുതലായവയും നടത്തപ്പെട്ടു. 10-30നു, മെത്രാപ്പോലീത്താ തിരുമേനിയെ അനുമോദിക്കുന്നതിനായി കൂടിയ യോഗത്തിൽ, റവ. ഫാദർ ജോസഫ് വിതയത്തിൽ ബി. എ. എൽ. ടി. അതിരൂപതവക മംഗളപത്രം വായിച്ചു സമർപ്പിക്കുകയും മോൺ. വലിയപറമ്പത്തു തിരുമേനിയെ ഹാരമണിയിക്കുകയും ചെയ്തു. സെമ്മിനാരികൾ, ഇടവകകൾ, സ്കൂളുകൾ, മററുസ്ഥാപനങ്ങൾ എന്നിവയുടെ വകയായി അനേകം ജ്ഞാനപുഷ്പമഞ്ജരികളും, ഏതാനും ത്യാഗപ്പെട്ടികളും യോഗത്തിൽവച്ചു് തിരുമേനിക്കു സമർപ്പിക്കപ്പെട്ടു. മാർളൂയിസു പ്രസ്സുവകയായി, കഴിഞ്ഞകൊല്ലത്തെ സത്യദീപം കമനീയമായി ബയൻറുചെയ്തു അതിന്റെ പുറത്തു പ്രസ്സിലെ വിവിധവിഭാഗങ്ങളിൽ ജോലിചെയ്യുന്ന എല്ലാവരുടേയും വക ജ്ഞാനപുഷ്പമഞ്ജരി തങ്കലിപികളിൽ മുദ്രണംചെയ്തു തിരുമനസ്സിലേക്കു സമർപ്പിക്കുകയുണ്ടായി. സെമ്മിനാരി വിദ്യാർത്ഥികൾ അഭിനയിച്ച "കർദ്ദിനാൾ മിൻസെൻററി", "മന്ത്രിയോ മന്തിയോ?" എന്ന രണ്ടു പ്രഹസനങ്ങളും, ഇതരവിനോദപ്രകടനങ്ങളും യോഗത്തെ ആദ്യന്തം ആനന്ദകരമാക്കി. യോഗത്തിന്റെ അവസാനത്തിൽ മെത്രാപ്പോലീത്താ തിരുമേനി മംഗളപത്രത്തിനും മററുപഹാരങ്ങൾക്കും നന്ദിപ്രദർശിപ്പിച്ചുകൊണ്ടു്, ദിവ്യരക്ഷകന്റെ സ്നേഹചൈതന്യത്താൽ പ്രചോദിതരായി, ഏകയോഗക്ഷേമമായി മുന്നോട്ടുപോകേണ്ടതിന്റെ ആവശ്യകതയെ പരാമർശിച്ചു് അത്യന്തം ഹൃദ്യമായ ഒരു ലഘുപ്രസംഗം ചെയ്തു. വരാപ്പുഴ മെത്രാപ്പോലീത്താ മോസ്റ്റ് റവ. ഡോക്ടർ ജോസഫ് അട്ടിപ്പേററി തിരുമേനിയും, മഹാരാജാസ് കോളെജ് യൂണിയൻ ഉൽഘാടനം ചെയ്യുന്നതിനായി ആഗതനായിരുന്ന തൃശ്ശിനാപ്പള്ളി കോളെജ് പ്രഫസർ റവ. ഫാദർ സിക്വെയിര എസ്. ജെ. യും, എറണാകുളത്തേയും ദൂരസ്ഥലങ്ങളിലേയും നിരവധി പൗരമുഖ്യരും തിരുമേനിയെ സന്ദർശിച്ചു മംഗളമാശംസിച്ച വസ്തുതയും പ്രത്യേകം പ്രസ്താവ്യമാണു്.

## ഗുരുപ്പട്ടസ്വീകരണം

എറണാകുളം അതിരൂപതയിൽപ്പെട്ട റവ. ജോൺ വെളിയിലപ്പറമ്പിൽ ബി. എ., റവ. പോൾ ചിറമ്മേൽ ബി. എ., ചങ്ങനാശ്ശേരി രൂപതയിൽപ്പെട്ട റവ. ആൻറണി കുര്യാളശേരി എന്നീ വൈദികവിദ്യാർത്ഥികൾ ആഗസ്റ്റ് 24-ാംനു കാണ്ടിസെമ്മിനരിയിൽ വച്ചു് ഗുരുപ്പട്ടം സ്വീകരിക്കുകയും പിറേറദിവസം അവിടെവച്ചു നവപൂജ അർപ്പിക്കുകയും ചെയ്തതായി അറിയുന്നു.

## ഇടവക വാർത്തകൾ

ആഗസ്റ്റ് 21-ാംനു പനങ്ങാറിച്ചിറ നാല്പംകൂടിയ വഴിക്കു സമീപം ഒല്ലൂർ കത്തോലിക്കാ കോൺഗ്രസിന്റെ ആഭിമുഖ്യത്തിൽ കൂടിയ യോഗത്തിൽ ശ്രീ ടി. വി. ജോസഫ് അദ്ധ്യക്ഷത വഹിക്കുകയും ശ്രീ പി. ആർ. ഫ്രാൻസിസ്, ശ്രീ പി. വി. ജോസ്, ശ്രീ എ. സി. തോമസ് എന്നിവർ കമ്മ്യൂണിസത്തിന്റെ ദൂഷ്യവശങ്ങളെപ്പററി പ്രസംഗിക്കുകയും ചെയ്തു.

—തൃപ്പൂണിത്തുറ കോർഎപ്പിസ്കോപ്പാ സൈമൺ ഡി. കരോട്ടിന്റെ ഉത്തരവാദിത്വത്തിൽ ഈ ചിങ്ങം മുതൽ "പ്രകാശം" എന്ന പേരിൽ ഒരച്ചടിശാലയും അതിനോടനുബന്ധിച്ചു് ഒരു സൗജന്യ വായനശാലയും പ്രവർത്തനമാരംഭിച്ചിരിക്കുന്നു. പ്രസ്തുത സ്ഥാപനങ്ങളുടെ ഉൽഘാടനം തിരുവല്ല അഡ്മിനിസ്ട്രേററർ നി. വ. ദി. ശ്രീ മാർ സെവേരിയോസ് തിരുമേനിയാണു നിർവ്വഹിച്ചതു്.

—കരുവന്നൂർ സെൻറ് ആൻറണീസ് റീഡിംഗ് റൂമിന്റെ ആഭിമുഖ്യത്തിൽ ചിങ്ങം 5-ാംനു നടത്തിയ അസാധാരണയോഗത്തിൽ റവ. ഫാ. ജോസഫ് പുല്ലോക്കാരൻ അദ്ധ്യക്ഷത വഹിച്ചു. റവ. ഫാ. ജോർജ്ജ് ചിറമേൽ തദവസരത്തിൽ "ഇന്നത്തെ ആവശ്യം" എന്ന വിഷയത്തെ പുരസ്കരിച്ചു് ഒരു പ്രസംഗം ചെയ്യുകയും ചെയ്തു.

—മരങ്ങാട്ടുപള്ളി ഇടവകയിൽ വിൻസെൻറ് ഡി പോൾ സഖ്യത്തിന്റെ ഒരു ശാഖ ആഗസ്റ്റ് 28-ാംനു സ്ഥാപിച്ചു് പ്രവർത്തനം ആരംഭിച്ചിരിക്കുന്നു.

[താമസിച്ചു കിട്ടിയ വാർത്തകൾ പ്രസിദ്ധപ്പെടുത്തിയിട്ടില്ല.]

## ചരമം

റവ. ഫാ. ജോസഫ് പള്ളിക്കുന്നേൽ, കാരിക്കോട്ടു എസ്റ്റേററു സൂപ്രണ്ടു മി. പി. എം. ജോൺ മുതലായവരുടെ മാതാവു്, കടവൂർപള്ളി ഇടവക പള്ളിക്കുന്നേൽ മത്തായി മറിയം 74-ാമത്തെ വയസ്സിൽ നിര്യാതയായിരിക്കുന്നു.

R. I. P.

## കൊ-തി. വാർത്തകൾ

ഷിഫ്‌ററുസമ്പ്രദായം പാടേ നിർത്തലാക്കുവാൻ ചിങ്ങം 7-ാംനു കൂടിയ കോൺഗ്രസ് പാർട്ടി എക്സിക്യൂട്ടീവു് തീരുമാനിച്ചിരിക്കുന്നു. അതോടുകൂടി, സർ സി. പി. ഏർപ്പെടുത്തിയിട്ടുള്ള ഡിനോമിനേഷനൽ സ്കൂളുകൾ നിർത്തൽ ചെയ്യേണ്ടതാണെന്നും തദ്ദേശങ്ങളിൽ പുതുതായി സ്കൂളുകൾ സ്ഥാപിക്കുവാൻ ആവശ്യപ്പെടുന്ന ആർക്കും അനുവാദം നല്കേണ്ടതാണെന്നും പ്രൈവററ് പ്രൈമറി വിദ്യാലയങ്ങളിലെ അദ്ധ്യാപകന്മാർക്കു ശമ്പളവും ക്ഷാമബത്തയും മുഴുവനും ഗവൺമെൻറു നേരിട്ടു കൊടുക്കേണ്ടതാണെന്നും ഈ പാർട്ടി എക്സിക്യൂട്ടീവ് ... ഈരുപാദത്തേര ക. ഗ്രാൻറായി നല്കേണ്ടതാണെന്നും തീരുമാനിച്ചു.

—ചിങ്ങം 7-ാംനു കൂടിയ നിയമസഭയിൽ, 10 കൊല്ലംകൊണ്ടു് ഐക്യസംസ്ഥാനം മുഴുവൻ നിർബന്ധിതവിദ്യാഭ്യാസം നടപ്പിലാക്കണമെന്നാണു ഗവൺമെൻറിന്റെ ഉദ്ദേശമെന്നും ഇപ്പോൾ തോവാള, അഗസ്തീശ്വരം, കൽക്കുളം, നെടുമങ്ങാടു്, പത്തനാപുരം, പറവൂർ എന്നീ താലൂക്കുകളിൽ അതു നടപ്പിലാക്കീട്ടുണ്ടെന്നും വിദ്യാഭ്യാസമന്ത്രി പ്രസ്താവിക്കുകയുണ്ടായി.

—സർ സി. പി. രാമസ്വാമി അയ്യരുടെ കാലത്തു അവശസമുദായങ്ങൾക്കുള്ള വിദ്യാഭ്യാസാനുകൂല്യങ്ങളിൽനിന്നും മതപരിവർത്തനം ചെയ്ത അവശസമുദായാംഗങ്ങളെ നിരോധിച്ചിരുന്നല്ലോ. ഇതേപ്പററി ചിങ്ങം 10-ാംനു കൂടിയ കോൺഗ്രസ് പാർലിമെൻററി പാർട്ടി എക്സിക്യൂട്ടീവ് കമ്മിററിയോഗത്തിൽ ചർച്ചചെയ്യുകയും അവശക്രിസ്ത്യൻസമുദായാംഗങ്ങൾക്കും ഫീസ് സൗജന്യം അനുവദിക്കേണ്ടതാണെന്നു തീരുമാനിക്കുകയും ചെയ്തു. വിശദാംശങ്ങൾ ക്യാബിനററ് തീരുമാനിക്കുന്നതായിരിക്കും.

—ഐക്യസംസ്ഥാനത്തിലെ ഉദ്യോഗസ്ഥന്മാർക്കു ശമ്പളം നല്കുന്നതു മേലാൽ ഓരോ ഇംഗ്ലീഷ് മാസത്തിന്റെയും അവസാനത്തിലായിരിക്കുന്നതാണു്.

—കോട്ടയം - ആലുവാ, കോട്ടയം-എറണാകുളം ലൈനിൽ ചിങ്ങം 10-ാംനു സ്റ്റേററ് ട്രാൻസ്പോർട്ടസർവ്വീസ് ആരംഭിക്കുകയും അതോടുകൂടി പ്രസ്തുത ലൈനിൽ ഓടിക്കൊണ്ടിരുന്ന പ്രൈവററ് ബസ്സുകൾ പിൻവലിക്കയും ചെയ്തിരിക്കുന്നു.

—ഐക്യസംസ്ഥാനത്തിന്റെ അതിർത്തിയിലുള്ള ചൗക്കകൾ നിർത്തലാക്കുവാൻ ഐക്യസംസ്ഥാനമന്ത്രിസഭ തീരുമാനിച്ചിരിക്കുന്നതായറിയുന്നു.

—ഐക്യസംസ്ഥാനത്തിന്റെ സാമ്പത്തികവർഷം ഇൻഡ്യാഗവമ്മെൻറിന്റേതുപോലെ, ഏപ്രിൽ 1-ാംനു ആരംഭിച്ചു് മാർച്ചു് 31-ാംനു അവസാനിക്കുന്ന കാലഘട്ടമായിരിക്കുമെന്നും ഇപ്പോഴത്തെ ബഡ്ജററു് അതനുസരിച്ചാണു തയ്യാറാക്കപ്പെട്ടിട്ടുള്ളതെന്നും ഐക്യസംസ്ഥാനഗവമ്മെൻറിന്റെ ഒരു സർക്കുലറിൽ പറഞ്ഞിരിക്കുന്നു.

—തിരുവിതാംകൂർ സർവ്വകലാശാലാ വൈസ് ചാൻസലറായി പുറമെനിന്നും ഒരാളെ വരുത്തുവാൻ തീരുമാനിച്ചിരിക്കുന്നു. സ്ഥിരമായി ഒരാളെ നിയമിക്കുന്നതുവരെ വിദ്യാഭ്യാസമന്ത്രി ശ്രീ പനമ്പിള്ളി ഗോവിന്ദമേനോൻ വൈസ് ചാൻസലരുടെ ചാർജ്ജുകൂടി വഹിക്കുന്നതാണു്.

—തൊടുപുഴ കിഴക്കുഭാഗത്തുള്ള ചില മലകളിൽ ഉരുൾപൊട്ടിയതുമൂലം അടുത്തുള്ള 10 ചതുരശ്രമൈൽ സ്ഥലത്തു ഭയങ്കരമായ നാശം നേരിട്ടിരിക്കുന്നു. 13 മൃതശരീരങ്ങൾ ഇതിനകം കണ്ടുകിട്ടിയതായും 150 പേർ ഭവനരഹിതരായിത്തീർന്നിട്ടുള്ളതായുമറിയുന്നു.


വേദപ്രസംഗതരണി

അഥവാ

ദൈവപ്രമാണങ്ങളെയും കൂദാശകളെയും പററി വിശദമായും വിപുലമായും പ്രതിപാദിക്കുന്ന ഒരുൽകൃഷ്ടകൃതി

മാനേജർ

ചെറുപുഷ്പമുദ്രാലയം, മഞ്ഞുമ്മൽ.


## ഇൻഡ്യാവാർത്തകൾ

ഡോക്ടർ എസ്. രാധാകൃഷ്ണന്റെ നേതൃത്വത്തിൽ നിയോഗിക്കപ്പെട്ട സർവ്വകലാശാലാ കമ്മിഷൻ കേന്ദ്രഗവമ്മെൻറിനു സമർപ്പിച്ചിരിക്കുന്ന റിപ്പോർട്ടിൽ ഇപ്രകാരം നിർദ്ദേശിച്ചിരിക്കുന്നു: സർവ്വകലാശാലാപരീക്ഷകൾക്കു പകരം ചില പ്രായോഗിക പരീക്ഷണങ്ങൾ ഏർപ്പെടുത്താവുന്നതാണു്. സർവ്വകലാശാലാബിരുദങ്ങൾ സർക്കാരുദ്യോഗപ്രാപ്തിക്കുള്ള യോഗ്യതയായി പരിഗണിക്കുവാൻ പാടില്ല. വിദ്യാഭ്യാസം കഴിയുന്നിടത്തോളം ഭാരതീയമാക്കണം. തൊഴിൽ വിദ്യാഭ്യാസം ഇന്നത്തെ ആവശ്യങ്ങൾക്കു കൂടുതൽ അനുയോജ്യമാക്കുകയും തൊഴിലാളികൾക്കു സായാഹ്ന കോളെജുകൾ ഏർപ്പെടുത്തുകയും ചെയ്യണം. ദരിദ്രരായ വിദ്യാർത്ഥികൾക്കു് സുലഭമായി സ്കോളർഷിപ്പു നല്കേണ്ടതാണു്.

—ശ്രീ പി. ടി. ചാക്കോ ബി. എ. ബി. എൽ. ഇൻഡ്യൻ കോൺസ്റ്റിററ്യൂവൻറ് അസംബ്ലി മെമ്പറായി ആഗസ്റ്റ് 26-ാംനു സത്യപ്രതിജ്ഞ ചെയ്തു സ്ഥാനം സ്വീകരിച്ചിരിക്കുന്നു.

—മോസ്കോയിലെ ഇൻഡ്യൻ സ്ഥാനപതിയായി നിയമിതനായിരിക്കുന്ന ഡോക്ടർ എസ്. രാധാകൃഷ്ണൻ മോസ്കോയിലേക്കുള്ള യാത്രാമദ്ധ്യേ ലണ്ടനിലേക്കു പുറപ്പെട്ടിരിക്കുന്നു.

——

## വിദേശവാർത്തകൾ

യൂഗോസ്ലാവിയായിലെ സ്വേച്ഛാധിപതിയായ മാർഷൽ ടിറേറായും റഷ്യയിലെ കമ്മ്യൂണിസ്റ്റ് മേധാവികളും തമ്മിൽ സ്വരച്ചേർച്ചയില്ലാതായിട്ടു് കുറേ നാളായല്ലോ. യൂഗോസ്ലാവിയായിലെ ആഭ്യന്തരകാര്യങ്ങളിൽ റഷ്യ വീണ്ടും കൈകടത്തുവാനുദ്യമിക്കയാണെങ്കിൽ യൂഗോസ്ലാവിയാ ഐക്യരാഷ്ട്രസമിതിയുടെ മുമ്പാകെ പരാതിപ്പെടുവാനിടയുണ്ടു്.

—അഖിലലോക സാമ്പത്തികപ്രശ്നങ്ങളെ പരാമർശിച്ചു് അമേരിക്കൻ പ്രസിഡണ്ടു ട്രൂമൻ ചെയ്ത ഒരു പ്രസംഗത്തിൽ സാമ്പത്തികവിഷമതകൾക്കു പരിഹാരമായി നാലുമാർഗ്ഗങ്ങൾ നിർദ്ദേശിച്ചിരിക്കുന്നു. (1) ശരിയായ സാമ്പത്തികനയവും വികസിതമായ ഒരു അഖിലലോകസാമ്പത്തികനയവും. (2) വിവിധ രാഷ്ട്രങ്ങൾ തമ്മിൽ വാണിജ്യസംബന്ധമായുള്ള ശരിയായതും ആഭിവർദ്ധകമായതുമായ ഒരു ബന്ധം. (3) സ്വതന്ത്രരാജ്യങ്ങൾ തമ്മിലുള്ള സഹായസഹകരണങ്ങൾ. (4) ജനാധിപത്യ രാഷ്ട്രങ്ങൾ പരസ്പരം ആഭ്യന്തരകാര്യങ്ങളിൽ ഇടപെടാതിരിക്കുന്ന നയം.

—നാസിജർമ്മനിയുടെ പോളൻറാക്രമണത്തിന്റെ സൂത്രധാരത്വം വഹിച്ച ഫീൽഡ് മാർഷൽ എറിക് വോൺ മാൻസ്റ്റൈനെ ഹാംബർഗ്ഗിലെ ബ്രിട്ടിഷ് സൈനികകോടതി വിസ്തരിച്ചുവരുന്നു. അദ്ദേഹത്തിന്റെ പേരിൽ ആരോപിതമായിരിക്കുന്ന കുററം യഹൂദന്മാരുടെ നേർക്കു പ്രയോഗിച്ച മർദ്ദനനയവും മററു 16 യുദ്ധപാതകങ്ങളുമാണു്.

—ഐക്യരാഷ്ട്രസമിതി സമാധാനസ്ഥാപനാർത്ഥം അടുത്ത വർഷത്തിൽ 10 ലക്ഷം ഡോളർ ചെലവാക്കുമെന്നു പ്രതീക്ഷിക്കപ്പെടുന്നു.

—പവൻമിച്ചയിനത്തിൽ സിലോണിനു് അടുത്ത വർഷം 70,000 പവൻ ബ്രിട്ടനിൽനിന്നും ലഭിക്കുമെന്നു പ്രതീക്ഷിക്കപ്പെടുന്നു. കഴിഞ്ഞവർഷം അതിന്റെ പകുതി മാത്രമാണു ലഭിച്ചതു്.

## മെത്രാൻപട്ടാഭിഷേകം

അജ്മീർ മെത്രാനായി നിയുക്തനായിരിക്കുന്ന റൈററ് റവ. ഡോക്ടർ ലിയൊ ഡി മെല്ലോ ഡി. ഡി., പി എച്ച്. ഡി., ബി. എ, ബി. ടി. തിരുമനസ്സിലെ മെത്രാൻ പട്ടാഭിഷേകം 1949 ഒക്ടോബർ 2-ാംനു കാലത്തു 7-30-നു് അജ്മീറിലെ അമലോത്ഭവമാതാവിന്റെ കത്തീഡ്റലിൽവച്ചു ഇൻറർനൺഷ്യോ ലിയൊ പി. കിയർക്കെൽസു് തിരുമനസ്സുകൊണ്ടു നിർവ്വഹിക്കുന്നതാണു്.




"കുരുടനുവല്ലതും തരണേ." വഴിപോക്കൻ ഒരു കാലണ യാചകന്റെ സമീപത്തേക്കിട്ടു. എന്നാൽ അകലേക്കുരുണ്ടുപോയ കാലണ യാചകൻ യാതൊരു പ്രയാസവും കൂടാതെ എടുത്തുകൊണ്ടുവന്നതു കണ്ടു യാത്രക്കാരൻ ചോദിച്ചു: "താനൊരു കുരുടനാണെന്നല്ലേ പറഞ്ഞതു്?"

യാചകൻ: "എല്ലാ സമയത്തും ഞാൻ കുരുടനായിരിക്കയില്ല. എന്റെ സ്നേഹിതൻ കുരുടൻ ഇന്നു സിനിമായ്ക്കു പോയിരിക്കയാണു്. അയാൾക്കു പകരമാണു് ഞാനിവിടെ ഇരിക്കുന്നതു്."

* * *

ഭാര്യ: "എന്റെ തൊപ്പി നേരെയാണോ ഇരിക്കുന്നതു്?"

ഭർത്താവു് അക്ഷമനായി: "അതെ, ശരിക്കു നേരെയാണിരിക്കുന്നതു്. ഇനിയെങ്കിലും ഒന്നു വേഗം വരണം. വണ്ടിയുടെ സമയം തെററിക്കാണും."

ഭാര്യ: "എന്നാൽ ഞാൻ ഒന്നുകൂടി കണ്ണാടിയിൽ നോക്കിയിട്ടുവരട്ടെ. ഈ തൊപ്പി നേരെയല്ല വയ്ക്കേണ്ടതു്."

* * *

ഭാര്യ: "നിങ്ങൾക്കല്ലെങ്കിലും എന്റെ ആളുകളാരോടും ഇഷ്ടമല്ലെന്നു എനിക്കു പണ്ടേ അറിയാം."

ഭർത്താവു്: "ശരിക്കല്ലമല്ല. വാസ്തവം പറഞ്ഞാൽ എനിക്കു് എന്റെ സ്വന്തം അമ്മാവി അമ്മയോടുള്ളതിനെക്കാൾ കൂടുതൽ സ്നേഹം നിങ്ങളുടെ അമ്മാവി അമ്മയോടാണു്."

* * *

ഭയങ്കരമായ ഒരു കപ്പലപകടത്തിൽ നിന്നു രക്ഷപെട്ടു വീട്ടിലെത്തിയ ഒരാൾ തന്റെ ഭാര്യയെ വിശേഷങ്ങൾ വിവരിച്ചു കേൾപ്പിക്കയാണു്:

"ഞാൻ കപ്പലിന്റെ മുകളിൽനിന്നു കടലിലേക്കു വീണിട്ടു് നേരെ കീഴോട്ടു് താണുപോയി. കടലിന്റെ അടിത്തട്ടിൽ ചെന്നുമുട്ടി വീണ്ടും പൊങ്ങിവന്നപ്പോഴേക്കു് ഞാൻ വയറുനിറയെ വെള്ളംകുടിച്ചിരുന്നു."

ഭാര്യ ജിജ്ഞാസയോടെ: "കടൽവെള്ളത്തിനു് ഇപ്പോൾ ഉപ്പു കുറവല്ലേ?"

## പറുദീസാ

(5-ാം പേജ് തുടർച്ച)

ആങ്ങളയ്ക്കു സാധാരണ കൂലിപ്പണിക്കാരായങ്ങളെക്കാൾ എന്തുമെച്ചമാണുള്ളത്?"—മരിയായുടെ ഒരു സംശയം.

"എല്ലാ തൊഴിൽക്കാർക്കും ഒരേ ശമ്പളമെന്നും മാനേജരുദ്യോഗംതന്നെ ഓരോരുത്തരും മാറിമാറി നോക്കണമെന്നുമായിരുന്നു ആദ്യത്തെ പ്ലാൻ. പക്ഷേ അതൊക്കെ തകർന്നുപോയി. മനുഷ്യർക്ക പല വിധത്തിലാണു കഴിവുകളെന്നു സമ്മതിക്കാതിരിക്കുവാൻ പാടുണ്ടോ? ഇപ്പോൾ കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ പെട്ടവരെ മാത്രമേ മാനേജരാക്കുകയുള്ളു. എനിക്കു സാധാരണ ജോലിക്കാരന്റെ പതിരട്ടി ശമ്പളമുണ്ട്."

"എന്റെ കുഞ്ഞേ, ഞാൻ ഇതിലൊന്നും ഒരു നന്മയും കാണുന്നില്ല. ഇവിടത്തെ പള്ളികളെല്ലാം പൂട്ടി. വൈദികന്മാരെയും കന്യാസ്ത്രീകളെയും അവർ കൊന്നൊടുക്കി. ഇവിടെ പറുദീസാ ഉണ്ടാക്കാമെന്നല്ലേ അവർ പറഞ്ഞത്? നിങ്ങളുടെ കൂട്ടത്തിൽ മര്യാദയുള്ള ഒററ നേതാവിന്റെ പേരു പറയാമോ?"

"അക്കാര്യത്തിൽ കമ്മ്യൂണിസം പരാജയപ്പെട്ടിരിക്കുന്നു എന്നു പറയാതിരിപ്പാൻ തരമില്ല. ഈയിടെ കീയവ് സർവ്വകലാശാലയിലെ മെഡിക്കൽ പ്രൊഫസറന്മാർ കമ്മ്യൂണിസ്റ്റ് നേതാക്കന്മാരിൽ പലരുടെയും ആരോഗ്യാവസ്ഥ ഒന്നുപരിശോധിക്കയുണ്ടായി. ദുർമ്മാർഗ്ഗജീവിതം കൊണ്ടുണ്ടാകുന്ന രോഗങ്ങളാണും അവരിൽ മിക്കപേരിലും കണ്ടതു്. കൊച്ചുകുട്ടികൾപോലും ആ രോഗങ്ങൾക്കു ഇരയായിത്തീർന്നിരിക്കുന്നു. പന്ത്രണ്ടുവയസ്സുള്ള കുട്ടികൾക്കും വധശിക്ഷ കല്പിച്ചുകൊണ്ടുള്ള ഒരു പുതിയ നിയമം ഇപ്പോൾ നമ്മുടെ ഗവമ്മെന്റ് നടപ്പിൽ വരുത്തിയിരിക്കയാണ്."

"പുതിയ നിയമം! മകനേ, വിപ്ലവത്തിനു മുമ്പ്, പ്രായപൂർത്തി വന്നവർക്കുപോലും, സാർ ചക്രവർത്തിയെ വധിക്കാൻ ശ്രമിച്ചെങ്കിലേ കൊലശിക്ഷയുണ്ടായിരുന്നുള്ളു എന്നു നിനക്കറിവില്ലേ? തങ്ങൾതന്നെ നിരീശ്വരമനോഭാവത്തിൽ വളർത്തിക്കൊണ്ടുവന്ന ശിശുക്കളെ പിഞ്ചുപ്രായത്തിൽത്തന്നെ കൊന്നൊടുക്കിയില്ലെങ്കിൽ തങ്ങൾക്കു രക്ഷയില്ലെന്നു വിചാരിക്കുന്ന ഒരു ഗവമ്മെന്റ് എത്രത്തോളം അധഃപതിച്ചിരിക്കുന്നു! ഈ നരകത്തിൽ ജീവിക്കുന്നതിനെക്കാൾ നല്ലതു് മറെറവിടെയെങ്കിലും പോയി പട്ടിണി കിടന്നു മരിക്കയാണ്. ഞാൻ എന്റെ മതവിശ്വാസം ത്യജിച്ചിട്ടില്ല. ദിവസവും നിനക്കുവേണ്ടി ഞാൻ പ്രാർത്ഥിച്ചുകൊണ്ടുമിരുന്നു. ദൈവംതന്നെ നിന്നെ എന്റെ പക്കലേക്കു കൂട്ടിക്കൊണ്ടുവന്നു എന്നു ഞാൻ കരുതട്ടെ. ഇതാ നോക്കൂ." അവർ ഒരു പഴയ കൊന്ത എടുത്തു മകനെ കാണിച്ചു.

ഡിററിനോവ് മൂകീഭൂതനായി നിന്നുപോയി. ആ ഇരുമ്പുകോട്ടയിൽനിന്നും എങ്ങനെ പുറത്തുചാടി രക്ഷപ്പെടും എന്നാലോചിക്കയായിരുന്നു അയാൾ. ഒരു സ്നേഹിതൻ റഷ്യയിലെ ഒരു വലിയ ഉദ്യോഗസ്ഥനാണ്. അദ്ദേഹത്തിന്റെ സഹായമപേക്ഷിച്ചാലോ? പക്ഷേ റഷ്യയിൽ ഒരു സ്നേഹിതനെപ്പോലും എങ്ങനെയാണു വിശ്വസിക്കുക. അവിടെ കൊച്ചുകുട്ടികൾപോലും മാതാപിതാക്കന്മാരെ അലട്ടാറുണ്ട്, അവർ "വിപ്ലവവിരോധിക"ളാണെന്നു ഗവമ്മെന്റിനെ അറിയിക്കുമെന്നു പറഞ്ഞു്. കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ പെട്ടവർക്കേ ആ രാജ്യത്തു് സ്വാതന്ത്ര്യമായി സഞ്ചരിക്കുവാൻ ഒക്കൂ. മററുള്ളവരെ മൃഗങ്ങളെപ്പോലെ കിളയായി കൂട്ടിലിട്ടു വേലചെയ്യിക്കയും അല്പസമയത്തേക്കു് അഴിച്ചുവിടുകയും ചെയ്യും. അമ്മയേയും സഹോദരിയേയും കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ ചേർക്കുവാൻതന്നെ അയാൾ നിശ്ചയിച്ചു.

ഡിററിനോവിന്റെ ശമ്പളം 50 റൂബിൾസ് കൂടി വർദ്ധിച്ചു. അയാൾ ഒരു വിശ്വസ്ത പ്രവർത്തകനാണെന്നാണ് അധികാരികളുടെ വിശ്വാസം. പ്രചരണവേലയ്ക്കായി അയാളെ പുറത്തേക്കയക്കുവാൻ അവർ തീരുമാനിച്ചു. മൂന്നു പേർക്കുവേണ്ടി അയാൾ പാസ്സ്പോർട്ട് കരസ്ഥമാക്കി. ഒരു രാത്രിയിൽ മൂവരുംകൂടി കോട്ടയ്ക്കുപുറത്തു കടന്നു. ജൊകോബ്ബത്തും മരിയയും ഡിററിനോവും അങ്ങനെ സ്വതന്ത്രരായി. അവർ വെറുതെ ഇരുന്നില്ല. എല്ലാ രാജ്യങ്ങളിലും ചുററിനടന്നു സോവ്യററ് റഷ്യയിലെ രഹസ്യങ്ങൾ അവർ പുറത്തുവിട്ടു. അറപ്പും വെറുപ്പും ജനിപ്പിക്കുന്ന അവിടത്തെ തെരുവീഥികൾ, തെരുവുതെണ്ടികളായി നടക്കുന്ന അവിടത്തെ അനേകം അനാഥബാലികാബാലന്മാർ, മാതാപിതാക്കന്മാരെ കൊലയ്ക്കു കൊടുക്കുന്ന ദുഷ്ടസന്താനങ്ങൾ, സകല മുതലും തട്ടിയെടുക്കുന്ന ഒരു ഗവമ്മെന്റ്, പട്ടിണികിടന്നു മരിക്കുന്ന കർഷകർ, സകല സുഖങ്ങളും അനുഭവിച്ചുകൊണ്ട് കൊട്ടാരങ്ങളിൽ വസിക്കുന്ന കമ്മ്യൂണിസ്റ്റ് നേതാക്കന്മാർ, കാൽച്ചോട്ടിൽ പതിയിരിക്കുന്ന രഹസ്യപ്പോലീസ്, ഭയവിഹ്വലമായി കഴിഞ്ഞുകൂടുന്ന ഒരു വൻജനതതി.

ഓരോ രാജ്യത്തിലെയും പുരോഗമനസാഹിത്യകാരന്മാർ തട്ടിവിട്ട ഇതെല്ലാം അവരുടെ പച്ചക്കള്ളമാണെന്നു്; അവർ റഷ്യാ മഹാരാജ്യം കണ്ടിട്ടേയില്ലെന്നു്. റഷ്യയിൽനിന്നും പണം പററുന്ന കമ്മ്യൂണിസ്റ്റ് ഏജന്റന്മാർ രോഷാകുലരായി. അവർ കില്ലർ ജോർജ്ജിനെപ്പററി റഷ്യയിലേക്കു് എഴുതി അയച്ചു. അധികൃതന്മാർ മൂക്കേൽ കൈവച്ചു, കില്ലർ ജോർജ്ജ് ആരായിരിക്കുമെന്നു്. പേരുമാററത്തിൽ വിദഗ്ദ്ധന്മാരാണ് കമ്മ്യൂണിസ്റ്റ് നേതാക്കന്മാർ. അവരുടെ കള്ളത്തരങ്ങളും ചതിപ്രയോഗങ്ങളും മറച്ചുപിടിക്കുന്നതിനു് അവർ പുതിയ പുതിയ പേരുകൾ സ്വീകരിക്കുക പതിവാണ്. അങ്ങനെ ബ്രോൺസ്റ്റീൻ എന്ന യഹൂദൻ ട്രോട്സ്കി എന്ന വ്യാജപ്പേരു ധരിച്ചു് 1905-ൽ ബോൾഷെവിക്കു് കക്ഷിയുടെ നേതാവായി. അപ്ഫെൽബാം എന്ന പേരിൽ അറിയപ്പെട്ടിരുന്ന യഹൂദയുവാവ് സിനോവീവ് എന്ന പേരിൽ ലെനിന്റെ സെക്രട്ടറിസ്ഥാനത്തെത്തി. റോസൻഫെൽഡ് എന്ന പാതകി കമനേവ് എന്ന പേരെടുത്തു കമ്മ്യൂണിസ്റ്റ് പാർട്ടിയിലെ പ്രമാണിയായി. ഡിററിനോവ് കമ്മ്യൂണിസ്റ്റ് പാളയത്തിൽ പഠിച്ച ആളല്ലേ! അയാൾ ആയിരിക്കുമോ കില്ലർ ജോർജ്ജ് എന്ന നാമത്തിൽ പ്രത്യക്ഷപ്പെട്ടിരിക്കുന്നതു് എന്നു ചിലർ സംശയിക്കാതിരുന്നില്ല. അന്വേഷണങ്ങൾ മുറയ്ക്കു നടന്നു. ജൊകോബ്ബത്ത്, മരിയ എന്നു രണ്ടുപേർകൂടി അപ്രത്യക്ഷരായിട്ടുണ്ടെന്നു മനസ്സിലായി. ഗവമ്മെന്റിനെ വഞ്ചിക്കുവാൻ ചില ഗൂഢപ്രവർത്തനങ്ങൾ നടന്നു എന്നതിനു സംശയമില്ല. സഖാവു ലെനിൻ വിവരമറിഞ്ഞു അദ്ദേഹം കോപാക്രാന്തനായി അലറി: ഡിററിനോവും കുടുംബവും പുറത്തു കടക്കുവാൻ കൂട്ടുനിന്നവരെയെല്ലാം തന്നെയല്ല, സംശയിക്കപ്പെടുന്നവരെക്കൂടി നിരത്തി നിറുത്തി വെടിവെക്കട്ടെ എന്നു്. ഒരു കൂട്ടക്കൊല അവിടെ നടന്നു. അനേകം നിരപരാധികൾക്കും ജീവഹാനി നേരിട്ടു അതിൽ.

ഇത്തരം കൂട്ടക്കൊലകൾ സാധാരണയാണു റഷ്യയിൽ. അവിശ്വസ്തരെ കണ്ടുപിടിക്കുവാൻ ഇടയ്ക്കിടെ കുലംകഷമായ കക്ഷിപരിശോധനകൾ നടക്കാറുണ്ട്. ഭയങ്കരമായ ഈ പരിശോധനയിൽ അനേകർ ജയിലിലോ, സൈബീരിയയിലോ, തൂക്കുമരത്തിലോ, തോക്കിൻമുഖത്തോ ആയിരിക്കും ചെന്നവസാനിക്കുക. രണ്ടു കൊല്ലംകൊണ്ട് 5 ലക്ഷത്തിൽപ്പരം ആളുകൾ ഇങ്ങനെ കൊല്ലപ്പെട്ടതായി കണക്കുണ്ട്. സ്റ്റാലിന്റെ കാലമായപ്പോഴേക്കും ശുദ്ധീകരണകർമ്മത്തിന്റെ മാററു വർദ്ധിച്ചു. ട്രോട്സ്കി, കമനേവ്, സിനോവീവ് മുതലായ നേതാക്കന്മാർ വധിക്കപ്പെടുവാനുള്ള ഒരു കാരണം ഇതുതന്നെ. അവരുടെ ഭീകരനയത്തെപ്പററി അവരുടെ പത്രമായ റെഡ്ഗസററ് ഒരിക്കൽ ഇപ്രകാരം എഴുതി:-"ഞങ്ങൾ ഞങ്ങളുടെ ഹൃദയങ്ങൾ ഉരുക്കാക്കി പകർത്തി, സഹനമാകുന്ന അഗ്നിയിലും സ്വാതന്ത്ര്യത്തിനുവേണ്ടി പൊരുതുന്ന യോദ്ധാക്കളുടെ രക്തത്തിലും കടുപ്പപ്പെടുത്തിയെടുക്കും. ഞങ്ങൾ ഞങ്ങളുടെ ഹൃദയത്തെ ക്രൂരവും ശിലാതുല്യവും നിശ്ചലവുമാക്കും. അതിൽ ആർദ്രത ഇനിമേൽ പ്രവേശിക്കയില്ല. സമുദ്രംപോലെ ശത്രുരക്തം കണ്ടാലും അതു ചഞ്ചലിക്കയില്ല. ഞങ്ങൾ ഈ രക്തസമുദ്രത്തിന്റെ പ്രവാഹദ്വാരങ്ങൾ തുറന്നുവിടാൻപോകുന്നു. കരുണയില്ലാതെ, ദാക്ഷിണ്യമില്ലാതെ, അനേകായിരങ്ങളായി ഞങ്ങളുടെ ശത്രുക്കളെ ഞങ്ങൾ കൊന്നൊടുക്കുവാൻപോകുന്നു. ആയിരങ്ങളായി അവർ മരിക്കട്ടെ, അവരുടെ സ്വന്തംരക്തത്തിൽ അവർ മുങ്ങിച്ചാകട്ടെ."

ലെനിന്റെ നേരിട്ടുള്ള ഉത്തരവുകൂടാതെ ഒററ മനുഷ്യനെയും റഷ്യയിൽനിന്നും പുറത്തുവിടുവാൻ പാടില്ലെന്നുള്ള നിയമം പ്രാബല്യത്തിൽവന്നു. വിദേശിയരെ നിർബാധം അകത്തേക്കു കടത്തിവിടുകയില്ലെന്നുമായി. അവിടെ 18 കോടി ജനങ്ങൾക്കു ദാരിദ്ര്യവും ചെററക്കുടിലും. 6 ലക്ഷം കമ്മ്യൂണിസ്റ്റ് കക്ഷിമെമ്പറന്മാർക്കു് അരമനയും ആഡംബരങ്ങളും. റഷ്യയിൽ പല സ്ഥലത്തു് രാജമന്ദിരങ്ങളെ തോല്പിക്കുന്ന ബ്രഹ്മാണ്ഡങ്ങളായ വിശ്രമഗേഹങ്ങളുണ്ട്. അവയിലോരോന്നിലും ആയിരവും രണ്ടായിരവും അതിഥികൾക്കു പാർക്കാം. അതെല്ലാം ഒരിക്കൽ കണ്ടു വിസ്മയഭരിതനായ ക്ലെബ്ബർ ലെഗേ എന്ന ഫ്രഞ്ച് സന്ദർശകൻ ചോദിച്ചു: ഇത്തരം സുഖവാസസ്ഥലങ്ങൾ സാധാരണജനങ്ങൾക്കായിട്ടുമുണ്ടോ? എന്നു്. അവർക്കിതൊന്നും ആവശ്യമില്ലെന്നായിരുന്നു അതിനു കിട്ടിയ മറുപടി. എങ്കിലും സന്ദർശകന്മാരെ ചുററി കൊണ്ടുനടക്കുവാൻ പ്രത്യേകം പരിശീലനം കഴിച്ചിട്ടുള്ള യുവതീയുവാക്കന്മാർ ഉണ്ടവിടെ. സന്ദർശകന്മാർക്കുവേണ്ടി മാത്രമുള്ള തൊഴിൽശാലകളും, ഊട്ടുപുരകളും, വൃന്ദാവനങ്ങളും, ശിശുസംരക്ഷണകേന്ദ്രങ്ങളും പലേടത്തായി സ്ഥിതിചെയ്യുന്നു. വിദേശീയരായ സന്ദർശകന്മാർ, കാണിക്കുന്നതുമാത്രം കണ്ടിട്ടു് അത്ഭുതമൂകരായി തിരിച്ചുപോരികയാണു ചെയ്യുന്നതു്. ഇരുമ്പു കർട്ടനുള്ളിൽ നടക്കുന്ന വിക്രിയകൾ ആരു കാണുന്നു! എന്നാൽ അവരെക്കാൾ വിക്രമന്മാരുണ്ടായിട്ടുണ്ട് സന്ദർശകന്മാരുടെ കൂട്ടത്തിൽ. യൂജിൻ ലയോൺസ്, ചാംബെർലെയിൻ, ലൂയിസ് ഫിഷർ, ആർഡ് റൂസ്സിത്, ഡേവിസ്, ഷെർവുഡ് എഡി, ബോറിസ് സിൽവർ, ക്രിവിററ്സ്കി, വിർജീനിയാ കൊവുചസ്, ആർതർ കെസ്ററ്ലർ. ഇങ്ങനെ അനേകം മഹാന്മാരും മഹതികളും റഷ്യയിൽ താമസിച്ചു പഠിച്ചു് ഗ്രന്ഥങ്ങൾ എഴുതി റഷ്യയിലെ യഥാർത്ഥ വിവരങ്ങൾ ലോകത്തിനു നൽകിയിട്ടുണ്ട്. പക്ഷേ കമ്മ്യൂണിസത്തിൽ അന്ധമായി വിശ്വസിക്കുന്നവർ അതൊന്നും വായിക്കയില്ല.

അനേകം മൂഢന്മാർ കില്ലർ ജോർജ്ജിനെ വിശ്വസിക്കുവാൻ സന്നദ്ധരായില്ല. ഒടുവിൽ അയാൾ ഒരു വെല്ലുവിളി നടത്തി. "റഷ്യയിലെ സൗഭാഗ്യങ്ങളെപ്പററി എഴുതിഎഴുതി പുരോഗമനസാഹിത്യകാരന്മാരുടെ കൈ കുഴയാറുണ്ടല്ലോ. ആ സൗഭാഗ്യം നമുക്കു കണ്ടുതന്നെ അറിഞ്ഞുകളയാം. ഒരു സംഘം ആളുകൾ എന്റെ കൂട്ടത്തിൽ റഷ്യയിലേക്കു പോകുവാൻ തയാറാകണം. രഹസ്യപ്പോലീസിന്റെ അകമ്പടികൂടാതെ ജനങ്ങളോടു സംസാരിക്കുവാനും ഗ്രാമപ്രദേശങ്ങളിൽ ചുററി സഞ്ചരിക്കുവാനും നമുക്കു സ്വാതന്ത്ര്യം കിട്ടണം. അതിനുള്ള അനുവാദത്തിനായി നിങ്ങൾ റഷ്യൻ ഹൈകമ്മീഷണറിലേക്കു് ഒന്നെഴുതി അയക്കുക."

പല പുരോഗമനസാഹിത്യകാരന്മാർ അപ്പോൾ തലയും താഴ്ത്തി അവിടെനിന്നും കടന്നുകളഞ്ഞു. എന്നാൽ അതു സ്വീകാര്യമായ ഒരഭിപ്രായമാണെന്നു് മററു ചിലർ സമ്മതിച്ചു. അവർ റഷ്യയിലേക്കു് ഒരു നീണ്ട എഴുത്തെഴുതി. മററു രാജ്യക്കാർക്കു കാണുവാൻ വേണ്ടി ആ പറുദീസയുടെ കവാടങ്ങൾ ഒന്നു തുറന്നിടണമെന്നും തെററിദ്ധാരണകൾ നീക്കണമെന്നുമായിരുന്നു അവരുടെ അഭ്യർത്ഥന. ഒരു സംഘം ആളുകൾക്കു് കില്ലർ ജോർജ്ജിനോടുകൂടി അവിടെ സ്വാതന്ത്ര്യമായി സഞ്ചരിച്ചു വിവരങ്ങൾ പഠിക്കുവാൻ ഒരനുവാദവും അവർ ആവശ്യപ്പെട്ടിരുന്നു. രണ്ടുമാസം കാത്തിരുന്നിട്ടും മറുപടി ഒന്നും കിട്ടിയില്ല. ഡിററിനോവിനെ അന്വേഷിച്ചു് ഒരു റഷ്യൻ ചാരസംഘം പുറപ്പെട്ടിരിക്കുന്നു എന്നാണ് രഹസ്യാന്വേഷണത്തിൽനിന്നും അവർ പിന്നീടു് അറിഞ്ഞതു്. റഷ്യൻ പറുദീസാ!!!

## ചോദ്യോത്തരപംക്തി

**ചോ:** ഈയിടെ ഒരു മാസികയിൽ സോവിയററു റഷ്യയെ സംബന്ധിച്ചുള്ള ചില വിവരങ്ങൾ കണ്ടു. ലോകത്തിലെ മറേറതു രാജ്യത്തുള്ളതിനെക്കാൾ കൂടുതൽ സുഖസൗകര്യങ്ങൾ അവിടത്തെ സാമാന്യജനങ്ങൾക്കുണ്ടെന്നു ആരെയും വിശ്വസിപ്പിക്കുമാറുള്ള സ്ഥിതിവിവരക്കണക്കുകളും ഫോട്ടോകളും വിദേശീയ സന്ദർശകരുടെ സാക്ഷ്യങ്ങളും എല്ലാം അതിൽ ചേർത്തിരുന്നു. അതു വിശ്വസിക്കാതിരിക്കാൻ ഞാൻ കാരണം കാണുന്നില്ല. രാജ്യത്തെ സാമ്പത്തികാഭിവൃദ്ധിക്കായി സോവ്യററു റഷ്യയെ അനുകരിക്കുന്നതിലെന്താണു ബാധം?

**ഉ:** നിങ്ങളുടെ വിവരണത്തിൽനിന്നു ഒരു കമ്മ്യൂണിസ്റ്റ് മാസികയോ കുറഞ്ഞപക്ഷം ഒരു തനി കമ്മ്യൂണിസ്റ്റ്കാരന്റെ ലേഖനമോ ആണു നിങ്ങൾ വായിച്ചതെന്നു അനുമാനിക്കേണ്ടിയിരിക്കുന്നു. കാര്യം കാണാൻ ഏതു കള്ളത്തരവും ചെയ്യാൻ അവർ തയ്യാറാണെന്നു നിത്യാനുഭവത്തിൽനിന്നു അറിയാവുന്ന സ്ഥിതിക്കു അവരെ എങ്ങനെ കണ്ണുമടച്ചു വിശ്വസിക്കുവാൻ സാധിക്കുമെന്നു എനിക്കു മനസ്സിലാകുന്നില്ല. എങ്കിലും വാദത്തിനുവേണ്ടി നിങ്ങൾ വായിച്ചുകണ്ട ആ വിവരങ്ങളെല്ലാം പരമാർത്ഥമാണെന്നു സമ്മതിച്ചാൽ തന്നെയും, കമ്മ്യൂണിസ്റ്റ് സിദ്ധാന്തങ്ങൾ അതേപടി നമുക്കു സ്വീകരിക്കാൻ പാടുണ്ടോ എന്നു നിങ്ങൾതന്നെ ഒന്നാലോചിച്ചുനോക്കുക. അവരുടെ സിദ്ധാന്താനുസരണം അമർത്ത്യമായ ആത്മാവാകട്ടെ നിത്യഭാഗ്യവും നിത്യശിക്ഷയും നൽകുന്ന ദൈവമാകട്ടെ ഇല്ല. അതിനാൽ യാതൊരു മനുഷ്യനും രാഷ്ട്രത്തോടല്ലാതെ തന്നോടുതന്നെയോ ദൈവത്തോടോ എന്തെങ്കിലും കടമയുള്ളതായി അവർ സമ്മതിക്കയില്ല. അങ്ങനെയുള്ള കടമകളുണ്ടെന്നു വിശ്വസിക്കുന്നവർക്കു അവ നിർവഹിക്കുന്നതിനുള്ള സ്വാതന്ത്ര്യം ഒട്ടു കൊടുക്കുകയുമില്ല. കമ്മ്യൂണിസ്റ്റ് ഭരണം നടക്കുന്ന എല്ലാ രാജ്യങ്ങളിലെയും സ്ഥിതി ഇതാണെന്നു നിത്യം നിങ്ങൾ വായിക്കുന്ന പത്രങ്ങളിൽനിന്നു മനസ്സിലാക്കാമല്ലോ. അതിനാൽ നിത്യഭാഗ്യം കിട്ടണമെന്നു നിങ്ങൾ ആഗ്രഹിക്കയോ നിത്യശിക്ഷയെ നിങ്ങൾ ഭയപ്പെടുകയോ ചെയ്യുന്നില്ലെങ്കിൽ — ഇഹലോകത്തിലെ സുഖസൗഭാഗ്യങ്ങൾകൊണ്ടുമാത്രം തൃപ്തിയടഞ്ഞുകൊള്ളാമെന്നു കരുതുന്നുണ്ടെങ്കിൽ—കമ്മ്യൂണിസ്റ്റ് തത്വങ്ങൾ സ്വീകരിച്ചുകൊള്ളുന്നതിനു വിരോധമില്ല.

എന്നാൽ കമ്മ്യൂണിസ്റ്റ്കാരെല്ലാവരും തന്നെയല്ല, ലോകത്തിലിന്നുള്ള സകല ജനങ്ങളും ഐകകണ്ഠ്യേന മറിച്ചഭിപ്രായപ്പെട്ടാലും ദൈവവും ആത്മാവും സ്വർഗ്ഗവും നരകവും ഇല്ലാതായിപ്പോകുകയില്ലെന്നുള്ള സംഗതി വിസ്മരിക്കരുതു്. കണ്ണുള്ള ഒരുത്തനും ഈ സത്യം നിഷേധിക്കാൻ സാധിക്കാത്തവണ്ണം എത്രയെത്ര അത്ഭുതസംഭവങ്ങളാണ് ഇന്നും ലോകത്തിൽ നടന്നുകൊണ്ടിരിക്കുന്നതു്? റഷ്യയിൽ കമ്മ്യൂണിസ്റ്റ് കൊടുങ്കാററു പൊട്ടിപ്പുറപ്പെട്ടകൊല്ലംതന്നെ ഫാത്തിമായിൽ ദൈവമാതാവു പ്രത്യക്ഷപ്പെട്ടു നൽകിയ സന്ദേശവും കാണിച്ച പരസ്യ അത്ഭുതവും ഏതൊരു നിരീശ്വരന്റെയും കണ്ണുതുറപ്പിക്കേണ്ടതാണ്.

Fr. A.

## സൗജന്യവിതരണ ഫണ്ട്

| | |
|---|---|
| വെരി. റവ. ഡോക്ടർ ടി. കെ. നമ്പ്യാപറമ്പിൽ | 10—0—0 |
| അജ്ഞാതൻ | 3—0—0 |

## മോൺ ഷീൻ വത്തിക്കാനിൽ

അമേരിക്കയിലെ സുപ്രസിദ്ധ ഗ്രന്ഥകാരനും റേഡിയോവക്താവുമായ മോൺ. ഫൾട്ടൺ ഷീൻ ആഗസ്റ്റ് 10-ാം തിയതി വത്തിക്കാനിലെത്തി മാർപ്പാപ്പയെ മുഖം കാണിച്ചിരിക്കുന്നു. അദ്ദേഹമിപ്പോൾ യൂറോപ്പിൽ പര്യടനം നടത്തിവരികയാണ്.

# പരിഷ്കരിച്ച പ്രാർത്ഥനകൾ

## 6 ത്രിത്വസ്തുതി

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി. ആദിയിലെപ്പോലെ ഇപ്പോഴും, എപ്പോഴും എന്നേന്നേക്കും ആമേൻ.

## 7 ത്രികാലജപം

കർത്താവിന്റെ മാലാഖ പരിശുദ്ധ മറിയത്തോടു വചിച്ചു (1): പരിശുദ്ധാത്മാവാൽ മറിയം ഗർഭം ധരിച്ചു.

ഇതാ കർത്താവിന്റെ ദാസി: നിന്റെ വാക്കുപോലെ എന്നിലാകട്ടെ.

വചനം മാംസമായി (2): നമ്മുടെ ഇടയിൽ വസിച്ചു.

മു: (3) ഈശോമിശിഹായുടെ വാഗ്ദാനങ്ങൾക്കു ഞങ്ങൾ യോഗ്യരാകുവാൻ.

സ: സർവ്വേശ്വരന്റെ പരിശുദ്ധ മാതാവേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.

### പ്രാർത്ഥിക്കാം

കർത്താവേ! മാലാഖയുടെ സന്ദേശത്താൽ അങ്ങേ തിരുക്കുമാരനായ ഈശോമിശിഹായുടെ മനുഷ്യാവതാരം അറിഞ്ഞിരിക്കുന്ന ഞങ്ങൾ അവിടുത്തെ പീഡാനുഭവവും കുരിശുംമുഖേന ഉയിർപ്പിന്റെ മഹിമയെ പ്രാപിപ്പാൻ ഇടയാകണമെന്നു ഞങ്ങളുടെ കർത്താവായ ഈശോമിശിഹാവഴി ഞങ്ങൾ അപേക്ഷിക്കുന്നു.

മരിച്ച വിശ്വാസികളുടെ ആത്മാക്കൾ ദൈവകൃപയാൽ സമാധാനത്തിൽ ആശ്വസിക്കട്ടെ ആമേൻ.

3 ത്രി.

## 8 പെസഹാകാലത്തുള്ള ത്രികാലജപം

[വലിയ ശനിയാഴ്ച മുതൽ പരിശുദ്ധ ത്രിത്വത്തിന്റെ ഞായറാഴ്ചയുടെ തലേദിവസംവരെ]

സ്വർല്ലോകരാജ്ഞി! നീ സന്തോഷിക്കുക: അല്ലേലൂയാ.

എന്തുകൊണ്ടെന്നാൽ, ഭാഗ്യവതിയായ നിന്റെ തിരുഉദരത്തിൽ അവതരിച്ച ആൾ (4): അല്ലേലൂയാ.

അരുളിച്ചെയ്തതുപോലെ ഉയിർത്തെഴുന്നള്ളി: അല്ലേലൂയാ.

ഞങ്ങൾക്കുവേണ്ടി സർവ്വേശ്വരനോടു പ്രാർത്ഥിക്ക: അല്ലേലൂയാ.

മു: കന്യകമറിയമേ സന്തോഷിച്ചാഹ്ലാദിക്ക: അല്ലേലൂയാ.

സ: എന്തുകൊണ്ടെന്നാൽ കർത്താവു യഥാർത്ഥത്തിൽ ഉയിർത്തെഴുന്നേററു: അല്ലേലൂയാ.

### പ്രാർത്ഥിക്കാം

സർവ്വേശ്വരാ! അങ്ങേ തിരുക്കുമാരനും ഞങ്ങളുടെ കർത്താവുമായ ഈശോമിശിഹായുടെ ഉത്ഥാനത്താൽ ലോകത്തെ സന്തോഷിപ്പിക്കുവാൻ അങ്ങേ തിരുമനസ്സായല്ലോ; അവിടുത്തെ ദിവ്യമാതാവായ കന്യകാമറിയംമുഖേന നിത്യജീവിതത്തിലെ ആനന്ദം ഞങ്ങൾ പ്രാപിപ്പാൻ അനുഗ്രഹം ചെയ്യണമെന്നു ഞങ്ങളുടെ കർത്താവായ ഈശോമിശിഹാവഴി അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു ആമേൻ.


## 9 പരിശുദ്ധ രാജ്ഞി (രാജകന്യകേ)

പരിശുദ്ധ രാജ്ഞി, കാരുണ്യമാതാവേ, നിനക്കു സ്വസ്തി! ഞങ്ങളുടെ ജീവനും മാധുര്യവും ശരണവുമായ നിനക്കു സ്വസ്തി! പ്രവാസരായ ഹവ്വായുടെ മക്കൾ ഞങ്ങൾ നിലവിളിച്ചു നിന്നോടു അപേക്ഷിക്കുന്നു. കണ്ണുനീരിന്റെ ഈ താഴ്‌വരയിൽനിന്നു ഞങ്ങൾ നിന്നെ നോക്കി കരഞ്ഞു, വിലപിച്ചു, നെടുവീർപ്പിടുന്നു. ആകയാൽ ഞങ്ങളുടെ മദ്ധ്യസ്ഥയായ നീ കരുണയുള്ള നിന്റെ കണ്ണുകളെ ഞങ്ങളുടെ നേരെ തിരിക്കേണമേ. ഞങ്ങളുടെ ഈ പ്രവാസത്തിനു ശേഷം നിന്റെ ഉദരത്തിന്റെ ആശീർവ്വദിക്കപ്പെട്ട ഫലമായ ഈശോയെ ഞങ്ങൾക്കു കാണിച്ചുതരണമേ. ഓ! കാരുണ്യവും, വാത്സല്യവും, മാധുര്യവും നിറഞ്ഞ കന്യകാമറിയമേ.


(1) "മറിയത്തെ അറിയിച്ചു" എന്നും
(2) "മനുഷ്യനായി" എന്നും
(3) "മു" "സ"കൾക്കു പകരം "വാ" (വാക്യം), "ഉ", (ഉത്തരം) എന്നും

# മാതൃകാപോസ്റ്റാഫീസ്

ഇക്കഴിഞ്ഞ ജൂൺ 24-ാംനു- ഷെംബഗനൂർ പോസ്റ്റുമാസ്റ്ററായ ബ്രദർ കെ. വി. പീററർ എസ്. ജെ. യുടെ ബഹുമാനാർത്ഥം കൊടൈക്കനാലിൽ ഒരു മീററിംഗു നടത്തപ്പെടുകയുണ്ടായി. തദവസരത്തിൽ മദ്രാസ് പ്രവിശ്യയുടെ പോസ്റ്റുമാസ്റ്റർ ജനറൽ മി. ഡി. ഭീമറാവു, എം. ബി. ഇ. അഖിലേന്ത്യാ പോസ്റ്റ് ആൻറു ടെലഗ്രാഫ് വകുപ്പു മേലദ്ധ്യക്ഷന്റെ പ്രതിനിധിയെന്ന നിലയിൽ അനുമോദിതപുരുഷനു ഒരു സ്വർണ്ണവാച്ചു സമ്മാനിക്കുകയും ചെയ്തു. ഇന്ത്യയിൽ ഏററം ഭംഗിയായും മാതൃകാപരമായും നടത്തപ്പെടുന്ന പോസ്റ്റാപ്പീസിന്റെ മാസ്റ്ററാണു ബ്ര. പീററർ എന്നു ഇപ്പോൾ പ്രസിദ്ധമായിരിക്കുന്നു.



കഴിഞ്ഞയാണ്ടു മേയ് 10-ാം തീയതിയിലെ "സ്വരാജ്യ" എന്ന മാസികയിൽ ഷെംബഗനൂർ പോസ്റ്റാപ്പീസിനെപ്പററി ഒരു ലേഖനമുണ്ടായിരുന്നു



അതു അന്നത്തെ പോസ്റ്റുമാസ്റ്റർ ജനറലിന്റെ ശ്രദ്ധയെ ആകർഷിക്കുകയാൽ അദ്ദേഹം പ്രസ്തുത പോസ്റ്റാപ്പീസ് സന്ദർശിച്ചു സൂക്ഷ്മമായ പരിശോധന നടത്തി. ആ ആപ്പീസിന്റെ മാതൃകാപരമായ അവസ്ഥയെ പുകഴ്ത്തി ഡയറക്ടർ ജനറലിനു എഴുതി അയക്കുകയും ചെയ്തു. പോസ്റ്റ് ആൻറു ടെലഗ്രാഫ് വകുപ്പിന്റെ 1946-47-ലെ വാർഷികറിപ്പോർട്ടിൽ ഡയറക്ടർ ഷെംബഗനൂർ പോസ്റ്റാപ്പീസിന്റെ ഒരു ഫോട്ടോ ചേർക്കുകയും ബ്ര. പീററിനെ ശ്ലാഘിച്ചുകൊണ്ടു അദ്ദേഹം ഒരു കത്തയക്കുകയും ചെയ്തു. അതിനുംപുറമെ ഗവമെണ്ടുചെലവിൽ ഒരു മീററിംഗു നടത്തി ബ്ര. പീററിനെ അനുമോദിക്കുന്നതിനു മദ്രാസ് പോസ്റ്റുമാസ്റ്റർ ജനറലിനെ ചുമതലപ്പെടുത്തുകയും ചെയ്തു. തദനുസരണമാണു മുൻപ്രസ്താവിച്ച മീററിംഗും മററും നടത്തപ്പെട്ടതു. ആ മീററിംഗിൽ മി ഭീമറാവു വിനോദഭാവത്തിൽ പ്രസ്താവിച്ചു. ഭാഗ്യവശാൽ മാതൃകാപോസ്റ്റാപ്പീസിനുള്ള സമ്മാനം ഡിപ്പാർട്ടുമെന്റൽ ആപ്പീസുകൾക്കു മാത്രമെന്നു ക്ലിപ്തപ്പെടുത്തിയിട്ടില്ലായിരുന്നുവെങ്കിൽ ബ്ര. പീററർതന്നെ എല്ലാക്കൊല്ലവും ആ സമ്മാനം കരസ്ഥമാക്കുമായിരുന്നുവെന്നു. ബ്ര. പീററിന്റെ ആപ്പീസ് പോസ്റ്റൽ ജോലിക്കാരുടെ പരിശീലനാർത്ഥം ഉപയോഗിക്കാമെന്നുകൂടെ അദ്ദേഹം സൂചിപ്പിക്കുകയുണ്ടായി.

ഷെംബഗനൂരിൽ ഈശോസഭക്കാരുടെ ഒരു സെമ്മിനാരിയുണ്ടു. അതിനോടുതൊട്ടടുത്താണു പോസ്റ്റാപ്പീസ്. കഴിഞ്ഞ മുപ്പത്തിയാറു വർഷക്കാലമായി ബ്ര പീറററാണു അവിടത്തെ പോസ്റ്റുമാസ്റ്റർ. അദ്ദേഹത്തിന്റെ സഹായങ്ങൾ ധാരാളം സ്വീകരിച്ചിട്ടുള്ള സ്ഥലത്തെ പൊതുജനങ്ങൾക്കു അദ്ദേഹത്തോടുള്ള സ്നേഹാദരങ്ങൾ വളരെയാണു. ആപ്പീസു സദാ വൃത്തിയായും ഭംഗിയായും സൂക്ഷിക്കുന്നതിനു അദ്ദേഹം വളരെ നിഷ്കർഷിക്കുന്നുണ്ടു. ചിത്രത്തിൽ കാണുന്ന പൂച്ചട്ടികൾ ഫോട്ടോ എടുത്ത അവസരത്തിൽ അവിടെ കൊണ്ടുവന്നു വച്ചവയല്ല. നിത്യം അവിടെ ഇരിക്കുന്നവയാണു. എഴുത്തുകുത്തിലും കണക്കുകളിലും അദ്ദേഹത്തിനുള്ള സൂക്ഷ്മതയും കാര്യക്ഷമതയും എല്ലാ മേലുദ്യോഗസ്ഥന്മാരുടേയും അഭിനന്ദനത്തിനു പാത്രമായിട്ടുണ്ടു. പോസ്റ്റൽസാമഗ്രികൾ ഒരിക്കലെങ്കിലും കുറവുവരാത്ത ഒരാപ്പീസുണ്ടെങ്കിൽ അതു ബ്ര. പീററിന്റേതു മാത്രമാണെന്നാണു തോന്നുന്നതു. അത്യാവശ്യവേളകളിൽ സാമഗ്രികൾ നല്കി അയൽ പോസ്റ്റാപ്പീസുകളെ അതു സഹായിക്കുകയും ചെയ്യുന്നുണ്ടു.

അതു ഒരു എക്സ്ട്രാഡിപ്പാർട്ടുമെന്റൽ ആപ്പീസായതുകൊണ്ടു പോസ്റ്റുമാസ്റ്ററുടെ ശമ്പളം അദ്ദേഹത്തിന്റെ ശിപായിയുടേതിലും താഴ്ന്നതാണു. എന്നാൽ ബ്ര. പീററർ ചെയ്തുതീർക്കേണ്ട ജോലി ഒന്നാംകിടയിലുള്ള ഒരു ഡിപ്പാർട്ടുമെന്റൽ ആപ്പീസിലേതിൽ ഒട്ടും കുറഞ്ഞതുമല്ല. പലർക്കും അറിഞ്ഞുകൂടാത്ത മറെറാരു വസ്തുതയാണു അദ്ദേഹം ഒരു നിത്യരോഗിയാണെന്നുള്ളതു.

K. V. G.

(4) "for He whom thou hast merited to bear = നീ ആരെ ഗർഭം ധരിക്കുവാൻ യോഗ്യയായോ അയാൾ" ഭാഷാവൈഷമ്യംമൂലം പഴയതു മതിയെന്നുവച്ചു.

# നിങ്ങൾക്കറിയാമോ?

(5-ാം പേജ് തുടർച്ച)

(ഉത്തരങ്ങൾ)

1 സൂര്യോദയം അടുത്തിരിക്കുന്നുവെന്നു ഉഷഃകാലനക്ഷത്രം സൂചിപ്പിക്കുന്നതുപോലെ നീതിസൂര്യനായ മിശിഹായുടെ ആഗമനത്തെ മറിയത്തിന്റെ ജനനം സൂചിപ്പിച്ചതിനാൽ അവിടുന്നു പ്രഭാതതാരം എന്നു വിളിക്കപ്പെടുന്നു.

2 "ഉപമകളുടെ പുസ്തകം" 9-ാം അദ്ധ്യായം 1-ഉം 2-ഉം വാക്യങ്ങളിൽ ഇങ്ങനെ പ്രസ്താവിച്ചിരിക്കുന്നു: "വിജ്ഞാനം തനിക്കായി ഒരു ഭവനം നിർമ്മിച്ചു; ഏഴു തൂണുകൾ കെട്ടിപ്പൊക്കി; ഒരു മേശയുമൊരുക്കി." ഇതിനെ അന്വർത്ഥമാക്കുമാറു നിത്യവിജ്ഞാനമായ ദൈവപുത്രൻ തനിക്കായി നിർമ്മിച്ച നിർമ്മലഭവനമാണു പരിശുദ്ധ കന്യകാമറിയം. അവിടുത്തെ എല്ലാ പാപമാലിന്യങ്ങളിൽനിന്നും ദൈവം പ്രത്യേകം കാത്തുസൂക്ഷിച്ചു. പരിശുദ്ധാത്മാവിന്റെ ദാനങ്ങളായ ഏഴു തൂണുകൾകൊണ്ടു ആ ഭവനത്തെ ഉപരിമനോഹരമാക്കിച്ചെയ്തു. ലോകോദ്ധാരണത്തിനായി സ്വയം ബലിയർപ്പിച്ച തന്റെ തിരുക്കുമാരനോടു ചേർന്നുകൊണ്ടു സ്വയം ദൈവത്തിനു ബലിയർപ്പിക്കുവാൻ സന്നദ്ധയായ മറിയത്തിന്റെ ഹൃദയം ബലിക്കായി സജ്ജീകരിച്ച ഒരു പീഠമായിത്തീരുകയും ചെയ്തു. "ഇതാ ഞാൻ കർത്താവിന്റെ ദാസി" എന്ന പ്രസ്താവം ഈ വസ്തുതയെ ആണല്ലോ സൂചിപ്പിക്കുന്നതു.

3 67-ാം സങ്കീർത്തനം 20-ാം വാക്യത്തിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു: "ഇതു കർത്താവിന്റെ വാതിലാകുന്നു; നീതിമാന്മാർ ഇതിൽക്കൂടി പ്രവേശിക്കുന്നു." മിശിഹായോടുകൂടി ലോകത്തെ രക്ഷിക്കുന്നതിൽ പങ്കുവഹിച്ച പരിശുദ്ധകന്യകാമറിയം അവിടുത്തോടു സഹകരിച്ചുകൊണ്ടു നമുക്കു സ്വർഗ്ഗവാതിൽ തുറന്നുതന്നവളാണു. മാതാവിന്റെനേരെ ഭക്തിയുള്ളവർക്കു സ്വർഗ്ഗംപ്രാപിക്കുവാൻ എളുപ്പം സാധിക്കും. വിശുദ്ധാത്മാക്കളെല്ലാം ഈ ഭക്തിയിൽ മികച്ചുനിന്നവരാണു. "മറിയത്തിന്റെ മക്കൾ ഒരിക്കലും നശിക്കയില്ല" എന്നാണല്ലോ ആപ്തവാക്യം. ആകയാൽ വിശുദ്ധാത്മാക്കളുടെ വാതിൽ എന്ന അപരനാമം മറിയത്തിനേററവും യോജിച്ചതു തന്നെ.

കഴിഞ്ഞലക്കത്തിലെ

## പ്രശ്നത്തിനുത്തരം

9 ഇടങ്ങഴി വെള്ളം കൊള്ളുന്ന ബക്കററ് A യും 4 ഇടങ്ങഴികൊള്ളുന്നതു B യും ആണെന്നു വിചാരിക്കുക. ആദ്യമായി A നിറയെ വെള്ളമെടുത്തു അതിൽനിന്നും B കൊണ്ടു രണ്ടു പ്രാവശ്യം അളന്നു കളയുക ബാക്കി A യിൽ 9—8 = 1 ഇടങ്ങഴി വെള്ളമുണ്ടായിരിക്കും. അതു B യിൽ പകർന്നുവയ്ക്കുക. വീണ്ടും A നിറയെ വെള്ളമെടുത്തു അതിൽനിന്നും B യിലുള്ള 1 ഇടങ്ങഴി വെള്ളത്തിൽ ഒഴിച്ചു B നിറയ്ക്കുക. അപ്പോൾ A യിൽ 9—3 = 6 ഇടങ്ങഴിവെള്ളം ശേഷിച്ചിരിക്കും.

---

# Salvation for Non-Catholics

Should you be asked to explain the statement: "Outside the Church there is no salvation," we suggest you quote the Revised *Baltimore Catechism* (1949) to this extent: "We mean that those who through their own grave fault do not know that the Catholic Church is the true Church, or knowing it, refuse to join it, cannot be saved. 'Outside the Church there is no salvation' does not mean that everyone who is not a Catholic will be condemned. It does mean that no one can be saved unless he belongs in some manner to the Catholic Church, either actually or in desire, for the means of grace are not given without some relation to the divine institution established by Christ.

"Those who are outside the Church through no fault of their own are not culpable in the sight of God because of their invincible ignorance. Persons who make use of the graces God gives them, even though they are not members of the true Church, actually have the desire to become members inasmuch as they wish to use all the means ordained by God for their salvation." *The Ave Maria*

# Prayer of St. Francis of Assisi

Lord, make me an instrument of Thy Peace. Where there is hatred, let me sow love. Where there is injury, pardon. Where there is doubt, faith. Where there is despair, hope. Where there is darkness, light. Where there is sadness, joy.

O Divine master, grant that I may not so much seek to be consoled as to console; to be understood, as to understand; to be loved, as to love; for it is in giving that we receive, it is in pardoning that we are pardoned, and it is in dying that we are born to Eternal Life.

പ്രഭാഷണം

# മൂന്നു രാജ്യങ്ങൾ

"നിന്റെ രാജ്യംവരണം." (കർത്തൃപ്രാർത്ഥനയിലെ രണ്ടാം യാചന)

"അവന്റെ പിതാവായ ദാവീദിന്റെ സിംഹാസനം ദൈവമായ കർത്താവു് അവനു നല്കും. യാക്കോബിന്റെ ഭവനത്തിന്മേൽ അവൻ എന്നേക്കും ഭരണം നടത്തും. അവന്റെ രാജ്യത്തിനു് അതിർത്തിയുണ്ടാകുകയില്ല." (ലൂക്കാ I. 32, 33)

ജപ്പാനിലെ കത്തോലിക്കാസഭയുടെ ചരിത്രത്തിൽ അന്ധകാരാവൃതമായ നീണ്ട രാത്രികൾ ഉണ്ടായിട്ടുണ്ടു്. ഒരവസരത്തിൽ മതമർദ്ദകരുടെ ഭയങ്കരമുഷ്ടികളിൽ ആ സഭാമാതാവു് അമർന്നുപോയി; അവളുടെ ശവമഞ്ചത്തിൽ ഒടുവിലത്തെ ആണിയും അടിച്ചുകയററിയെന്നു ശത്രുക്കൾ ജയഭേരിമുഴക്കി; കാരണം, 250 നീണ്ട സംവത്സരങ്ങളിൽ യാതൊരു കത്തോലിക്കാ പുരോഹിതനെയോ കത്തോലിക്കാ വിശ്വാസിയെയോ അവർ ജീവിക്കുവാനനുവദിച്ചില്ല. ഈ ഘട്ടത്തിലാണു് അവിടെ കച്ചവടത്തിനായി എത്തിച്ചേർന്ന കുറെ ഫ്രഞ്ചുകാരുടെ ആദ്ധ്യാത്മികാവശ്യങ്ങൾക്കായി ഒരു കത്തോലിക്കാ വൈദികനെ വരുത്തുവാൻ ജപ്പാൻ ഗവമ്മെണ്ടു അനുവദിച്ചതു്. അങ്ങനെ അനേകദശം വർഷങ്ങൾക്കുശേഷം നാഗസാക്കിയിലെ ദേവാലയകവാടങ്ങൾ തുറക്കപ്പെട്ടു; എന്നാൽ അതു ഫ്രഞ്ചുകത്തോലിക്കർക്കു മാത്രമേ ഉപയോഗിക്കുവാൻ അനുവാദമുണ്ടായിരുന്നുള്ളു. ഒരു ദിവസം ആ ഫ്രഞ്ചുവൈദികൻ പ്രാർത്ഥനകഴിഞ്ഞു് ദേവാലയത്തിൽനിന്നു പുറത്തേക്കു കടക്കുവാൻ ഭാവിച്ചപ്പോൾ കുറെ ജാപ്പനീസ് സ്ത്രീകൾ ദേവാലയത്തിൽ മുട്ടുകുത്തി നില്ക്കുന്നതായികണ്ടു് ആശ്ചര്യപരതന്ത്രനായി; കാരണം കത്തോലിക്കരുടെ അസ്തിത്വത്തെ കാണിക്കുന്ന യാതൊരു ചിഹ്നവും ജപ്പാനിൽ അദ്ദേഹം കണ്ടിട്ടുണ്ടായിരുന്നില്ല. അപ്പോൾ ആ സ്ത്രീകളുടെ നേതൃത്വം വഹിച്ചിരുന്ന ഒരു മഹിളാരത്നം ആ വൈദികനെ സമീപിച്ചു് ആചാരംചെയ്തുകൊണ്ടു പറഞ്ഞു: "ഞങ്ങൾക്കു അങ്ങയോടു മൂന്നു ചോദ്യങ്ങൾ ചോദിക്കാനുണ്ടു്." വൈദികൻ ദയാപുരസ്സരം അതിനനുവാദം നല്കി. അപ്പോൾ അവർ ചോദിച്ചു: "അങ്ങു റോമിലെ ഏററവും വലിയ വെള്ളത്ത പുരോഹിതന്റെ പക്കൽ നിന്നാണോ വരുന്നതു്? നിങ്ങൾ ദൈവത്തിന്റെ അമ്മയെ ബഹുമാനിക്കുന്നുണ്ടോ? അങ്ങു് ബ്രഹ്മചാരിയാണോ?" ഈ മൂന്നു ചോദ്യങ്ങൾക്കും "അതെ" എന്നു അദ്ദേഹം ഉത്തരം നല്കിയപ്പോൾ ആനന്ദാശ്രുപൂർണ്ണങ്ങളായ നേത്രങ്ങളോടുകൂടെ ആ സ്ത്രീകളെല്ലാവരും ഒരേസ്വരത്തിൽ പറഞ്ഞു: "ബ. അച്ചാ, അങ്ങും ഞങ്ങളും ഒരേ ഹൃദയത്തോടു കൂടിയവരാണു്." "നിങ്ങൾ കത്തോലിക്കരാണെന്നാണൊ പറയുന്നതു്?", വൈദികൻ സംശയനിവൃത്തിക്കായി ചോദിച്ചു. "അതേ, അതേ," അവർ ആഹ്ലാദപൂർവം പ്രത്യുത്തരിച്ചു, "ഞങ്ങളെപ്പോലെ ഒരേഹൃദയമുള്ളവർ ഇനിയും അനേകം പേരുണ്ടു്. വരിക; ഞങ്ങൾ കാണിച്ചുതരാം." ഇതു വാസ്തവമായിരുന്നു; 3 ലക്ഷത്തോളം കത്തോലിക്കർ അപ്പോൾ ജപ്പാനിലുണ്ടായിരുന്നു! 250 കൊല്ലം വൈദികന്മാരൊ, ദിവ്യബലിയൊ, കൂദാശകളൊ കൂടാതെ അവർ പരസ്പരം ജ്ഞാനസ്നാനം നല്കിയും വേദസത്യങ്ങൾ പഠിപ്പിച്ചും വിശ്വാസത്തെ സംരക്ഷിച്ചുപോന്നു!! "നിന്റെ രാജ്യം വരണം" എന്ന പ്രാർത്ഥനാശകലം അവർ എത്ര തീക്ഷ്ണതയോടെ ഉച്ചരിച്ചിട്ടുണ്ടായിരിക്കണം! മതപീഡകരുടെ നിർദ്ദയമർദ്ദനങ്ങളേയും ഗൃദ്ധ്രദൃഷ്ടികളേയും അവഗണിച്ചുകൊണ്ടു് അവർ ദൈവരാജ്യം സ്വഹൃദയത്തിലും സ്വരാജ്യത്തിലും പുലരുന്നതിനും പരത്തുന്നതിനുംവേണ്ടി സ്വജീവനെപ്പോലും പണയംവച്ചു.

"ദൈവരാജ്യം" എന്നു പറയുമ്പോൾ ആ പദത്തിനു മൂന്നു വിധത്തിൽ അർത്ഥം കല്പിക്കാവുന്നതാണു്. ഒന്നാമതു സ്വർഗ്ഗത്തിലെ സനാതനമായ ദിവ്യസാമ്രാജ്യം; രണ്ടാമതു, ഭൂമിയിൽ സത്യസഭയിലുള്ള ക്രിസ്തുവിന്റെ ആദ്ധ്യാത്മികസാമ്രാജ്യം; മൂന്നാമതു, "ഇതാ ദൈവരാജ്യം നിങ്ങളിൽ തന്നെയുണ്ടു്" (ലൂക്കാ XVII. 21) എന്ന വേദവാക്യമനുസരിച്ചു നമ്മുടെ ഓരോരുത്തരുടേയും ഹൃദയത്തിലുള്ള ദൈവരാജ്യം. "നിന്റെ രാജ്യംവരണം എന്നു നാം പ്രാർത്ഥിക്കുമ്പോൾ ഈ മൂന്നു സ്വീകൃതാർത്ഥത്തിലും നാം പ്രാർത്ഥിക്കുന്നു. പാപവും അശുദ്ധിയുമാകുന്ന മനുഷ്യനു സച്ചിദാനന്ദസ്വരൂപനായ ദൈവത്തോടുകൂടി നിത്യകാലവും ജീവിക്കുകയും വാഴുകയും ചെയ്യാൻ കഴിയുന്ന ഒരു സനാതനസാമ്രാജ്യത്തെ അഭിലഷിക്കയും അർത്ഥിക്കയും ചെയ്യാമെന്നുള്ളതു സീമാതീതമായ ഒരു ഭാഗ്യമല്ലയോ? നിത്യതയുടെ നിരന്തമായ വിസ്തൃതിയിൽ സംഖ്യാതീതമായ സൃഷ്ടബുദ്ധികൾ ദൈവികാധികാരത്തിനു കീഴ്പ്പെട്ടു വസിക്കട്ടെയെന്നും ഈ പ്രാർത്ഥനയിൽ നാം യാചിക്കുന്നു. രണ്ടാമതായി, ക്രിസ്തുവിനാൽ ഭൂമിയിൽ സംസ്ഥാപിതമായ കത്തോലിക്കാസഭ—ക്രിസ്തുതന്നെ രാജാവും പുരോഹിതനുമായ ആദ്ധ്യാത്മികസാമ്രാജ്യം—സുവിശേഷത്തിലെ കടുകുമണിപോലെ തഴച്ചുവളർന്നു ശാഖോപശാഖകളായി വിസ്തൃതി പ്രാപിക്കുന്നതിനും നാം പ്രാർത്ഥിക്കുന്നു. പാപത്തിന്റെയും പിശാചിന്റെയും ഭരണം അവസാനിക്കുന്നതിനും, സുവിശേഷവെളിച്ചത്താൽ അനാഗതരെല്ലാം പ്രകാശിപ്പിക്കപ്പെടുന്നതിനും, പാഷണ്ഡമതങ്ങളും ഛിദ്മങ്ങളും അബദ്ധസിദ്ധാന്തങ്ങളും പാടെ വിപാടനം ചെയ്യപ്പെടുന്നതിനും, ക്രൈസ്തവരിൽത്തന്നെ പാപജീവിതവും ദുർമ്മാതൃകയും ഉന്മൂലനം ചെയ്യപ്പെടുന്നതിനും വിശ്വാസം, ശരണം, ഉപവി തുടങ്ങിയ വിശിഷ്ടപുണ്യങ്ങൾ തഴച്ചുവളർന്നു ഫലസമൃദ്ധമാകുന്നതിനും നാം പ്രാർത്ഥിക്കുന്നു. ദൈവത്തിന്റെ രാജത്വവും പ്രസാദവരവും സനാതനസത്യങ്ങളും അന്ധകാരശക്തികൾക്കെതിരായി വിജയിക്കുന്നതിനു നാം അഭിലഷിക്കുമ്പോൾ അതു ഉൽക്കടമായ ഒരു ദൈവസ്നേഹപ്രകരണം തന്നെയല്ലയോ? സകല മനുഷ്യരും ക്രിസ്തുവിന്റെ സാമ്രാജ്യത്തിലെ വിശ്വസ്തപൗരന്മാരാകുകയും അങ്ങേ മാധുര്യമുള്ള നുകവും ലഘുവായ ഭാരവും വഹിക്കുകയും അതുവഴിയായി അവർ തന്നെ സാക്ഷാൽ സൗഭാഗ്യവും സ്വാതന്ത്ര്യവും ലഭിക്കുകയും ചെയ്യണമെന്നും നാം അഭിലഷിക്കുമ്പോൾ അതു യഥാർത്ഥമായ ഒരു പരസ്നേഹപ്രകരണവുമായിത്തീരുന്നു മൂന്നാമത്തെ ദൈവരാജ്യം നാമോരോരുത്തരുടേയും ഹൃദയസാമ്രാജ്യമാണു്. ഈ സാമ്രാജ്യത്തിലും ദൈവത്തിന്റെ ആധിപത്യം സ്ഥാപിക്കപ്പെടണം. ദൈവം നമ്മുടെ ഹൃദയത്തിലേക്കു എഴുന്നള്ളിവരുന്നതിനും, തന്റെ പ്രസാദപ്രസരണത്താൽ അതിനെ മുഴുവൻ കൈവശപ്പെടുത്തുന്നതിനും, അങ്ങേ സിംഹാസനം അതിൽ സ്ഥാപിച്ചുകൊണ്ടു സർവ്വസ്വാതന്ത്ര്യത്തോടും എതിരുകൂടാതെയും അതിനെ ഭരിക്കുന്നതിനും, അതിലെ വികാരവിപ്ലവങ്ങളേയും ദുരാശാവിജൃംഭണങ്ങളേയും അമർത്തി അതിന്റെ ഉള്ളറകൾപോലും സ്വന്തമാക്കിക്കൊണ്ടു് അങ്ങേ സ്നേഹാഗ്നി അതിൽ ഉജ്ജ്വലിപ്പിക്കുന്നതിനും നാം പ്രാർത്ഥിക്കുന്നു. ഇപ്രകാരം ദൈവസ്നേഹത്തിന്റെയും പരസ്നേഹത്തിന്റെയും സ്വയസ്നേഹത്തിന്റെയും ഉന്നതപ്രകരണങ്ങൾ ഈ അർത്ഥനയിൽ ഉൾക്കൊള്ളുന്നുണ്ടു്.

ഒരു യഥാർത്ഥകത്തോലിക്കനു ദൈവരാജ്യം വിസ്തൃതമാകണമെന്നു ആത്മാർത്ഥമായി ആഗ്രഹിക്കയും പ്രാർത്ഥിക്കയും അതിനായി പ്രവർത്തിക്കയും ചെയ്യാതിരിപ്പാൻ സാദ്ധ്യമല്ല. അതാണു് അവന്റെ വിശ്വാസത്തിന്റെ ഉരകല്ലു്. ഒരു കാലത്തു കത്തോലിക്കാസഭയിൽ വിശ്രുതമായി വിരാജിച്ചിരുന്ന ആഫ്രിക്കയിലെ കത്തോലിക്കാസഭയെക്കുറിച്ചു ഭുവനപ്രസിദ്ധനായ കർദ്ദിനാൾ ലവിജെരി തിരുമനസ്സുകൊണ്ടു പറയുന്നതു് കേൾക്കുക: "700 മെത്രാന്മാരും അനേകസഹസ്രം ദേവാലയങ്ങളും സന്യാസാശ്രമങ്ങളും നിരവധി വേദശാസ്ത്രവിശാരദന്മാരും പരിലസിച്ചിരുന്ന ആഫ്രിക്കൻസഭ, മഹത്തായതുതന്നെയായിരുന്നു. അവിടത്തെ മണ്ണു രക്തസാക്ഷികളുടെ തിരുരുധിരത്താൽ ആർദ്രമായിരുന്നു; ഒരു സിപ്രിയന്റെയൊ ഒരു അഗുസ്തീനോസിന്റെയൊ പ്രൗഢമായ ദൈവശാസ്ത്രപ്രഭാഷണങ്ങളെ സഭ മുഴുവനും ആനന്ദത്തോടുകൂടെ ശ്രവിച്ചു; മതമർദ്ദനവേളയിൽ അബലകളായ കന്യകകൾപോലും ബലിഷ്ഠധീരന്മാരായ പുരുഷന്മാരെ അതിശയിക്കുന്ന ധൈര്യം പ്രകടിപ്പിച്ചു. മലകളിലെ ഗഹ്വരങ്ങളും മരുഭൂമിയിലെ ശാദ്വലപ്രദേശങ്ങളും വനവാസികളായ താപസശ്രേഷ്ഠന്മാരുടെ ജീവിതപരിമളം പ്രസരിപ്പിച്ചുകൊണ്ടിരുന്നു. ലോകം മുഴുവന്റെയും അത്ഭുതവിഷയമായിക്കൊണ്ടു അസൂയാർഹമായ ഒരു സ്ഥാനം അതു കരസ്ഥമാക്കിയിരുന്നു." എന്നാൽ ഇന്നാകട്ടെ ആ ആഫ്രിക്കൻസഭയെവിടെ? കേവലം നാമാവശേഷമായിപ്പോയി. എന്താണു് കാരണം? ആഫ്രിക്കൻസഭയുടെ ശിരോഭൂഷണമായ വി. അഗുസ്തീനോസ് തന്നെ അതിനുള്ള കാരണം പ്രവചിച്ചിട്ടുണ്ടു്. അദ്ദേഹം പറയുന്നു: "മററുള്ളവർക്കു പങ്കിട്ടുകൊടുക്കാത്ത വിശ്വാസം നിർജ്ജീവമാകുന്നു." മററു വാക്കുകളിൽ പറഞ്ഞാൽ ദൈവരാജ്യം വിസ്തൃതമാക്കുന്നതിനുവേണ്ടി പ്രാർത്ഥിക്കയും പ്രയത്നിക്കയും ചെയ്യാത്തവരുടെ വിശ്വാസം സജീവമല്ല; അതു ക്രമേണ നാമാവശേഷമായിപ്പോകയുംചെയ്യും.

"നിന്റെ രാജ്യംവരണം" എന്നു നാം പ്രാർത്ഥിക്കുമ്പോൾ സ്വദേശത്തും വിദേശങ്ങളിലും ഭൂഗോളാതിർത്തികളിലും വിയർത്തൊലിച്ചും തണുപ്പുസഹിച്ചും, ഊണുറക്കവുമില്ലാതെയും, മർദ്ദനങ്ങളും മരണവും കൈവരിച്ചും ദൈവരാജ്യം വിസ്തൃതമാക്കുവാൻ പരിശ്രമിച്ചുകൊണ്ടിരിക്കുന്ന അനേകായിരം മിഷനറിമാരും, സന്യാസിനികളും, ഉപദേശികളും നമ്മുടെ മനോമുകുരത്തിൽ ഉദിച്ചുയരണം. ആശ്രമഭിത്തികൾക്കുള്ളിൽ പ്രാർത്ഥനകളാലും കഠിനതപശ്ചര്യകളാലും ദൈവരാജ്യം പരത്തുവാൻ പരിശ്രമിക്കുന്ന സഹസ്രക്കണക്കിനുള്ള സന്യാസികളേയും സന്യാസിനികളേയും നാം സ്മരിക്കണം. അനുദിനജീവിതം ക്രൈസ്തവമാക്കിത്തീർത്തുകൊണ്ടു്—ക്രിസ്തുവിനെ തങ്ങളുടെ ജീവിതത്തിലേക്കു പകർത്തിക്കാണിച്ചുകൊണ്ടു് — ക്രിസ്തുമതത്തിന്റെ വീരമാതൃകകളായി പരിലസിക്കയും മററുള്ളവരെ ക്രിസ്തുവിലേക്കാകർഷിക്കയും ചെയ്യുന്ന നിരവധി മാതൃകാകത്തോലിക്കരും നമ്മുടെ മനോദർപ്പണത്തിൽ തെളിഞ്ഞുവിളങ്ങണം. ഇവരെല്ലാവരുടേയും പരിശ്രമങ്ങൾ വിജയംപ്രാപിക്കുവാൻ നാം ആത്മാർത്ഥമായി പ്രാർത്ഥിക്കയും വേണം. ഫാദർ ജീൻഹാക്കു് എന്ന വൈദികൻ തീവണ്ടികളിലും ബസ്സുകളിലും മററും സഞ്ചരിച്ചിരുന്നപ്പോൾ ആ വാഹനങ്ങൾ കടന്നുപോയിരുന്ന രാജ്യങ്ങളിൽ കത്തോലിക്കാ മതാനുയായികൾ വർദ്ധിക്കുന്നതിനായി സദാ പ്രാർത്ഥിച്ചുകൊണ്ടിരുന്നുവത്രെ. ഇതുപോലെ തന്നെ നമ്മുടെ പ്രാർത്ഥനകളും അനുദിനകൃത്യങ്ങളും ദൈവരാജ്യം പരത്തുവാനുള്ള നിശ്ശബ്ദയത്നങ്ങളായിരിക്കട്ടെ. സർവ്വോപരി, നമ്മിലോരോരുത്തരിലും ദൈവരാജ്യം സുസ്ഥാപിതമാകുന്നതിനും അങ്ങനെ നമ്മുടെ വെളിച്ചം മററുള്ളവരുടെ മുമ്പിൽ പ്രശോഭിക്കുന്നതിനും ഇടവരട്ടെ.

(ജെ. ചെമ്മണൂർ)

## വിഗ്രഹാരാധനയോ?

(12-ാം പേജ് തുടർച്ച)

ല്പസമയം ദുർവാശിയെ ആലിംഗനം ചെയ്യാതെ, മഗ്ദലനമറിയത്തെപ്പോലെയോ, മുടിയനായ പുത്രനെപ്പോലെയോ, നമ്മുടെ കർത്താവായ യേശുമിശിഹായുടെ തൃപ്പാദത്തിങ്കൽ അണഞ്ഞു് പശ്ചാത്താപപൂർവ്വം പരിഹാരങ്ങൾ ചെയ്യുവാൻ താമസിക്കരുതു്. ദീർഘക്ഷമയുള്ളവനും കരുണാനിധിയുമായ ദൈവം നമ്മുടെ തെററുകൾ ക്ഷമിക്കുമെന്നുള്ളതു തീർച്ചയാണു്. നാം ദൈവത്തെ സമീപിച്ചു് അപേക്ഷിച്ചാൽ മാത്രംമതി. വിനയത്തോടുകൂടി തിരുസഭാമാതാവിന്റെ വക്ഷസ്സിൽ അഭയംപ്രാപിച്ചു നിത്യസൗഭാഗ്യം വരുത്തുവാൻ ശ്രമിച്ചാലും! ഇപ്രകാരമുള്ള അസത്യപ്രകാശിനികൾ ഉണ്ടാകാതെ നേർവഴിയിൽക്കൂടി അദ്ദേഹത്തെ നടത്തുവാൻ വേണ്ട അനുഗ്രഹങ്ങൾ ലഭിക്കുന്നതിനായി അനുവാചകന്മാരുടെ പ്രാർത്ഥനയെ പ്രതീക്ഷിക്കുന്നു.

["കത്തോലിക്കർ വിഗ്രഹാരാധനക്കാരല്ലേ?" എന്നും മററുമുള്ള ചോദ്യങ്ങൾ ചിലർ ഞങ്ങൾക്കു് അയച്ചുതന്നിട്ടുണ്ടു്. അവയ്ക്കു സമഗ്രമായ സമാധാനം ഈ ലേഖനം നല്കുന്നതിനാൽ അവയെപ്പററി "ചോദ്യോത്തരപംക്തി"യിൽ ചർച്ചചെയ്യുന്നതല്ല. പത്രാധിപർ]

---

## സംഭവകഥകൾ

### റഷ്യാമാതാ

അനേകവർഷം വിദേശങ്ങളിൽ വസിച്ചശേഷം റഷ്യയിലേക്കു തിരിച്ചുവന്ന സുപ്രസിദ്ധ സംഗീതവിദഗ്ദ്ധൻ വെർട്ടിൻസ്കി, അഭിനവമനോഹാരിത ചേർന്നിരുന്ന മോസ്കോനഗരം ദർശിക്കയിൽ വിസ്മയസ്തബ്ധനായി ഇങ്ങനെ വിളിച്ചുപറഞ്ഞു: "അല്ലയോ മാതാവായ റഷ്യാ! നിന്നെ ഞാൻ കണ്ടിട്ടു് അറിയുന്നില്ലല്ലോ." തദനന്തരം അദ്ദേഹം സ്യൂട്ട്കേസുകൾ രണ്ടും താഴെവച്ചിട്ടു്, മുട്ടുകുത്തി, മാതൃരാജ്യത്തിലെ മണ്ണു ഭക്ത്യാദരപൂർവ്വം ചുംബിച്ചു. പക്ഷെ, എഴുന്നേററുനോക്കിയപ്പോൾ സ്യൂട്ട്കേസ് രണ്ടും കണ്ടില്ല. അപ്പോൾ അദ്ദേഹം പറഞ്ഞതായതു്: "എന്റെ മാതാവായ റഷ്യാ! ഇപ്പോൾ നിന്നെ ഞാൻ തിരിച്ചറിയുന്നു." "In Anger and pity" by Robert Magidoff

### വേദോപദേശം പഠിപ്പിക്കുക

പ്രഭുകുടുംബത്തിൽപ്പെട്ട ഒരു സ്ത്രീ ഒരിക്കൽ പത്താം പീയൂസു മാർപ്പാപ്പായുടെ പാദങ്ങൾ ചുംബിച്ചശേഷം ഉദാരമനസ്സോടെ ചോദിച്ചു: "പരിശുദ്ധപിതാവേ! തിരുസ്സഭയ്ക്കുവേണ്ടി ഞാൻ എന്താണു ചെയ്യേണ്ടതെന്നു കല്പിച്ചാലും." "വേദോപദേശം പഠിപ്പിക്കുക" എന്നു് മാർപ്പാപ്പാ ഉടനടി മറുപടി പറഞ്ഞു. ആ മഹതി ഒട്ടും പ്രതീക്ഷിക്കാതിരുന്ന ഒരു മറുപടിയായിരുന്നു അതു്.

### വേദോപദേശത്തിന്റെ വെളിച്ചത്തിൽ

ഫാദർ ഷെരീഡൻ നാലുകൊല്ലത്തെ വിദേശവാസത്തിനുശേഷം സ്വന്തം ഇടവകയിലേക്കു തിരിച്ചുവന്നു. പഴയ പരിചയം പുതുക്കുന്നതിനായി അദ്ദേഹം വേദോപദേശക്ലാസ്സുകൾ ഓരോന്നും സന്ദർശിച്ചു. മുതിർന്ന കുട്ടികൾക്കെല്ലാം അദ്ദേഹത്തെ തിരിച്ചറിയുന്നതിനു പ്രയാസമുണ്ടായില്ല. കൊച്ചുകുട്ടികളുടെ ക്ലാസിൽ ചെന്നപ്പോൾ, അവർ അദ്ദേഹത്തെ ഓർക്കുമെന്നു് പ്രതീക്ഷയില്ലായിരുന്നു. എങ്കിലും ഒന്നു പരീക്ഷിച്ചുകളയാമെന്നു കരുതി അദ്ദേഹം ചോദിച്ചു: "ഇവിടെ ഇരിക്കുന്ന കൊച്ചുമിടുക്കന്മാരിൽ ആർക്കെങ്കിലും പറയാൻ സാധിക്കുമോ ഞാനാരാണെന്നു്?"

ഒരു ചെറുബാലൻ കൈപൊക്കി. 'ഞാനാരാണു്?' ഫാദർ ഷെരീഡൻ ചോദിച്ചു.

തൽക്ഷണം മറുപടിയും ലഭിച്ചു: "അച്ചൻ ഒരു മനുഷ്യനാണു്. അച്ചനെ ഇല്ലായ്മയിൽനിന്നു തമ്പുരാൻ സൃഷ്ടിച്ചതാണു്. അച്ചനു ആത്മാവും ശരീരവുമുണ്ടു്."

The Cotholic Digest

## തീർത്ഥാടനം

ശക്തിയായ മഴയും കാററും വകവയ്ക്കാതെ, 45000 ജനങ്ങൾ ജൂലൈ 31-ാം നു, ഐർലണ്ടിലെ ക്രോഗ്പാട്രിക് എന്ന ഗിരിശൃംഗത്തിലേക്കു ഒരു തീർത്ഥയാത്ര കഴിച്ചിരിക്കുന്നു. 1932-ലെ ദിവ്യകാരുണ്യകോൺഗ്രസിനുശേഷം ഇത്ര വമ്പിച്ച തീർത്ഥയാത്ര വേറെ നടത്തപ്പെട്ടിട്ടില്ല. തീർത്ഥകരുടെ കൂട്ടത്തിൽ ഉണ്ടായിരുന്ന 74 വയസ്സായ ഫാദർ ആൻജലൂസ് 41-ാമത്തെ പ്രാവശ്യവും, 77 വയസ്സായ മിസിസ് ഒ മാല്ലി 44-ാമത്തെ പ്രാവശ്യവുമാണു് ആ മലകയറിയതു്. രണ്ടുപേരും മുട്ടുകുത്തിത്തന്നെ "സ്ലീവാപാത" കഴിച്ചു. മലമുകളിൽ കാലത്തു 6 മണി മുതൽ ഉച്ചവരെ, നാലു അൾത്താരമേൽ ഇടവിടാതെ ദിവ്യബലി അർപ്പിക്കപ്പെടുകയുമുണ്ടായി.

# ഞാനൊരു രാജകുമാരി!

(സി. കെ. മററം എം. ആർ എ. എസ്.)

മണിമല ജയിംസ് കെ. സി. ഇന്നത്തെ സാഹിത്യാരാമത്തിലെ ഒരു സുരഭിലസുമമാണ്. ശ്രീ ജയിംസിന്റെ തൂലിക, പദ്യഗദ്യസാഹിത്യസരണികളിൽ ഒന്നുപോലെ വശ്യ. ഒരു യുവാവാണത്രെ! കാണാനുണ്ട് ലേഖനങ്ങളിലതു്. പദങ്ങൾ നിരർഗ്ഗളമായങ്ങനെ പ്രവഹിക്കുന്നു. അല്ല, ഒരു വെള്ളച്ചാട്ടത്തിൽനിന്നെന്നതുപോലെ ചാടുന്നു അപ്രതിഹതമായി. വൈഖരികൾ വഴിപിഴയാതങ്ങനെ വന്നു വീണു നീളുന്നു സ്ഥാനസ്ഥിതങ്ങളായി. എവിടെ? "രക്തസാക്ഷിണി" യിൽ! കാണണമോ?

ജഗദധിനായിക ശ്രീമേരി!
പരമപാവന മാതാവേ!
പാപഹീന പരിപൂതാംബേ!
താപഹീന പരമേശാംബേ!

വേറൊന്നു്:-

ദേവി ഭഗവതി ദേവന്റെപെണ്ണേ!
ദേഹത്തിലാകെ കലികൊണ്ടപെണ്ണേ
തന്തോഴരെല്ലാർക്കുമേകനാർദേവി!
ദർപ്പം തലമുടിയായുള്ള ദേവി...

മറെറാന്നു്:-

"അംബികേ കന്യാമേരി, അങ്ങെ സ്മരിക്കുമ്പോൾ കന്യാവ്രതത്തിന്റെ വിമലത്വം എന്നെ കോൾമയിർ കൊള്ളിക്കുന്നു. ആ പരമവിശുദ്ധിയുടെ സ്വർഗ്ഗീയകാഹളവുമായി അങ്ങെന്നെ സമീപിക്കുന്നുവോ എന്നു തോന്നിപ്പോകുന്നു. വരപ്രദായിനി, അവിടുന്നു് എന്റെ ഹൃദയത്തിൽ വിതച്ച ദിവ്യബീജം മുളച്ചു; ഇവൾ നനച്ചു; അതു തഴച്ചു. ഹാ! പല്ലവസുമാലംകൃതമായി അതു വിലസണമെങ്കിൽ ഈ ശരീരം തകരണം........."

സ്വശരീരത്തെ തകർക്കാൻ കാപ്പുകെട്ടുന്ന ഈ പെൺകൊടി ഏതാണെന്നോ? ഒരായിരം വർഷങ്ങളോളം ഇവളെപ്പററി ആരുമൊന്നുമറിഞ്ഞിരുന്നില്ല—ഫിലൊമിനായെന്ന പേരിൽ ഒരു പെണ്ണ് ജനിച്ചു; മരിച്ചു; അത്രമാത്രം!

* * *

1805-ാം വർഷം വന്നു പിറന്നു. നേപ്പിൾസിലെ മുഞ്ഞാനൊ ഇടവകവികാരിയച്ചനു് ഒരഭിനിവേശം. ഫാദർ ലൂയിസിനു് ഒരു തിരുശരീരം കൂടിയേകഴിയൂ, ഇടവകജനങ്ങളിൽ പുണ്യവർദ്ധനവിനു്. അദ്ദേഹത്തിന്റെ മെത്രാനച്ചൻ പരിശുദ്ധ പിതാവിനെ മുഖം കാണിക്കാൻ പോകുന്ന അവസരം സമീപഗതമായി. വികാരിയച്ചനും പോയി കൂട്ടത്തിൽ. റോമ്മായിലെത്തി, തിരുശിഷ്ടാലയാധിപനെ കണ്ടു. ഇഷ്ടമുള്ള ഒരെണ്ണമെടുത്തുകൊള്ളുവാൻ ആ ഉദാരമനസ്കന്റെ അനുമതിയും ലഭിച്ചു. ഫാദർ ലൂയിസിന്റെ ഭക്തിപ്രസരം, ആ അധികാരിയെ വശീകരിച്ചിരിക്കണം. വികാരിയച്ചന്റെ ദൃഷ്ടിയിൽ പലതും പെട്ടു. ഏതാണെടുക്കേണ്ടതെന്നു ഒരു വിഭ്രമം! ഒരു ചെറിയ പേടകം ഒരു മൂലയിൽ! അതിൽ "ഫിലൊമിനായെ! നിനക്കു സമാധാനം" എന്നു അദ്ദേഹം വായിച്ചു. ലിപികളുടെ അടിയിൽ ഒരു ലില്ലിപ്പുഷ്പം, ഒരു കുരുത്തോല, മൂന്നമ്പുകൾ, ഒരു നങ്കൂരം. ഇത്രയും ചിത്രങ്ങൾ. ഫിലൊമിനാ! എന്തു ആകർഷകമായ നാമധേയം! ഫിലൊ = കുമാരി. മിനാ = പ്രഭ, കാന്തി. അപ്പോൾ കാന്തികുമാരി. എത്ര നല്ല പേരു്? അങ്ങനെ ഒരു പേരു ആ വികാരിയച്ചൻ അതുവരെ കേട്ടിരുന്നില്ല. ലില്ലിപ്പുഷ്പം, ബാല്യവും കന്യാത്വവും ദ്യോതിപ്പിക്കുന്നുവെന്നും കുരുത്തോല, വിജയമകുടത്തെയും, അമ്പുകളും നങ്കൂരവും മർദ്ദനായുധങ്ങളേയും സൂചിപ്പിക്കുന്നുവെന്നും ഫാദർ ലൂയിസിനറിയാം. ഈ ചിത്രങ്ങളിൽനിന്നും തിരുശരീരം ഒരു ബാലികയായ കന്യകയുടേതാണെന്നും സുവ്യക്തം. മതപീഡനം സഹിച്ചു രക്തസാക്ഷിണിയായി ആ തയ്യലാൾ. ഇത്രയുംകൊണ്ടു് അദ്ദേഹം സംതൃപ്തമനസ്കനായി. അത്യാഹ്ലാദത്തോടെ ആ പേടകം കരസ്ഥമാക്കി.

മുഞ്ഞാനോപ്പള്ളിയിൽ കൊണ്ടുചെന്നു യഥാവിധി തിരുശരീരം പ്രതിഷ്ഠിച്ചു. പലവിധങ്ങളായ അത്ഭുതങ്ങളും സംഭവിച്ചുതുടങ്ങി. നാട്ടുവാണിരുന്ന രാജാവും മാർപ്പാപ്പായുമായ ലിയൊദ്വാദശൻ തിരുമനസ്സുകൊണ്ടു് ഫിലൊമിനാ ഒരു പുണ്യവതിയാണെന്നും തന്നിമിത്തം പരസ്യവന്ദനത്തിനർഹയാണെന്നും പ്രഖ്യാപിച്ചു തിരുനാൾ കൊണ്ടാടുവാൻ സമസ്തലോകത്തോടും കല്പിക്കുകയും ചെയ്തു. പക്ഷെ 1836വരെ ഈ ഭാഗ്യവതിയുടെ പൂർവ്വചരിത്രം ആരും അറിഞ്ഞില്ല. പേരറിഞ്ഞിട്ടും ലോകം സുമാർ 31 വർഷത്തോളം കാത്തിരിക്കേണ്ടിവന്നു കാന്തികുമാരിയുടെ ജീവചരിത്രമറിയുവാൻ! അതെങ്ങനെ അറിയാനാണു്? ആരു പറഞ്ഞുതരും? കാന്തികുമാരിതന്നെ പ്രത്യക്ഷയായി പറഞ്ഞുകൊടുത്തു അവൾ ഒരു രാജകുമാരിയാണെന്നു്. ഗ്രീസിലെ രാജപുത്രി! ഈ വിവരങ്ങൾ ഒരു തൊഴിലാളി, ഒരു വൈദികൻ, ഒരു കന്യാസ്ത്രീ ഇങ്ങനെ മൂന്നുപേർക്കു് മൂന്നു ദിക്കിൽവച്ചു് ഒരേസമയത്തു് അവൾ പറഞ്ഞുകൊടുത്തു. അവർ പരസ്പരം അറികയുമില്ല. ഇവരാണു പിന്നെ അതു പരസ്യപ്പെടുത്തിയതു് ഓരോരുത്തരായി. ഗ്രീക്കിൽ ഫിലൊമിനാ, മലയാളത്തിൽ കാന്തികുമാരി! നൈർമ്മല്യത്തിന്റെ ലതാനികുഞ്ജം. സൗന്ദര്യത്തിന്റെ സുധാസൗധം. ഈശ്വരഭക്തിയുടെ നിർഭരകേന്ദ്രം. ദൈവവിശ്വാസത്തിന്റെ വിശ്വസ്തകേദാരം. പിതൃഭക്തിയുടെ വിശിഷ്ടവിളനിലം, മാതൃസ്നേഹത്തിന്റെ സ്നിഗ്ദ്ധസോപാനം. ആരു്? കാന്തികുമാരി.

വിശദവിവരം ഗ്രഹിക്കാനാഗ്രഹമുള്ളവർ "രക്തസാക്ഷിണി"യെ 12ണ വിലകൊടുത്തു എറണാകുളത്തെ മാർ ലൂയിസ് മെമ്മോറിയൽ പ്രസ്സിൽ അപേക്ഷിച്ചു വാങ്ങിക്കേണ്ടതാണു്.

ഫിലൊമിനാ പുണ്യവതിയോടർത്ഥിച്ചാൽ, സാധിച്ചുകൂടാത്തതായി വല്ലതുമുണ്ടോയെന്നു നിശ്ചയമില്ല. അത്ര വിശ്വവ്യാപകമാണു് ഈ ബാലികയുടെ സ്വാധീനശക്തി മോക്ഷത്തിൽ, എന്നാണു പലരുടേയും അനുഭവജ്ഞാനം.

റവറണ്ടു് ഫാദർ പാറേക്കാട്ടിൽ ബി. എ, ഡി. ഡി. യുടെ അവതാരിക പ്രൗഢഗംഭീരവും ശാസ്ത്രയുക്തവുമാണു്. ഗ്രന്ഥത്തിനൊരലങ്കാരവും. അങ്ങനെ "സത്യദീപം" പത്രാധിപരുടെ തണലിൽ മണിമല! അതും സമീചീനം തന്നെ. നമ്മുടെ യുവസാഹിത്യകാരന്മാരെ സത്പന്ഥാവിലേക്കു നയിച്ചു പ്രോത്സാഹിപ്പിക്കേണ്ടതു കത്തോലിക്കാപത്രങ്ങളുടെ ധർമ്മംമാത്രം. ഗ്രന്ഥകർത്താവിനു് എന്റെ ശുഭാശംസകൾ!


## ഫ്റീ ഇൻഡ്യാ ബാങ്ക് ക്ലിപ്തം, കോട്ടയം

തിരുവിതാംകൂറിൽ രജിസ്റ്റ്രാക്കപ്പെട്ടതു്

ഓഹരി ഉടമസ്ഥന്മാരുടെ ബാദ്ധ്യത ക്ലിപ്തം

| | | | |
|---|---|---|---|
| പലിശനിരക്കു് കറന്റു് | 1½% | 6 മാസം കാലാവധി | 4% |
| സേവിംഗ്സ് | 3% | 12 ” | 4½% |
| ഷോർട്ട് നോട്ടീസ് | 3% | 24 ” | 5% |
| | | 36 ” | 5½% |

ഇതിനുംപുറമെ ആവശ്യക്കാർക്കു 6 ശതമാനം പലിശ ലഭിക്കുന്ന ത്രിവത്സരകാഷ് സർട്ടിഫിക്കററുകളും വാങ്ങാവുന്നതാണു്. ബ്രാഞ്ചുകൾ: കോട്ടയം, കോതമംഗലം, രാമപുരം, പാലാ, കിടങ്ങൂർ, പൊൻകുന്നം, നെടുംകുന്നം, ചങ്ങനാശ്ശേരി, ഉല്ലല.


ആരോഗ്യപംക്തി

# ബാലരോഗങ്ങൾ

(വൈദ്യകലാനിധി മിസ്സസ് മാർഗ്ഗററ് കോര, പനയ്ക്കൽ)

സ്ത്രീകളുടെ രോഗങ്ങളിൽ അമ്പതുശതമാനത്തിൽ കൂടുതലും ശിശുക്കളുടെ രോഗങ്ങളിൽ ഏകദേശം എഴുപതു ശതമാനവും, ഗർഭകാലത്തും പ്രസവകാലത്തും മാതാവു് അവശ്യം അനുഷ്ഠിക്കേണ്ട കാര്യങ്ങളിൽ ഉദാസീനത പ്രകടിപ്പിക്കുന്നതിൽ നിന്നു ഉത്ഭവിക്കുന്നതാണെന്നാണു് കുറെക്കൊല്ലങ്ങളിലെ എന്റെ ചികിത്സാപരിചയത്തിൽനിന്നും അനുമാനിക്കുവാൻ സാധിച്ചിട്ടുള്ളതു്. ഗർഭ, പ്രസവകാലങ്ങളിൽ അനുഷ്ഠേയങ്ങളായ ചര്യകളെപ്പററിയുള്ള അജ്ഞതയാണു് ഇതിനു മുഖ്യകാരണം. ശരിയായ വൈദ്യസഹായമൊ വിദഗ്ദ്ധപരിചരണമൊ കൂടാതെയുള്ള പ്രസവം മുഖാന്തിരം ആജീവനാന്തം രോഗിണികളായിക്കഴിയുന്ന എത്രയെത്ര മാതാക്കളെ നമുക്കു ദിനംപ്രതി കാണാൻ സാധിക്കും! ശിശുക്കളും ഇതിൽ ഒട്ടും കുറവല്ലതന്നെ.

കരപ്പൻ പിടിപെടാത്ത കുഞ്ഞുങ്ങൾ വളരെ തുച്ഛമായ ശതമാനംമാത്രമേയുള്ളൂ. കൂടാതെ പനി, ചുമ, അക്കരം, ഛർദ്ദി, അതിസാരം ഈ രോഗങ്ങളും ആറുമാസംവരെ പ്രായമുള്ള കുട്ടികൾക്കു ധാരാളമായി കാണാം. മേല്പറഞ്ഞ രോഗങ്ങളിൽ ഭൂരിപക്ഷവും നിരോധിക്കുന്നതിനു് ഒരു എളുപ്പമാർഗ്ഗത്തെപ്പററി പറയാം.

ജനിച്ചാലുടനെ ഛർദ്ദിയുണ്ടാകാത്ത കുഞ്ഞുങ്ങൾ വളരെ വിരളമാണു്. സാധാരണരീതിയിൽ ഏതെങ്കിലും അന്യപദാർത്ഥം (foreign matter) ആമാശയത്തിൽ കടക്കാതെ ഛർദ്ദിയുണ്ടാവാൻ തരമില്ല. ദഹനക്കുറവുകൊണ്ടും മററുമുണ്ടാകുന്ന ഛർദ്ദിയുടെ സംഗതി ശിശുക്കളെ സംബന്ധിച്ചിടത്തോളം അപ്രസക്തമാണല്ലോ. മാതാവിന്റെ ജീവരക്തംകൊണ്ടുപജീവിച്ചിരുന്ന ശിശുവിനു ദഹനക്കുറവുണ്ടാവാൻ തരമില്ലെന്നു സ്പഷ്ടം. പിന്നെ എന്താണു് ഈ അന്യപദാർത്ഥം? അതു ഗർഭോദകമല്ലാതെ മറെറാന്നുമല്ല. ഛർദ്ദിയിൽക്കൂടി അതിനെ പുറത്തേക്കു കളഞ്ഞുകൊണ്ടു് ശരീരം സ്വയം ചികിത്സ നടത്തുന്നു. അങ്ങനെ ശിശുവിന്റെ ഛർദ്ദി രോഗമല്ല, ചികിത്സതന്നെയാണെന്നു മനസ്സിലാക്കണം. എന്നാൽ കുട്ടി ഛർദ്ദിച്ചാലുടനെ ചില പൊടിക്കൈകളൊക്കെ നോക്കിയിട്ടും ശമനം കാണുന്നില്ലെങ്കിൽ വൈദ്യന്റെ അടുക്കലേക്കു് ഓടാത്തവർ വളരെ ചുരുക്കമാണു്. അന്യപദാർത്ഥബഹിഷ്കരണത്തിനുള്ള ശരീരത്തിന്റെ യത്നത്തെ തടുത്തു് രോഗം ഉണ്ടാക്കുന്നതിൽ എത്ര ഔത്സുക്യമാണു സാധാരണ കാണുന്നതു്? അങ്ങനെ ഛർദ്ദി നിറുത്തിയാൽ ദുഷ്ടമായ ആ ഗർഭോദകം ശിശുവിന്റെ ഉദരത്തിൽനിന്നു രസായനികൾവഴി ദേഹമെങ്ങും വ്യാപിച്ചു കരപ്പൻ, നീരു്, പനി, ചുമ മുതലായവയുണ്ടാക്കുകയും ചെയ്യും.

മേല്പറഞ്ഞ വിധത്തിൽ ഛർദ്ദിയെ നിറുത്താതെ ശരീരത്തെ അതിന്റെ സ്വയംചികിത്സയിൽ സഹായിക്കയാണു് അപ്പോൾ കരണീയമായിട്ടുള്ളതു്. ദുഷിച്ച ആ ജലത്തെ ഛർദ്ദിപ്പിച്ചുകളയുകതന്നെ വേണം. ചെറിയ പുത്തരിച്ചുണ്ടങ്ങാവലിപ്പത്തിൽ വെണ്ണനെയ്യും രണ്ടു ഗ്രെയിൻ ഇന്തുപ്പും കൂടി ചാലിച്ചു കുട്ടിയുടെ നാക്കിൽ കൊടുക്കുക. നന്നായിട്ടു ഛർദ്ദിക്കും. ഛർദ്ദിശമനങ്ങളായ ഔഷധങ്ങൾ കൊടുത്താൽ നാലും അഞ്ചും ദിവസത്തേക്കു് ഛർദ്ദിച്ചുകൊണ്ടിരിക്കും. എന്നാൽ മേല്പറഞ്ഞവിധത്തിൽ ഛർദ്ദിപ്പിച്ചാൽ ആദ്യദിവസം മാത്രമേ സാധാരണയായി ഛർദ്ദിക്കാറുള്ളൂ. ബാലപീഡയായി വ്യവഹരിക്കപ്പെടുന്ന കോച്ചു്, അപസ്മാരം മുതലായ രോഗങ്ങൾപോലും ഈ ഛർദ്ദിപ്പിക്കൽകൊണ്ടു നിരോധിക്കപ്പെടുന്നതാണു്. കരപ്പൻ, നീരു് മുതലായവയുടെ കാര്യം പറയാനുമില്ലല്ലോ. ചില മാതാപിതാക്കന്മാരിൽനിന്നും ജനിക്കുന്ന ശിശുക്കൾക്കു് രണ്ടും മൂന്നും വയസ്സാകുന്നതുവരെ കരപ്പന്റെ ഉപദ്രവം ശക്തിയായി കാണുന്നുണ്ടു്. അങ്ങനെയുള്ള ശിശുക്കളെ ഈ വിധത്തിൽ ഛർദ്ദിപ്പിച്ചാൽ കരപ്പന്റെ ഏതെങ്കിലും ഉപദ്രവം ഉണ്ടായതായി കണ്ടിട്ടില്ല. മാതാക്കളുടെയും സൂതികർമ്മിണികളുടെയും സവിശേഷമായ ശ്രദ്ധയ്ക്കു് ഇക്കാര്യം വിഷയീഭവിക്കുമെന്നു വിശ്വസിക്കുന്നു.

## ഏഴു റീത്തുകളിൽ

ഈജിപ്തിലെ ഇൻറർനൺഷിയൊ ആയിരുന്ന ആർച്ചുബിഷപ്പു് ഹഗ്സ് കുറെനാൾക്കുമുമ്പു നിര്യാതനായ വിവരം പ്രസ്താവിച്ചിരുന്നല്ലോ. അദ്ദേഹത്തിനുവേണ്ടി സെൻറ് ജോസഫ്സ് കത്തീഡ്രലിൽ നടത്തിയ പൊന്തിഫിക്കൽ കുർബാനയ്ക്കുശേഷം, ലത്തീൻ, കോപ്റ്ററിക്, സിറിയൻ, മാറൊണൈററ്, കാൽഡയൽ, അർമിനിയൻ, ബിസന്റയിൻ എന്നി ഏഴു റീത്തുകളിൽ ഒപ്പീസു നടത്തപ്പെട്ടു.

# ഉൽബോധനം

(എൻ. യു. ജോസഫ, ഇടപ്പള്ളി)

"മറിയമെ കന്യാ...." എ. മ.

ഉദയവേളയായ് നവവർഷാരംഭ
പ്പൂതുമ കാണുകാ വഴിനീളെ!
ഇരുളിൻ കന്മതിലിടിയുമ്പോൾ സൂര്യ—
കിരണങ്ങൾ ചുററുമുതിരുമ്പോൾ
പരമപാവന വനികയിലാൻ
കരയുവാനെന്തേ മുതിരുന്നു
ചുട്ടരക്തമോട്ടമിരുകൈയ്യേലുമെൻ
യുവസഖേ വീരയുവസഖേ
അഴകിൻ സൽഫലം വിളയിക്കാനായി—
ട്ടെഴുന്നേല്ക്കൂ! വേഗമെഴുന്നേല്ക്കൂ!!

അളിജാലം സൂനനിരതോറും മൂളി
യിളകി വാനിൽപ്പോയ് മറയുന്നു.
കനകപ്പൂമ്പൊടി വിതറി ലീലയി—
ലനിലബാലകൻ വിഹരിപ്പൂ.
പരനെ നോക്കിക്കൊണ്ടിളയപുൽക്കൊടി
നിരയായിനിന്നു വളരുന്നു.
തളിർമാവിൻകൊമ്പിൽക്കളഗാനം തൂകി
ക്കുയിലുല്ലാസത്താൽ മരുവുന്നു.
ഇവിടമാനന്ദം പലവേഷം പൂണ്ടു
നടനം ചെയ്യുന്നോരിടമല്ലീ?

അഴലിങ്കൽനിന്നും കരകയറുവാൻ
കഴിയുകില്ലെന്നോ പറയുന്നു.
അലയാഴി മീതെ നിപതിക്കപ്പെട്ടാൽ
തുലയുകയല്ലാ രവിബിംബം,
പുലർകാലത്തിങ്കൽ കതിർതൂകിത്തൂകി
പ്പരിപൂർണ്ണാഭനായുയരുന്നു.
സ്ഥിരപരിശ്രമം മരുഭൂവിൽപ്പോലും
വിരചിക്കുന്നില്ലേ മലർവാടി?
വിനതൻ കൊമ്പിന്മേൽ വികസിക്കുന്നില്ലേ
വിമലസൗഖ്യത്തിൻ പനിനീർപ്പൂ?
അരുതേരോദന മരുതേകണ്ണുനീ—
രരുതേനൈരാശ്യം മതിമാനേ!
ചുട്ടരക്തമോട്ടമിരുകൈയ്യേലുമെൻ
യുവസഖേ വീരയുവസഖേ
അഴകിൻ സൽഫലം വിളയിക്കാനായി
ട്ടെഴുന്നേല്ക്കൂ! വേഗമെഴുന്നേല്ക്കൂ!

Sathya Deepam
Vol. 23 Ernakulam August 31 1949 No. 3

## വിഗ്രഹാരാധനയോ?

(1-ാം പേജ് തുടർച്ച)

"ആകാശത്തിൽ എങ്കിലും, താഴെ ഭൂമിയിൽ എങ്കിലും, ഭൂമിക്കുകീഴെ വെള്ളത്തിൽ എങ്കിലും യാതൊന്നിന്റെയും പ്രതിമയോ സാദൃശ്യമോ ഉണ്ടാക്കരുത്" എന്നുള്ള കല്പനയെ കുഞ്ചെറിയച്ചന്റെ സമുദായം ലംഘിക്കുന്നതിനെപ്പററി ചോദ്യംചെയ്യാതിരിക്കുന്നതു് ഒരു സത്യപ്രകാശകനു് യോജിച്ചതാണോ?

കത്തോലിക്കർ പ്രതിമകളെ ആരാധിക്കുന്നു. മററുള്ളവരാരും ആരാധിക്കുന്നില്ല എന്ന ഒരു വാദം പുറപ്പെടുവിച്ചേക്കാം. മാർത്തോമ്മായിലെ, കഥാവശേഷനായ ഒരു മെത്രാപ്പോലീത്തായുടെ ഒരു വലിയ പടം ആനപ്പുറത്തുവച്ചു് എഴുന്നെള്ളിച്ചു ഘോഷയാത്ര നടത്തിയപ്പോൾ മാർത്തോമ്മാക്കാർ ആ പടത്തെ ആരാധിച്ചതിൽ കൂടുതലായി യാതൊരു കത്തോലിക്കനും പ്രതിമകളെയോ പടങ്ങളെയോ ആരാധിക്കുന്നില്ല. വിശുദ്ധന്മാരുടെ പ്രതിമകളോടു ബഹുമാനവും വണക്കവും പ്രദർശിപ്പിക്കയല്ലാതെ ആരാധിക്കാൻ പാടില്ലെന്നാണു് കത്തോലിക്കാസഭ പ്രബോധിപ്പിക്കുന്നതു്. ആരാധന ദൈവത്തിനുമാത്രമുള്ളതാകുന്നു. ധാരാളം പ്രോട്ടസ്റ്റന്റു ഭവനങ്ങളിൽ ക്രിസ്തുവിനോടുള്ള ബഹുമാനത്തിനും വണക്കത്തിനുമായി, ക്രിസ്തുവിന്റെ ക്രൂശിതരൂപങ്ങൾ പ്രധാനസ്ഥാനത്തു് സ്ഥലംപിടിച്ചിട്ടുള്ളതായി കാണാൻ കഴിയും. അതുപോലെ പല പരിശുദ്ധന്മാരുടേയും അവരവരുടെ പ്രിയപ്പെട്ട മാതാപിതാക്കന്മാരുടേയും രൂപങ്ങൾ ബഹുമാനാർത്ഥം പല പ്രോട്ടസ്റ്റന്റു ഭവനങ്ങളിലും ഉണ്ടെന്നുള്ളതും സത്യപ്രകാശകൻ കണ്ടിരിക്കും. എന്നാൽ കത്തോലിക്കർ മാത്രമല്ല, ഗ്രീക്കുകാർ, നെസ്തോറിയൻകാർ, അമ്മീനായക്കാർ, യാക്കോബായക്കാർ മുതലായ പുരാതനസഭകളെല്ലാം പ്രതിമകൾ ബഹുമാനത്തിനായും വണക്കത്തിനായും പള്ളികളിൽ സ്ഥാപിച്ചിട്ടുണ്ടു്. അവയെ വണങ്ങുകയും ബഹുമാനിക്കയും, ധൂമം വയ്ക്കുകയും ചുംബിക്കയും അവർ ചെയ്യുന്നുമുണ്ടു്. കുഞ്ചെറിയച്ചൻ അതൊന്നും കണ്ടില്ലെന്നുള്ള മട്ടിൽ തന്റെ മാതൃസഭയായ കത്തോലിക്കാസഭയെ മാത്രം പങ്കംപുരട്ടാൻ പുറപ്പെട്ടതു് ആശയശുദ്ധിയുടെ അഭാവം അല്ലയോ? ഇടത്തുടിലേക്കു് ആണ്ടുപോയ തനിക്കു കൂട്ടുകാരായി വല്ല സാധുക്കളേയും കിട്ടുവാനുള്ള ആഗ്രഹത്തിന്റെ ബഹിഷ്പ്പാടായിരിക്കാം ഇതെല്ലാം.

787-ലെ നിഖ്യാസൂനഹദോസിന്റെ തീരുമാനം കേട്ടാലും: "പുണ്യമാർഗ്ഗത്തിലൂടെ ചരിക്കുന്നപക്ഷം ദൈവത്തോടു നമ്മെ രമ്യപ്പെടുത്തുവാൻ ശക്തമായ വിശുദ്ധന്മാരുടെ മാദ്ധ്യസ്ഥം സിദ്ധിക്കുന്നതിനു് വി. മാലാഖമാരേയും അപ്പസ്തോലന്മാരേയും പ്രവാചകന്മാരേയും രക്തസാക്ഷികളേയും, വി. പിതാക്കന്മാരേയും വിശിഷ്യ ഏററം ഉയർത്തപ്പെട്ടിരിക്കുന്ന ദൈവമാതാവിനേയും സ്തുതിക്കയും ബഹുമാനിക്കയും ചെയ്യണമെന്നു് ദിവ്യരക്ഷകനും അവിടുത്തെ ശിഷ്യന്മാരും പ്രവാചകന്മാരും നമ്മെ പഠിപ്പിച്ചിരിക്കുന്നു. എന്നുതന്നെയുമല്ല, മനുഷ്യാവതാരംചെയ്ത ഈശോയുടേയും നമ്മുടെ അമ്മയായ അമലോത്ഭവമാതാവിന്റെയും മനുഷ്യാകൃതിയിൽ കാണപ്പെട്ട അശരീരികളായ ദൈവദൂതന്മാരുടേയും അപ്പസ്തോലന്മാരുടേയും പ്രവാചകന്മാരുടേയും രക്തസാക്ഷികളുടേയും പ്രതിമകൾ വാങ്ങിക്കുവാനും അവവഴി അവയുടെ മൂലത്തെ സ്മരിക്കുന്നതിനും തന്മൂലം ദിവ്യരക്ഷകനായ മിശിഹായുടെ വിശുദ്ധിയിൽ ഭാഗഭാക്കാകുന്നതിനുമായി ദൈവാലയങ്ങളിൽ എല്ലായിടത്തും അവയെ സ്ഥാപിക്കുവാനും കല്പിച്ച പിതാക്കന്മാരുടെ ചട്ടപ്രകാരം പരിശുദ്ധവും ജീവദായകവും ആയ കുരിശിനേയും തിരുശേഷിപ്പുകളേയും നാം ബഹുമാനിക്കയും വിശുദ്ധവും വന്ദ്യവും ആയ പ്രതിമകളെ സ്വീകരിച്ചു നാം അവയെ വണങ്ങുകയും ആലിംഗനം ചെയ്യുകയും ചെയ്യുന്നു. പ്രതിമയ്ക്കു നല്കുന്ന ബഹുമാനം അതിന്റെ മൂലത്തിനു സിദ്ധിക്കുന്നതുകൊണ്ടും പ്രതിമയെ ബഹുമാനിക്കുന്നവർ അതു യാതൊരുത്തന്റെ പ്രാതിനിധ്യം വഹിക്കുന്നുവോ അവനെ ബഹുമാനിക്കുന്നതുകൊണ്ടും ദൈവത്തിനുമാത്രം അർഹമായ ശ്രേഷ്ഠപൂജ അഥവാ ആരാധന അവയ്ക്കു നല്കാൻ പാടില്ല. എങ്കിലും "ദൂലിയാ" എന്നറിയപ്പെടുന്ന വന്ദനം അവയ്ക്കു പ്രദാനം ചെയ്യുന്നതു ന്യായമാകുന്നു."

ഇനിയും ത്രെന്തോസു സൂനഹദോസ് എന്തു നിശ്ചയിച്ചിരിക്കുന്നു എന്നുകൂടി പരിശോധിക്കാം. "മിശിഹായുടേയും കന്യകയായ മാതാവിന്റെയും മററു പുണ്യവാന്മാരുടേയും പ്രതിമകൾ പ്രധാനമായി പള്ളികളിൽ ഉണ്ടായിരിക്കയും വയ്ക്കപ്പെടുകയും വേണം. അവയ്ക്കു ന്യായമായ ഒരു ബഹുമാനവും വന്ദനവും ചെയ്യേണ്ടതാകുന്നു. അവയെ ബഹുമാനിക്കുന്നതു അവയിൽ വല്ല ദേവത്വമോ പുണ്യമോ ഉണ്ടെന്നു് വിശ്വസിക്കപ്പെടുന്നതുകൊണ്ടോ വല്ല പ്രാർത്ഥനയും അവയ്ക്കായി ചെയ്യപ്പെടണമെന്നുള്ളതുകൊണ്ടോ, ബിംബങ്ങളിൽ തങ്ങളുടെ ആശകൾവച്ചിരുന്നവരായ അജ്ഞാനികൾ പൂർവ്വകാലത്തിൽ ചെയ്തതുപോലെ അവയിൽ വല്ല വിശ്വാസവും വയ്ക്കണമെന്നുള്ളതുകൊണ്ടോ അല്ല. പിന്നെയോ അവയ്ക്കു ചെയ്യപ്പെടുന്ന ബഹുമാനം അവ ആരുടെ പ്രതിമകളോ, അവർക്കായി ഉദ്ദേശിക്കപ്പെടുന്നതുകൊണ്ടാകുന്നു. അതിനാൽ നാം ചുംബിക്കയും ബഹുമാനിക്കയും അവയുടെ മുമ്പിൽ നമ്മുടെ തലകളിൽനിന്നും വസ്ത്രം നീക്കുകയോ മുട്ടു കുത്തുകയോ ചെയ്യുകയും ചെയ്യുമ്പോൾ ആ പ്രതിമകൾമൂലം അവ ആരുടെ സ്വരൂപങ്ങളോ, ആ മിശിഹായെ ആരാധിക്കയും ആ പുണ്യവാന്മാരെ വന്ദിക്കയും ചെയ്യുന്നു."

അജ്ഞാനിയുടെ ഒരു ബിംബവും ക്രിസ്ത്യാനിയുടെ ഒരു പ്രതിമയും തമ്മിലുള്ള സാരമായ വ്യത്യാസം എല്ലാം കത്തോലിക്കാ കുട്ടികളും ശരിയായി മനസ്സിലാക്കിട്ടുണ്ടു്. അജ്ഞാനിയുടെ ബിംബത്തെ, ബുദ്ധിയും ദൈവത്വത്തിന്റെ മററു ലക്ഷണങ്ങളും ഉള്ള ഒരു ദൈവമെന്നു് അവർ വിചാരിച്ചിരുന്നു. അതിനാൽ അവർ വിഗ്രഹാരാധകരെന്നു പറയപ്പെടുന്നു. എന്നാൽ വിശുദ്ധ പ്രതിമകൾക്കു ബുദ്ധിയാകട്ടെ, തങ്ങൾ പറയുന്നതിനെ കേൾക്കുവാനും തങ്ങളെ സഹായിക്കുവാനും ശക്തിയും കഴിവുമാകട്ടെ ഇല്ലെന്നു കത്തോലിക്കാക്രിസ്ത്യാനികൾക്കു് അറിയാം. അവർ അവയ്ക്കു ചെയ്യുന്നതു സ്വർഗ്ഗീയമായ മൂലത്തോടു അവർക്കുള്ള ഭക്തിയെ സൂചിപ്പിക്കുന്നതാകുന്നു. ഇത്രയും പ്രസ്താവിച്ചതിൽനിന്നും കത്തോലിക്കർ പ്രതിമകളെ ആരാധിക്കാൻ പാടില്ലെന്നു സഭ വിരോധിച്ചിട്ടുണ്ടെന്നും പ്രതിമകളെ ബഹുമാനിക്കമാത്രമെ ചെയ്യുന്നുള്ളുവെന്നും ആയതു ക്രിസ്തുമതാരംഭം മുതൽ നടന്നുവരുന്നതാണെന്നും കത്തോലിക്കർ അകത്തോലിക്കരെ അപേക്ഷിച്ചു കൂടുതലായി 2-ാമത്തെ കല്പന ലംഘിച്ചിട്ടില്ലെന്നും നിർമ്മത്സരബുദ്ധികളായ സത്യാന്വേഷികൾക്കു ബോധ്യപ്പെടുന്നതാണു്.

"കത്തോലിക്കർ രണ്ടാമത്തെ കല്പനയെ മാററി പത്താമത്തെ കല്പനയെ രണ്ടായി വിഭജിച്ചു് എണ്ണം ശരിപ്പെടുത്തിയിരിക്കുന്നതു ബിംബാരാധനയ്ക്കു പ്രചരണം നല്കുന്നതിനാകുന്നു" എന്നു് "പ്രകാശിനി" കർത്താവു് പ്രസ്താവിച്ചിരിക്കുന്നതു സത്യത്തോടുള്ള ബഹുമാനക്കുറവുകൊണ്ടുതന്നെയാണു്. വേദപുസ്തകത്തിലുള്ള വാക്യങ്ങളെ ഇഷ്ടംപോലെയും ആവശ്യാനുസരണവും വ്യാഖ്യാനിക്ക എന്നുള്ളതു് അകത്തോലിക്കരുടെ ഒരു സാധാരണ പതിവാണെന്നുള്ളതു വായനക്കാർ നിഷേധിക്കയില്ലല്ലോ. പരിതസ്ഥിതികളോ സന്ദർഭമോ മുൻപിലുള്ള വാക്യങ്ങളുമായുള്ള സംബന്ധമോ പരിഗണിക്കാതെ പൊതുജനങ്ങളെ വഴിതെററിക്കുന്നതിനാണു് ഇപ്രകാരം ചെയ്തുവരുന്നതു്.

പഴയ നിയമകാലത്തു പുറജാതികൾ ബിംബങ്ങളെ ഉണ്ടാക്കി അവ ദൈവങ്ങളാണെന്നു വിശ്വസിച്ചു അവയെ ആരാധിക്കയും അവയോടു അപേക്ഷിക്കയും ചെയ്തുവന്നിരുന്നു. പുറജാതികളോടുകൂടി സമ്മേളിച്ചു താമസിച്ചിരുന്ന ഇസ്രായേൽജനം അപ്രകാരം ബിംബങ്ങളെ ഉണ്ടാക്കി ആരാധിക്കാതിരിക്കുന്നതിനും സത്യദൈവമായ യഹോവായെ മാത്രം ആരാധിക്കുന്നതിനും ഇസ്രായേൽജനത്തെ പഠിപ്പിക്കുന്നതിനായിട്ടാണു് യഹോവയായ ദൈവം മോശയെ കല്പനകൾ ഏല്പിച്ചു കൊടുത്തതു്. പുറജാതികളുടെ ബിംബാരാധനയിൽനിന്നും ഇസ്രായേൽജനത്തെ അകററണമെന്നുള്ള പ്രധാന ഉദ്ദേശത്തോടുകൂടിയാണു് അതു ചെയ്തതെന്നുള്ളതു പ്രത്യേകം ശ്രദ്ധിക്കേണ്ടതാകുന്നു.

പുറപ്പാടു പുസ്തകം 20-ാം അദ്ധ്യായം 2—17 വരെയുള്ള 16 വാക്യങ്ങളാണു്, പത്തു കല്പനകളായി വേദപുസ്തകത്തിൽ നാം വായിക്കുന്നതു്. പ്രോട്ടസ്റ്റന്റു വേദപുസ്തകത്തിലെപ്പോലെ കത്തോലിക്കാ വേദപുസ്തകത്തിലും മുഴുവൻ വാക്യങ്ങളും ഉണ്ടെന്നു മി. കുഞ്ചെറിയയും സമ്മതിക്കുന്നു. എന്നാൽ ചെറിയ വേദോപദേശത്തിൽ വിസ്തരിച്ചു എഴുതാതെ ചുരുക്കമായി എഴുതിട്ടുള്ളതു് കുട്ടികളെ വിഗ്രഹാരാധനക്കാരാക്കാൻ ചെയ്തിട്ടുള്ള സൂത്രമാണെന്നാണു് മി. കുഞ്ചെറിയയുടെ വാദം. പതിനാറുവാക്യങ്ങളായി വേദപുസ്തകത്തിൽ കാണുന്ന കല്പനകൾ, ഒന്നാമത്തു കല്പന, രണ്ടാമത്തു കല്പന, ഇപ്രകാരം നമ്പർ ഇട്ടു കാണുന്നില്ല. അതിനാൽ ഇത്ര വാക്കുകളോ വാചകങ്ങളോ കൂടുന്നതാണു് ഒരു കല്പനയെന്നു് ആരാണു് നിശ്ചയിച്ചിരിക്കുന്നതു? വാക്കുകളുടെ എണ്ണമോ വാചകങ്ങളുടെ എണ്ണമോ അല്ല കല്പനകളുടെ എണ്ണം നിശ്ചയിക്കുന്നതു്. സംഗതികളുടെ കാര്യകാരണസംബന്ധം അനുസരിച്ചു് വേദശാസ്ത്രപണ്ഡിതന്മാർ തരംതിരിച്ചു് പത്തായി ഭാഗിച്ചിരിക്കുന്നു. "നിന്റെ ദൈവമായ കർത്താവു ഞാനാകുന്നു. ഞാനല്ലാതെ അന്യദൈവങ്ങൾ നിനക്കുണ്ടാകരുതു്." ഇത്രയും ഒന്നാമത്തു കല്പനയാണെന്നു് ഇരുകൂട്ടരും സമ്മതിക്കുന്നു. "മേൽ ആകാശത്തിൽ എങ്കിലും താഴെ ഭൂമിയിൽ എങ്കിലും.........", എന്നുള്ള ഭാഗങ്ങൾ അന്യദൈവങ്ങളെ സംബന്ധിച്ചുള്ള ഒന്നാമത്തു കല്പനയിലെ രണ്ടാമത്തു ഭാഗത്തെ കുറിച്ചിട്ടുള്ള വിശദീകരണമാണെന്നു കത്തോലിക്കർ വിവക്ഷിക്കുന്നു. രണ്ടാമത്തു കല്പനയായിട്ടല്ല.

"അന്യന്റെ ഭാര്യയെ അപഹരിക്കരുതു്, അന്യന്റെ വസ്തുവകകൾ മുതലായതു് അപഹരിക്കരുതു്" ഇത്രയും പത്താമത്തുകല്പനയായി പ്രോട്ടസ്റ്റന്റുകാർ പറയുന്നു. ഭാര്യയും, വസ്തുവകകളും ഒരേപ്രകാരമുള്ളതല്ല. അതിനാൽ ഭാര്യയെ അപഹരിക്കരുതെന്നുള്ളതു് ഒരു കല്പനയായും അന്യന്റെ വസ്തുവകകളെ അപഹരിക്കരുതെന്നുള്ളതു് മറെറാരു കല്പനയായും കത്തോലിക്കർ പറയുന്നു. ഒരുത്തന്റെ ഭാര്യ, കന്നുകാലികളും വസ്തുവകകളുംപോലെയുള്ളതല്ലെന്നും കാര്യത്തിൽ പ്രത്യേകഗൗരവം ഭാര്യയെസംബന്ധിച്ചിടത്തോളം ഉണ്ടെന്നും സാധാരണക്കാർക്കുപോലും മനസ്സിലാക്കാവുന്നതാകുന്നു. കുട്ടികളെ വേദോപദേശം പഠിപ്പിക്കുന്നതിനുള്ള കൂടുതൽ സൗകര്യത്തിനായി 16 വാക്യങ്ങളിൽനിന്നും കല്പനകളിലെ പ്രധാന സംഗതികൾമാത്രം എടുത്തു ചുരുക്കമായി എഴുതിട്ടുള്ളതാണു് വേദോപദേശസംഗ്രഹം എന്ന ചെറുപുസ്തകം. വേദപുസ്തകത്തിൽ മുഴുവൻ വാക്യങ്ങളും ഉള്ളതിനാൽ കുട്ടികൾ പ്രായമാകുമ്പോൾ ആയതു നോക്കി ഗ്രഹിക്കുകയും ചെയ്യും. വേദപുസ്തകത്തിൽനിന്നും ഈ ഭാഗം മാററിയിരുന്നു എങ്കിൽ ഒരു കല്പന വിഴുങ്ങിക്കളഞ്ഞു എന്നുള്ള അപവാദത്തിനു വില കല്പിക്കാമായിരുന്നു. അതിനാൽ കഴമ്പില്ലാത്ത ആരോപണങ്ങൾകൊണ്ടു സാധുക്കളെ വഞ്ചിക്കാമെന്നല്ലാതെ വിദ്വൽവിപണിയിൽ അവ വിലപ്പോകുകയില്ലെന്നു "പ്രകാശിനി" കർത്താവു് ധരിച്ചാലും. പത്തു കല്പനകളെ വേദപുസ്തകത്തിൽ ഒന്നാമത്തുകല്പന, 2-ാമത്തുകല്പന എന്നു് നമ്പർ ഇട്ടു ഭാഗിച്ചിട്ടില്ലാത്തതിനാൽ കത്തോലിക്കർ കല്പനയെ ഭാഗിച്ചിരിക്കുന്നതു തെററാണെന്നു പറയുവാൻ ന്യായം ഇല്ല.

അടുത്തതായി നമ്മുടെ ചിന്തയ്ക്കു വിഷയമാക്കേണ്ട ചില സംഗതികൾകൂടി പ്രതിപാദിക്കാം. "മേൽ ആകാശത്തിലും താഴെ ഭൂമിയിലും ഭൂമിക്കുകീഴെ വെള്ളത്തിലുമുള്ള യാതൊന്നിന്റെയും പ്രതിമയോ സാദൃശ്യമോ ഉണ്ടാക്കയോ അവയെ കുമ്പിടുകയോ വന്ദിക്കയോ ചെയ്യരുതു്" എന്നു കല്പിച്ചിരിക്കുന്ന യഹോവയായ ദൈവംതന്നെ, പുറപ്പാടു് പുസ്തകം 25-ാം അദ്ധ്യായത്തിൽ (കല്പനകൾ കൊടുത്തതിന്റെ ശേഷം) "അടിക്കപ്പെട്ട സ്വർണ്ണംകൊണ്ടു് രണ്ടു കെരൂബുകളെ ഉണ്ടാക്കി കൃപാസനത്തിന്റെ ഓരോ വശത്തു വയ്ക്കണം", സംഖ്യാപുസ്തകം 21-ാം അദ്ധ്യായത്തിൽ പിച്ചളകൊണ്ടുള്ള ഒരു സർപ്പത്തെ ഉണ്ടാക്കി അഗ്നിസർപ്പങ്ങളാൽ കടിക്കപ്പെടുന്നവരെല്ലാം അതിന്മേൽ നോക്കിയാൽ ജീവിക്കത്തക്കവണ്ണം അതിനെ ഒരു സ്തംഭം ആയി നാട്ടുക" ഇപ്രകാരം മോശയോടു കല്പിച്ചുകാണുന്നു. യാതൊന്നിന്റെയും പ്രതിമയോ സാദൃശ്യമോ ഉണ്ടാക്കാൻ പാടില്ലെന്നു കല്പിച്ച ദൈവം ആകാശത്തിലുള്ള വെരൂബുകളുടേയും കരയിലും വെള്ളത്തിലും വസിക്കുന്ന സർപ്പത്തിന്റെയും പ്രതിമകൾ ഉണ്ടാക്കാൻ കല്പിക്കുന്നു. അതിനാൽ ദൈവമായി സങ്കല്പിച്ചു ആരാധിക്കുവാൻ അതായതു് ദൈവത്തിനുമാത്രം അവകാശപ്പെടുന്ന ആരാധന മററു സൃഷ്ടികൾക്കു ചെയ്യുന്നതിനായി യാതൊരു പ്രതിമയോ സാദൃശ്യമോ ഉണ്ടാക്കരുതെന്നാണു ദൈവം കല്പിച്ചിരിക്കുന്നതു് എന്നു സ്പഷ്ടമാണു്. മററുവിധത്തിൽ ആയിരുന്നെങ്കിൽ - പരിഷ്കൃതലോകത്തിനു ലഭ്യമായിക്കൊണ്ടിരിക്കുന്ന ചിത്രമെഴുത്തു്, കൊത്തുപണി മുതലായ സുകുമാരകലകൾ ലോകത്തിനു ദൃശ്യമാകാതെ നഷ്ടപ്പെട്ടുമായിരുന്നു. കൂടാതെ പ്രോട്ടസ്റ്റന്റുകാർ വ്യാഖ്യാനിക്കുന്നതുപോലെയാണു് രണ്ടാമത്തു കല്പനയെ സംബന്ധിച്ചു ദൈവം ഉദ്ദേശിച്ചിരിക്കുന്നതെങ്കിൽ നാം എല്ലാവരും കല്പനലംഘനക്കാരും തന്നിമിത്തം നരകത്തിനു് അവകാശികളുമാണെന്നു സമ്മതിക്കേണ്ടിവരും.

സാമാന്യം ദീർഘമായ ഈ ലേഖനത്തിൽ, കത്തോലിക്കർ പ്രതിമകളെ ആരാധിക്കുന്നില്ലെന്നും ആരാധന ദൈവത്തിനുമാത്രമുള്ളതാണെന്നും പ്രതിമകളെ ബഹുമാനിക്കയും വണങ്ങുകയും മാത്രമെ ചെയ്യുന്നുള്ളു എന്നും തെളിയിച്ചിട്ടുണ്ടു്. മററു പുരാതനസഭകളും പ്രതിമകളെ ബഹുമാനിക്കയും വണങ്ങുകയും ധൂമിക്കയും ചെയ്യുന്നുണ്ടെന്നും നമുക്കു കാണുവാൻ കഴിഞ്ഞു. പ്രോട്ടസ്റ്റന്റുകാരുടേയും നവീകരണക്കാരുടേയും പള്ളികളിലും വീടുകളിലും പ്രതിമകൾ സ്ഥലംപിടിച്ചിട്ടുണ്ടുതാനും. കത്തോലിക്കാ വേദപുസ്തകത്തിലും പ്രോട്ടസ്റ്റന്റു വേദപുസ്തകത്തിലും കല്പനകളെ സംബന്ധിച്ച മുഴുവൻ വാക്യങ്ങളും ഉള്ളതിനാൽ കത്തോലിക്കർ കല്പന മാററി എന്നു പറയുന്നതു് അസത്യമാണെന്നും കാണാം.

"സത്യപ്രകാശിനിയുടെ കർത്താവായ മാന്യസ്നേഹിതാ! ശേഷിച്ചിട്ടുള്ള അ

(ശേഷം 10-ാം പേജിൽ)

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam